പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 61 ലക്കം 6 സെപ്തംബർ 2021

ജനകീയാസൂത്രണം ലോകശ്രദ്ധ നേടിയ കേരളവികസന മാതൃക

മുഖ്യമന്ത്രി

പ്രാദേശികാസൂത്രണം: ജനപങ്കാളിത്തം അനിവാര്യം

പാലോളി മുഹമ്മദ് കുട്ടി

നീർത്തടാധിഷ്ഠിത വികസനം ഒരാമുഖം

ഡോ. വി. സുഭാഷ് ചന്ദ്രബോസ്

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
സെപ്റ്റംബർ 2021

അകത്ത്

ജനാധികാരത്തിന് 25 വയസ്സ് 5

ജനകീയാസൂത്രണം
ലോകശ്രദ്ധ നേടിയ കേരള വികസനമാതൃക 8

പ്രാദേശികാസൂത്രണത്തിൽ
ജനപങ്കാളിത്തം അനിവാര്യം 12

GPDP- യും വികേന്ദ്രീകൃതാസൂത്രണത്തിലെ
കേന്ദ്രീകൃത ഇടപെടലുകളും
ഹുസൈൻ എം. മിന്നത്ത് 14

രജതജൂബിലി നിറവിൽ
ജനകീയപ്രസ്ഥാനം
ഗോപകുമാർ എം. 18

നീർത്തടാധിഷ്ഠിത വികസനം ഒരാമുഖം
ഡോ. വി. സുഭാഷ് ചന്ദ്രബോസ് 22

കുളവെട്ടി മരങ്ങൾക്ക്
ആവാസവ്യവസ്ഥയൊരുക്കി
എളവള്ളി ഗ്രാമപഞ്ചായത്ത്
ആൽഫ്രെഡ് എം.കെ. 28

പുതിയകാലം പുതിയരീതി
പുതിയ സമീപനം
രാജീവ് പെരുമൺപുറ 30

ശുചിത്വ - മാലിന്യസംസ്കരണം
തദ്ദേശസ്ഥാപനങ്ങൾ ഇനി ശ്രദ്ധിക്കേണ്ടത്
രേഷ്മ ചന്ദ്രൻ 35

പിടിയരിച്ചിട്ടിയും കെട്ടുതെങ്ങും
അടുക്കളമുറ്റത്തെ ബാങ്കിംഗ്
മുരളീധരൻ തഴക്കര 41

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34

എന്റെ മലയാളം 39

ഊരും പേരും -15 40

എന്ന് വായനക്കാർ 42

സെപ്റ്റംബർ 2021
പുസ്തകം 61 ലക്കം 6
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ബു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

പദ്ധതികളുടെ വിജയത്തിനായി നമുക്ക് കൈകോർക്കാം

ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾ ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി സിറ്റിസൺ പോർട്ടൽ സംസ്ഥാന സർക്കാർ നൂറ്റദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കിയിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളിലെ ഭരണനിർവഹണ നടപടികളും സേവനങ്ങളും സുതാര്യവും സുഗമവുമാക്കി പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം നിലവിൽ 303 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച് പ്രവർത്തിച്ചുവരുന്നു. ഫലത്തിൽ പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സാധാരണ പൗരന് സേവനങ്ങൾക്കുവേണ്ടി ഓൺലൈനായി അപേക്ഷ നൽകുവാനുള്ള അവസരം ഉണ്ടായിരിക്കുന്നു. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റാൻ നമുക്ക് ബാധ്യതയുണ്ട്. സാധാരണ പൗരന് യഥാസമയം സേവനം ലഭിക്കുന്നുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

ഓരോ തദ്ദേശഭരണ സ്ഥാപനവും 1000 ജനസംഖ്യയിൽ അഞ്ചുപേർക്ക് എന്ന രീതിയിൽ തൊഴിലും വരുമാനവും ഉറപ്പാക്കണമെന്നതും സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. സർക്കാരിന്റെ ഈ ഉദ്യമം വിജയിപ്പിക്കുന്നതിനായി പ്രാദേശികമായ സാധ്യതകളും അവസരങ്ങളും മനസ്സിലാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ യുക്തമായ രീതിയിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളണം. തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുന്ന തരത്തിലുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കണം. ഇപ്രകാരമുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനായി പ്രദേശത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തി സമിതികൾ രൂപീകരിക്കാം. കുടുംബശ്രീ സംവിധാനത്തെ സമകാലികമാക്കുകയും വേണം. ആവശ്യമെങ്കിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ ഒരുമിച്ച് ചേർന്നോ രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകൾ ചേർന്നോ സംയോജിത പദ്ധതികൾക്ക് രൂപം നൽകാം.

സാമ്പത്തിക വർഷത്തിന്റെ ഒന്നാം പകുതി കഴിഞ്ഞിരിക്കുന്നു. പദ്ധതിച്ചെലവ് ഇപ്പോഴും 20 ശതമാനത്തിൽ താഴെയാണ്. ഈ സാഹചര്യത്തിൽ പദ്ധതിപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. പദ്ധതിനിർവഹണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. എത്രയുംവേഗം നിർവഹണപ്രവർത്തനങ്ങൾ ആരംഭിക്കണം. ഈ വർഷത്തിന്റെ അവസാനത്തോടെ പദ്ധതിനിർവഹണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിരൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വേണം. മാലിന്യസംസ്കരണം മുഖ്യഅജണ്ടയായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുണ്ടെങ്കിലും കുറെ സ്ഥാപനങ്ങളെങ്കിലും ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് അനിവാര്യം വേണ്ട സംവിധാനങ്ങൾ എത്രയും വേഗം കാലികമാക്കണം. മഹാപ്രളയത്തെയും കൊവിഡ് മഹാമാരിയെയും പ്രതിരോധിച്ച ഊർജ്ജസ്വലതയോടെ ഈ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി നമുക്ക് സർക്കാരിനൊപ്പം കൈകോർക്കാം.

എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

> “മതങ്ങൾ അന്യോന്യം വേർതിരിക്കാനല്ല,
> മറിച്ച് കൂട്ടിയിണക്കാനാണ്.”
> **മഹാത്മാഗാന്ധി**

ജനാധികാരത്തിന് 25 വയസ്സ്

നമ്മൾ ചേർന്നെഴുതിയ 25 സുവർണ്ണ വർഷങ്ങൾ, പിന്നിട്ട വർഷങ്ങളിൽ മുൻപോട്ട് വച്ച പദ്ധതികളിൽ എല്ലാം വിജയം നൽകിയത് കൂട്ടായ പ്രവർത്തനവും ഒത്തൊരുമയും ഒന്ന് മാത്രമാണ്

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ഓഗസ്റ്റ് 17 (ചിങ്ങം 1) ചൊവ്വാഴ്ച തിരുവനന്തപുരം ഗോർക്കിഭവനിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. യോഗത്തിൽ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സ്വാഗതം ആശംസിച്ചു. ജനകീയാസൂത്രണ രജത ജൂബിലി പുസ്തകപരമ്പരയിലുൾപ്പെട്ടതും പ്രൊഫ. എം.എ. ഉമ്മൻ, പ്രൊഫ. മഞ്ജുളാ ഭാരതി എന്നിവർ എഴുതിയതുമായ രണ്ട് പുസ്തകങ്ങൾ നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് പ്രകാശനം ചെയ്തു.

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു, മുൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, മുൻ ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ, പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി, കെ. സുരേന്ദ്രൻ, മുൻ പ്ലാനിംഗ് ബോർഡ് അംഗം സി.പി. ജോൺ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ നന്ദി പ്രകാശിപ്പിച്ചു. മറ്റു മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സന്നിഹിതരായിരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ ഓൺലൈനായി യോഗത്തിൽ പങ്കാളികളായി. തദ്ദേശഭരണസ്ഥാപനതലത്തിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ വിവിധ പരിപാടികളോടെ വിപുലമായി സംഘടിപ്പിക്കുകയുണ്ടായി.

ജനകീയാസൂത്രണം രജത ജൂബിലി ആഘോഷപരിപാടികളിൽ നിന്ന്...

ജില്ലാ പഞ്ചായത്ത്, പാലക്കാട്

തെക്കുംകര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

കതിരൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം

പറപ്പൂക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

വടവുകോട് പുത്തൻകരിശ് ഗ്രാമപഞ്ചായത്ത്, എറണാകുളം

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

തീക്കോയ് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല

കൊടുമ്പ് ഗ്രാമപഞ്ചായത്ത്, പാലക്കാട്

കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

അരുവിക്കര ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

വരവൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ജനകീയാസൂത്രണം

ലോകശ്രദ്ധ നേടിയ കേരള വികസനമാതൃക

2021 ആഗസ്റ്റ് 17-ന് തിരുവനന്തപുരത്ത് വച്ചുനടന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രസംഗം

ലോകമാകെ ശ്രദ്ധിച്ച കേരളത്തിന്റെ വികസന മാതൃകയായിരുന്നു ജനകീയാസൂത്രണം. ആ ജനകീയാസൂത്രണപ്രസ്ഥാനം രജതജൂബിലി നിറവിൽ മിഴിവോടെ നിൽക്കുകയാണ്. വികസന കാര്യങ്ങളിൽ താൽപ്പര്യമുള്ള നമ്മുടെ നാട്ടിലെ ജനങ്ങളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കിക്കൊണ്ട് വികസനം സർവ്വതലസ്പർശിയാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതായിരുന്നു വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ.

ഓരോ അഞ്ചുവർഷത്തിലും വോട്ട് ചെയ്ത് സർക്കാരിനെ തിരഞ്ഞെടുക്കുന്നുവെന്നതു കൊണ്ടു മാത്രം ജനാധിപത്യം അർത്ഥപൂർണ്ണമാവുന്നില്ല. അധികാരത്തിന്റെ പ്രയോഗത്തിൽ ജനങ്ങൾക്ക് ഇടപെടാൻ കഴിയണം. ജനങ്ങളുടെ പങ്കാളിത്തവും മുൻകൈയും ഉറപ്പാകണം. ആ ലക്ഷ്യത്തിലേക്കുള്ള ഉജ്ജ്വലമായ തുടക്കമായിരുന്നു ജനകീയാസൂത്രണത്തിന്റേത്. അധികാരവികേന്ദ്രീകരണത്തിന്റെ ഈ കേരളമാതൃക നമ്മുടെ രാജ്യത്ത് വേറിട്ടു നിൽക്കുന്ന ഒന്നാണ്.

1957-ൽ കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് അധികാരത്തിൽ വന്നതു മുതൽ ജില്ലാതലത്തിലും പ്രാദേശികതലത്തിലുമുള്ള ഭരണ സംവിധാനങ്ങൾക്ക് അധികാരം കൈമാറുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഇടതുപക്ഷ ഗവൺമെന്റുകൾക്കു കഴിഞ്ഞിട്ടുണ്ട്. 1957-ലെ ഭരണപരിഷ്കാര കമ്മിഷൻ റിപ്പോർട്ടും അതിന്റെ തുടർച്ചയായി തയ്യാറാക്കിയ ഡിസ്ട്രിക്ട് ബോർഡ് ബില്ലും 1991-ൽ നിലവിൽവന്ന ജില്ലാകൗൺസിലുകളുമെല്ലാം ഇതിലെ നാഴികക്കല്ലുകളാണ്.

1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വികസന മുൻഗണനകളിൽ പ്രധാനപ്പെട്ടതായിരുന്നു ജനകീയ അധികാരവികേന്ദ്രീകരണം. സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്ന്

സമ്പൂർണ്ണ ആസൂത്രണാധികാരത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള രാഷ്ട്രീയ തീരുമാനം ചരിത്രപരമായ പ്രാധാന്യമുള്ള ഒന്നായി മാറുകയായിരുന്നു. സെൻകമ്മിറ്റിയുടെയും, സംസ്ഥാന ധനകാര്യകമ്മീഷന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ 1999-ലും തുടർന്ന് 2000-ലും പാസ്സാക്കിയ ഭേദഗതിനിയമങ്ങൾ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ള പ്രാദേശികാസൂത്രണത്തിന് നിയമപരമായ ചട്ടക്കൂടൊരുക്കി. വികസനപദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനകീയതാൽപ്പര്യം ഉറപ്പുവരുത്തിയ ജനകീയ പദ്ധതിയായി ഒമ്പതാം പഞ്ചവൽസര പദ്ധതി മാറി.

ഭരണഘടനാ ഭേദഗതി നിയമങ്ങളുടെ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിനാണ് ജനകീയാസൂത്രണത്തിലൂടെ തീരുമാനമെടുത്തത്. അത് കേവലം ഭരണാധികാരങ്ങൾ കൈമാറുന്ന ഒന്നായി മാത്രം ഒതുങ്ങിനിന്നില്ല. സാമ്പത്തിക അധികാരങ്ങളും ഫണ്ടും കൂടി കൈമാറുന്ന സ്ഥിതിവന്നു. അതുകൊണ്ടാണ് ഗ്രാമതലങ്ങളിൽ വരെ പ്രകടമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞത്.

ഒമ്പതാംപദ്ധതി ജനകീയപദ്ധതി എന്ന ജനകീയാസൂത്രണത്തിന്റെ സമീപനരേഖ 1996 ജൂലൈയിൽ ഔപചാരികമായി കേരള സർക്കാർ അംഗീകരിച്ചു. മാർഗ്ഗനിർദ്ദേശം നൽകിയത് ഇ.എം.എസ്. ചെയർമാനായ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയാണ്. തദ്ദേശഭരണ വകുപ്പ് മന്ത്രിയായിരുന്ന പാലോളി മുഹമ്മദ് കുട്ടിയായിരുന്നു സമിതിയുടെ കൺവീനർ. ഈ സമിതിയുടെ പ്രഥമയോഗം 1996 ആഗസ്റ്റ് 17-ന് തിരുവനന്തപുരത്ത് ചേരുകയും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാർ നിർവ്വഹിക്കുകയും ചെയ്തു.

ആദ്യഘട്ടത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രധാന വെല്ലുവിളി മുൻ അനുഭവങ്ങളുടെ അഭാവമായിരുന്നു. ജനകീയാസൂത്രണകാലത്തെ ആദ്യവാർഷികപദ്ധതി തയ്യാറായത് ഒരു വർഷത്തിലേറെ നീണ്ടുനിന്ന തയ്യാറെടുപ്പുകൾക്കൊടുവിലാണ്. ആസൂത്രണ ഗ്രാമസഭ, വാർഡ് സഭ, കർമ്മസമിതികൾ, ജില്ലാആസൂത്രണസമിതി എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂട് ജനകീയാസൂത്രണത്തിന്റെ ഘടനാപരമായ അസ്തിവാരം ബലപ്പെടുത്തി. രാജ്യത്താദ്യമായി പദ്ധതിവിഹിതത്തിന്റെ 10 ശതമാനം സ്ത്രീകൾക്കുവേണ്ടി മാറ്റിവയ്ക്കാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായത് ഇതിന്റെ ഫലമായാണ്.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ ആരംഭിച്ചപ്പോൾ മുന്നോട്ടുവച്ച പ്രാദേശിക വികസനമെന്ന ലക്ഷ്യത്തിൽ നിന്നും കൂടുതൽ വിപുലമായി ചിന്തിക്കാനും ആസൂത്രണം നടത്താനും സാധിക്കുന്നവിധത്തിൽ നമ്മുടെ പ്രാദേശികസർക്കാരുകൾ വളർന്നിട്ടുണ്ട്. ആ ശാക്തീകരണത്തിന്റെ ഭാഗമായാണ് മഹാപ്രളയത്തെയും പ്രകൃതിക്ഷോഭങ്ങളെയും കൊവിഡ് മഹാമാരിയെയും പ്രതിരോധിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഏകോപനത്തിൽ പ്രാദേശികസർക്കാരുകൾക്ക് സാധിച്ചത്. കൊവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികളെ നേരിടുന്നതിലും ജനങ്ങളുടെ ആരോഗ്യസുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിലും പ്രശംസനീയമായ സംഭാവനകൾ നൽകുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങൾക്കായത് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ വളർത്തിയെടുത്ത ജനകീയ പിൻബലവും, അവരിൽ ജനങ്ങൾക്കുള്ള ഉയർന്ന വിശ്വാസവും മൂലമാണ്.

2016-ലെ എൽ.ഡി.എഫ്. സർക്കാർ പതിമൂന്നാംപദ്ധതിയിൽ പ്രാദേശിക വികസന കാഴ്ചപ്പാടുകളിൽ വരുത്തിയ മാറ്റത്തിലൂടെ ജനകീയാസൂത്രണത്തിന് പുതിയൊരു ദിശ കൈവരിക്കാനായി. പ്രാദേശികവികസന ലക്ഷ്യത്തിൽ നിന്നും സുസ്ഥിരവികസന ലക്ഷ്യത്തിലേക്കുള്ള കാൽവെപ്പായിരുന്നു അത്.

കേരള വികസന മാതൃകയുടെ രണ്ടാം ഘട്ടത്തിന് പതിമൂന്നാം പദ്ധതിയിൽ തുടക്കം കുറിച്ചു. 'നവകേരളത്തിന് ജനകീയാസൂത്രണം' എന്ന മുദ്രാവാക്യമാണ് കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവച്ചത്. ജനകീയാസൂത്രണ പദ്ധതികളുടെ സുപ്രധാന നേട്ടങ്ങളിൽ ഒന്ന് സാമൂഹ്യ പാർപ്പിടപദ്ധതിയുടേതാണ്. സ്വന്തമായി വീടില്ലാത്ത ഒരാൾപോലും സംസ്ഥാനത്തുണ്ടാകരുത് എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ലൈഫ് പാർപ്പിട പദ്ധതിയുടെ ഭാഗമായി മാത്രം രണ്ടരലക്ഷം വീടുകളാണ് പുതുതായി നിർമ്മിച്ചത്. ഈ പ്രവർത്തനം ഈ സർക്കാരിന്റെ കാലത്തും തുടർന്നുവരികയാണ്.

പ്രാദേശികവികസനത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ മറ്റൊരു മേഖലയാണ് ഗ്രാമീണ കുടിവെള്ള വിതരണം. ഏറെ താമസിയാതെ മുഴുവൻ വീടുകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളം മാറും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനപ്രദാന പ്രവർത്തനങ്ങളിലും ഓഫീസ് സംവിധാനം ആധുനികവത്കരിക്കുന്നതിലും ഇക്കാലയളവിൽ വലിയ നേട്ടങ്ങൾ കൈവരിക്കാനായി. അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ശ്രദ്ധേയമായ മറ്റൊരു നേട്ടം കുടുംബശ്രീയുടെ രൂപീകരണവും വളർച്ചയുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളോടൊപ്പം നിന്നുകൊണ്ട് സ്ത്രീശാക്തീകരണത്തിനും ദാരിദ്ര്യനിർമ്മാർജനത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഏറ്റവും വലിയ സ്വയംസഹായ ശൃംഖലയായി കുടുംബശ്രീ ഉയർന്നു. ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തിനു മാറാൻ കഴിഞ്ഞതിൽ അധികാരവികേന്ദ്രീകരണം സുപ്രധാന ഘടകമാണ്.

എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണത്തുടർച്ചയിൽ, പ്രാദേശിക സർക്കാരുകളുടെ വഴിത്താരകൾ കൃത്യമായി നിർണ്ണയിച്ചാണ് മുന്നോട്ടുപോവുന്നത്. ഏറ്റെടുക്കുന്ന പദ്ധതികളിലൂടെ ഗുണനിലവാരവും ഫലപ്രാപ്തിയും ഉറപ്പാക്കും. വികസന പ്രശ്നങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിശാലമായ കാഴ്ചപ്പാടിൽ നോക്കിക്കാണണം. നഗരവൽക്കരണം, മാലിന്യസംസ്കരണം, വയോജനസംരക്ഷണം, രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ, ദുരന്തനിവാരണം എന്നീ വിഷയങ്ങൾ പ്രാദേശികതലത്തിൽ തന്നെ ആസൂത്രണം ചെയ്ത് പരിഹരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. പ്രാദേശികസർക്കാരുകൾക്ക് കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം നൽകി അവരുടെ ഉത്തരവാദിത്തങ്ങളും ഇടപെടലുകളും വിപുലവും ഊർജ്ജസ്വലവുമാക്കണം.

പതിനാലാംപദ്ധതിയ്ക്ക് രൂപം നൽകുമ്പോൾ നേരത്തെ അഭിമുഖീകരിച്ച കുറവുകൾ പരിഹരിച്ച് ഗുണമേന്മയുള്ളതും സുസ്ഥിരവും സർവ്വതലസ്പർശിയുമായ പദ്ധതി രൂപീകരണവും നിർവ്വഹണവും ഉറപ്പുവരുത്തണം. ദാരിദ്ര്യത്തിലകപ്പെട്ടുപോയവരെ മോചിപ്പിക്കുന്നതും പുരോഗമനപരമായ മാറ്റങ്ങൾക്ക് പ്രാപ്തമാക്കുന്നതുമായ നൂതനമായ പരിപാടികളും പദ്ധതികളുമാണ് പ്രാദേശിക സർക്കാരുകൾ ആവിഷ്കരിക്കേണ്ടത്. തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങൾ ഗ്രാമ-നഗര പരിവർത്തനത്തിന്റെ കേന്ദ്രബിന്ദുക്കളായി മാറണം.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി സംയോജിത സമീപനം കൈക്കൊള്ളേണ്ടതുണ്ട്. ജില്ലയ്ക്കോ, സംസ്ഥാനത്തിനാകെ തന്നെയോ ഗുണം ലഭിക്കുന്ന സംയോജനസാധ്യതയുള്ള പദ്ധതികൾ കണ്ടെത്താൻ പ്രാദേശിക സർക്കാരുകൾ ശ്രമിക്കണം. ദീർഘകാല ലക്ഷ്യപ്രാപ്തിക്ക് വേണ്ടി പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുമ്പോൾ ആവശ്യമായ പിന്തുണ സർക്കാർ നൽകും. വ്യവസായം, കൃഷി, ഉൽപാദനം, ടൂറിസം തുടങ്ങിയ മേഖലകളിൽ അടിസ്ഥാനസൗകര്യ മികവിനും സംയോജനത്തിനും സാധ്യതയുള്ള പദ്ധതികളുമായി പ്രാദേശിക സർക്കാരുകൾ മുന്നോട്ടുവരണം. ഇതിനാവശ്യമായ പിന്തുണാ സംവിധാനം ജില്ലാആസൂത്രണസമിതികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകാനായി ജില്ലാ റിസോഴ്സ് സെന്ററുകളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

വിശാലമായ കാഴ്ചപ്പാടോടുകൂടി നഗരാസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്. പരിസ്ഥിതിയെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഇടപെടലാണ് നമുക്കാവശ്യം. മഹാപ്രളയവും കൊവിഡ് മഹാമാരിയുമൊക്കെ ഏതെങ്കിലും ഒരു പ്രദേശത്തെ മാത്രമല്ല ബാധിച്ചത്. ദുരന്തങ്ങൾ വിതയ്ക്കുന്ന നാശനഷ്ടങ്ങളുടെ കാഠിന്യം കുറയ്ക്കാൻ പ്രാദേശികമായ ഇടപെടലുകളിലൂടെ സാധിക്കും.

നമ്മുടെ തൊഴിൽശക്തിയുടെ ഒമ്പത് ശതമാനം പേർ തൊഴിൽരഹിതരാണ്. നമ്മുടെ ജനസംഖ്യയുടെ 52 ശതമാനം വനിതകൾ ആണ്. അവരുടെ തൊഴിൽസേനാ പങ്കാളിത്തനിരക്ക് 24.6 ശതമാനം മാത്രമാണ്. തൊഴിൽരഹിതരായ യുവജനങ്ങളും സംസ്ഥാനത്ത് ഏറെയുണ്ട്. വർഷാവർഷം തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിച്ചിറങ്ങിയ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വേറെയും. വളരെ വലിയ സംഖ്യയാണിത്. ഈ തൊഴിൽശക്തിയെ പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള പ്രാദേശിക സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്. കാർഷികമേഖല അടക്കമുള്ള ഉൽപാദന മേഖലകളിലും വ്യവസായ, സേവന മേഖലകളിലും സ്റ്റാർട്ടപ്പുകൾ മുഖേനയുമൊക്കെ തൊഴിൽ സൃഷ്ടിക്കാനാവും. പുതിയ സാധ്യതകൾ സൃഷ്ടിക്കുവാനുള്ള ശ്രമം ഉയർന്നുവരികയാണ്.

പ്രാദേശികമായി ലഭ്യമാവുന്ന ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ വ്യവസായ മേഖലയെ ഉപയോഗപ്പെടുത്തണം. ചെറുകിട, പരമ്പരാഗത, കുടിൽ-തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. മികച്ച പിന്തുണാ സംവിധാനങ്ങളിലൂടെ ഇത്തരം മേഖലകളെ ഊർജ്ജിതപ്പെടുത്താനാവും. സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കിയും, നടപടിക്രമങ്ങൾ ലളിതമാക്കിയും ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിലും, പദ്ധതി പ്രവർത്തനത്തിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ടു പോകുന്നത്.

ധനകാര്യവർഷം തുടങ്ങാറാവുമ്പോൾ തിടുക്കപ്പെട്ട് നടത്തേണ്ട പ്രക്രിയയായി ആസൂത്രണത്തെ കാണരുത്. വികസനം എങ്ങിനെയാവണം എന്നതു സംബന്ധിച്ച തുടരന്വേഷണങ്ങളും പഠനങ്ങളും സംവാദങ്ങളും ഉണ്ടാകണം. ഓരോ തദ്ദേശഭരണ പ്രദേശത്തും നാടിന്റെ വികസനത്തേയും പൊതുനന്മയേയും കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മ ഉണ്ടാവണം. ആ കൂട്ടായ്മ വികസിപ്പിക്കുമ്പോൾ എല്ലാ പൗരൻമാരും നാടിന്റെ ആസൂത്രകരായി മാറും. ഗ്രാമസഭകളിലെ ജനപങ്കാളിത്തക്കുറവാണ് ഗൗരവത്തോടെ കാണേണ്ട മറ്റൊരു സംഗതി. ജനകീയ സംവാദങ്ങളും തുടർച്ചയായ ഇടപെടലുകളും വളർത്തിയെടുക്കേണ്ടതുണ്ട്. അതിനായി രാഷ്ട്രീയ പാർട്ടികളും ബഹുജന പ്രസ്ഥാനങ്ങളും സമൂഹമാകെത്തന്നെയും മുൻകൈയെടുക്കേണ്ടതുണ്ട്.

പ്രാദേശികസർക്കാരുകൾക്ക് വിദഗ്ധരുടെയും വിദ്യാഭ്യാസ- ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം വേണ്ടത്ര ലഭിക്കുന്നില്ല എന്നത് ഒരു പരിമിതിയാണ്. സർക്കാർ വകുപ്പുകളിലെ സാങ്കേതിക വിദഗ്ധരുടെ സേവനം ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നുവരാറുണ്ട്. വിജ്ഞാനവും വൈദഗ്ധ്യവും പ്രാദേശിക വികസനപദ്ധതികളും തമ്മിലുള്ള വിടവ് ഉണ്ടാവാതിരിക്കാനുള്ള ആലോചനകൾ ഉണ്ടാവണം. അതിലൂടെ പ്രാദേശികസർക്കാരിനൊപ്പം വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾക്കും നേട്ടമുണ്ടാകുമെന്നത് കാണാതെ പോകരുത്. ജീവിതപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പഠനങ്ങളും ഗവേഷണങ്ങളും അറിവിന്റെ അടിത്തറ കൂടുതൽ വിപുലമാക്കും.

പൊതുസേവനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താനും കാലോചിതമായി പരിഷ്കരിച്ച് നിലവാരം വർദ്ധിപ്പിക്കാനും നാം ശ്രമിക്കുന്നുണ്ട്. പക്ഷെ നാം വിഭാവനം ചെയ്യുന്ന നിലയിൽ ജനങ്ങൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. സ്വകാര്യ മേഖലയെ ആശ്രയിക്കാൻ ജനങ്ങൾ നിർബന്ധിതരാവുന്നതും ഇതിനാലാണ്. ലക്ഷ്യം വാക്കുകളിൽ മാത്രം പോര. അനുഭവത്തിൽകൂടി വേണം.

പൊതുസ്ഥാപനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ ഉറപ്പാക്കുന്നതിലൂടെ നവോത്ഥാനമൂല്യങ്ങളും മതനിരപേക്ഷതയും സാമൂഹ്യനീതിയും സംരക്ഷിക്കാനാവും. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളും മിഷനുകളും പ്രാദേശികസർക്കാരുകൾക്ക് കരുത്ത് പകരേണ്ടതാണ്. വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഏകോപിപ്പിക്കുകയും സംയോജിപ്പിക്കുകയും വേണം. ഹരിതകേരളത്തെ പിന്തുണക്കാനുള്ള ഉത്തരവാദിത്തം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമുണ്ട്. ലൈഫ് ഭവനങ്ങൾക്കായി സർക്കാരിനെ സമീപിക്കുന്നവർ ഇനിയുമുണ്ട്. കൂടുതൽ സ്പോൺസർഷിപ്പ് ഇതിനായി സമാഹരിക്കേണ്ടതുണ്ട്. മിഷനുകളുടെ പ്രവർത്തനങ്ങൾ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തും. കഴിഞ്ഞകാലങ്ങളിൽ നിരീക്ഷണ സംവിധാനത്തിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കുകയും ചെയ്യും.

ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടം മുതൽ ആവർത്തിച്ച് പറയുന്നതാണ് നീർത്തടാധിഷ്ഠിത ആസൂത്രണമെന്നത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നീർത്തടപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മിക്കവയിലും നീർത്തടവികസന റിപ്പോർട്ടുകൾ നിലവിലുണ്ട്. അവ കാലികമാക്കുന്നതിനൊപ്പം റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ തയ്യാറാക്കുകയും വേണം.

നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പലതും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിയവയാണ്. എന്നാൽ അവിടങ്ങളിലെ സേവനങ്ങൾ മികച്ചതാണോ എന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റിംഗ് ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വേളയിൽ അർത്ഥവത്താണ്. ഓരോ മേഖലയ്ക്കും ഗുണമേന്മാസൂചികകൾ നിജപ്പെടുത്തുകയും വേണം. ആ നിലയ്ക്ക് ഒരു ഗുണമേന്മാ

പരിശോധന ആലോചനയിലുണ്ട്.

ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. പുതിയ അറിവുകളും സാങ്കേതിക വിദ്യാപ്രയോഗങ്ങളും നാടിന്റെ വികസന പ്രശ്നങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ മറ്റാരേക്കാളും അവർക്ക് കഴിയും. ഗ്രാമസഭകൾ മുതൽക്കിങ്ങോട്ട് യുവജനപങ്കാളിത്തം ഉറപ്പിക്കാനുള്ള ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാവണം. നവമാധ്യമങ്ങളുടെ സാധ്യതയും പരമാവധി ഉപയോഗപ്പെടുത്തണം. വീടുകളിൽ ഇരുന്നുതന്നെ സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നത് മികച്ച പ്രതികരണമാണ് ഉണ്ടാക്കുക.

സംസ്ഥാനം സാമൂഹികമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് സുസ്ഥിരവികസനത്തിന്റെ പാതയിലേക്ക് കുതിക്കേണ്ട പദ്ധതികൾക്കാണ് പതിനാലാംപദ്ധതിയിൽ ഊന്നൽ നൽകേണ്ടത്. സംയോജിതവികസന പ്രോജക്റ്റുകൾ നടപ്പിലാക്കാൻ സാധിക്കണം. ഭരണസംവിധാനത്തെ കൂടുതൽ ജനകീയവും കാര്യക്ഷമവും ഗുണപരവുമാക്കി മാറ്റുന്നതിന് ഊന്നൽ നൽകി മുന്നോട്ടുപോകണം. പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചുകൊണ്ട് കൂടുതൽ ചെറുകിടസംരംഭങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കാനുതകുന്ന ഉൽപ്പാദനമേഖലകൾ വളർത്തിയെടുക്കേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യകൾ ബോധപൂർവം ഉപയോഗപ്പെടുത്തണം. സ്ഥലപരമായ ആസൂത്രണത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്.

കൂടുതൽ സംരംഭകർ വരുമ്പോൾ ആകർഷകമായ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. സാങ്കേതികത്തികവോടുകൂടിയ വിവര-വിതരണ ശൃംഖലകൾ തീർക്കണം. അത് കാലികമായി നവീകരിക്കുകയും വേണം. നിയമങ്ങൾ വ്യവസ്ഥാപിതമാകുന്നതിനൊപ്പം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും നിയമസാക്ഷരത നൽകുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം. ജനങ്ങൾക്കുള്ള നിയമബോധവൽക്കരണവും ഇതിന് സമാന്തരമായി സംഘടിപ്പിക്കണം. സ്ത്രീപക്ഷവികസന പ്രക്രിയയെ മുഖ്യധാരയിലേക്ക് ഉയർത്തുവാനുള്ള ക്രിയാത്മകമായ നടപടികൾ ആവശ്യമാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളടക്കമുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ട് വികസനത്തെ അഭിമുഖീകരിക്കാൻ പതിനാലാം പദ്ധതികാലത്ത് സാധിക്കണം. വികേന്ദ്രീകൃതാസൂത്രണത്തെ ഉൽപ്പാദനോന്മുഖമായി പുനരാവിഷ്കരിക്കണം.

പ്രളയത്തിന്റെ ദുരിതങ്ങളിൽ നിന്നും കരകയറും മുൻപ് കൊവിഡ് മഹാമാരിയാണ് നമ്മെ ആക്രമിച്ചത്. അത് സൃഷ്ടിച്ച സാമ്പത്തിക, സാമൂഹിക, മാനുഷിക പ്രതിസന്ധികൾ, മനുഷ്യജീവനും, ജീവനോപാധികളും, തൊഴിലും, തൊഴിൽ സംരംഭങ്ങളും എന്തിനേറെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് തന്നെ ഉലച്ചു. വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകവരെ കൊവിഡ് പ്രതിരോധ, അതിജീവന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ട സ്ഥിതിവന്നു. ലക്ഷക്കണക്കിന് പ്രവാസികളുടെ മടങ്ങിവരവും തൊഴിലില്ലായ്മയും പ്രാദേശികസർക്കാരുകൾക്ക് മാത്രമല്ല, സംസ്ഥാന സർക്കാരിനും ഉയർത്തിയ വെല്ലുവിളി ചെറുതല്ല.

കൊവിഡ് അതിജീവനത്തിന്റെ ഭാഗമായി ഇനിയും നൂതനമായ ആശയങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതായുണ്ട്. ആഗോളതലത്തിൽ കൊവിഡ് മഹാമാരിയെ നേരിടാൻ പല തന്ത്രങ്ങളും പ്രയോഗിച്ചെങ്കിലും പ്രാദേശികമായി നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളാണ് വിജയം കണ്ടത്. കേരളം പ്രാദേശിക സർക്കാരുകളെ മുൻനിർത്തി നടത്തിയ പ്രവർത്തനങ്ങൾ ലോകം ചർച്ച ചെയ്തു. പ്രാദേശിക സമ്പദ്ക്രമം ആഗോളതലത്തിൽ ചർച്ചയായി മാറി. കൊവിഡിന്റെ ആഘാതത്തെ അതിജീവിക്കാനും ഉപജീവനമാർഗങ്ങൾ പുനരുജ്ജീവിപ്പിക്കാനും സമ്പദ്‌വ്യവസ്ഥയെ ഉണർത്താനുമുള്ള ഇടപെടലുകൾ പ്രാദേശികതലത്തിൽ സംഘടിപ്പിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലുള്ള വലിയൊരു ദൗത്യമാണ്.

1957-ൽ കേരളത്തിൽ അധികാരത്തിലെത്തിയ ഇ.എം.എസ്. സർക്കാരിന് ഭൂവിതരണവും വിദ്യാഭ്യാസവും അടക്കമുള്ള മേഖലകളിൽ തുല്യത കൊണ്ടുവരുന്നതിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായാണ് ജനകീയാസൂത്രണമടക്കമുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടത്. നമുക്ക് ഇനിയും മുന്നേറാനുണ്ട്. ആ മുന്നേറ്റത്തിൽ കരുത്തു പകരുക ജനാധിപത്യ ബദലുകളാണ്. ആ ബദൽ പരിപ്രേക്ഷ്യത്തിന്റെ രൂപീകരണത്തിനുള്ള വേദി കൂടിയാണ് ഈ രജത ജൂബിലി ആഘോഷം. ആ നിലയ്ക്കുള്ള ചർച്ചകളും നിർദ്ദേശങ്ങളും ഉയർന്നുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നവകേരള സൃഷ്ടിക്ക് ഇത് കൂടുതൽ കരുത്ത് പകരും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

□

പ്രാദേശികാസൂത്രണത്തിൽ ജനപങ്കാളിത്തം അനിവാര്യം

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷ പരിപാടികളുടെ ഉദ്ഘാടന ചടങ്ങിന് ആശംസകൾ അർപ്പിച്ചുകൊണ്ട് മുൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പാലോളി മുഹമ്മദ്കുട്ടി നടത്തിയ പ്രസംഗം

നമ്മുടെ രാജ്യത്തെ ചരിത്രം പരിശോധിച്ചാൽ മുൻ കാലങ്ങളിൽ ഗവൺമെന്റ് പദ്ധതികൾ തീരുമാനിക്കുന്ന ഉദ്യോഗസ്ഥർ നടപ്പാക്കുന്ന എന്നതായിരുന്നു പതിവ്. പദ്ധതികളുടെ ഗുണഭോക്താക്കളായ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആ പദ്ധതിയെക്കുറിച്ച് അഭിപ്രായം പറയാനോ പദ്ധതിയുടെ ആവശ്യകത അവരുടെ ജീവിതസാഹചര്യങ്ങൾ വച്ചുകൊണ്ട് അഭിപ്രായം പറഞ്ഞു മാറ്റാനോ നിർവാഹമുണ്ടായിരുന്നില്ല. നേരെമറിച്ച് ജനകീയാസൂത്രണത്തിൽ പദ്ധതിരൂപീകരണ വേളയിൽ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ കേൾക്കാനും പദ്ധതിയുടെ നിർവഹണഘട്ടത്തിൽ വലിയതോതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനുമുള്ള അവസരം നൽകുകയും ചെയ്തു. അതുവരെ നിലവിലുണ്ടായിരുന്ന സംവിധാനത്തിൽ വന്ന ഒരു പ്രധാനപ്പെട്ട മാറ്റമായിരുന്നു ഇത്.

1997 കാലഘട്ടത്തിലായിരുന്നു ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ചത്. എന്നാൽ അതിനുമുമ്പുതന്നെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഇ.എം. എസ്. ഗവൺമെന്റ് ചർച്ചചെയ്തിരുന്ന എന്നതാണ് ശ്രദ്ധേയമായ കാര്യം. ആ മഹാനായ ഇ.എം.എസിന്റെ നേതൃത്വത്തിലാണ് ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചത്. ഓരോ ഘട്ടങ്ങളിലും അതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു നിർദ്ദേശം തരാനും ഓരോ ഘട്ടങ്ങളിലുമുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ട് നേതൃത്വപരമായ പങ്കു വഹിച്ചിട്ടുള്ള ആളായിരുന്ന അദ്ദേഹം. അതുപോലെ തന്നെ പ്ലാനിംഗ് ബോർഡ് അംഗങ്ങളായിരുന്ന ഡോ. തോമസ് ഐസക്കും ഇ.എം. ശ്രീധരനും, അവരുടെ നേതൃത്വത്തിൽ സർവീസ് രംഗത്തുള്ള ധാരാളം പേർ, സാമൂഹ്യ സാംസ്കാരിക രംഗത്തുള്ളവർ, രാഷ്ട്രീയ പ്രസ്ഥാനത്തിലുള്ള പ്രവർത്തകർ ഇവരെല്ലാം അടങ്ങുന്ന ഒരു വലിയ ജനകീയനിര എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളായിക്കൊണ്ട് നമുക്കിടയിലുണ്ടായിരുന്ന എന്നതാണ് ആവേശകരമായിട്ടുള്ള കാഴ്ച.

പദ്ധതിരൂപീകരണം നടക്കുന്ന ഗ്രാമസഭ, ആ വാർഡിൽ നടക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചും പദ്ധതികളെക്കുറിച്ചും ചർച്ചചെയ്തു. അവിടെ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ അടിസ്ഥാനപ്പെടുത്തി പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് നിർവഹണം ആരംഭിച്ചത്. പദ്ധതി പ്രാവർത്തികമാക്കുന്ന ഘട്ടത്തിൽ ജനങ്ങളുടെ വലിയതോതിലുള്ള സഹകരണം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കുണ്ടായി. ഇത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമായിരുന്നു. മുമ്പ് രാജ്യത്ത് നടന്നിട്ടുള്ള വികസനപ്രവർത്തനങ്ങൾ പരിശോധിച്ചാൽ ജനങ്ങളെ അതിൽ നിന്നെല്ലാം അകറ്റിനിർത്തപ്പെട്ടിരുന്നു എന്ന് കാണാം. അതിൽ നിന്ന് വ്യത്യസ്തമായി ജനകീയാസൂത്രണത്തിൽ, പദ്ധതി രൂപീകരണവേളയിലും നടത്തിപ്പിലും പൊതുജനപ

ങ്കാളിത്തം ഉറപ്പാക്കുന്നുവെന്ന് വന്നപ്പോൾ ജനങ്ങളുടെ വലിയ തോതിലുള്ള സഹകരണമാണ് ആ രംഗത്ത് നമുക്ക് കാണാൻ കഴിഞ്ഞത്. അതിന്റെ ഫലമായി പ്രാദേശികതലത്തിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നു. ഗതാഗതസൗര്യം വർദ്ധിച്ചു. പാവപ്പെട്ടവരുടെ ജീവിതസൗകര്യവും വരുമാനവും മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ പദ്ധതികളുണ്ടായി. നിരവധി കുടിവെള്ളപദ്ധതികൾ ഉണ്ടായി. ദാരിദ്ര്യം അനുഭവിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ ജീവിതക്ലേശങ്ങൾക്കു പരിഹാരം കാണുന്നതിന് തക്കമുള്ള വികസനപ്രവർത്തനങ്ങളാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഏറിയകൂറും നടപ്പാക്കിയത്.

ഇതെല്ലാം തന്നെ പുതിയ അനുഭവമായിരുന്നു. ഇപ്രകാരമുള്ള ഒരു മാറ്റത്തിന് പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുള്ളത് ജില്ലാ ആസൂത്രണസമിതികളാണ്. ഈ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പരിജ്ഞാനം ലഭിക്കുന്നതിന് വേണ്ട പരിശീലനം നല്കുന്നതിൽ പങ്ക് വഹിച്ചിട്ടുള്ള രണ്ട് പ്രധാന സംവിധാനങ്ങളാണ് ആസൂത്രണ സമിതികളും കിലയും. അതുപോലെ കുടുംബശ്രീ, അവർക്ക് കൈവയ്ക്കാൻ പറ്റാത്ത ഒരു മേഖലയും ഇല്ലെന്നാണ് അവരുടെ നാളിതുവരെയുള്ള പ്രവർത്തനത്തിലൂടെ തെളിയിച്ചിട്ടുള്ളത്. എല്ലാ രംഗത്തും ആവേശകരമായ പങ്കാളിത്തത്തിന്റെ കാഴ്ചയാണ് കുടുംബശ്രീയുടെ പ്രവർത്തനത്തിൽ നമുക്ക് കാണാൻ കഴിഞ്ഞത്. കുടുംബശ്രീയും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വിജയത്തിൽ പങ്കുവഹിച്ചിട്ടുള്ള ഒരു പ്രധാന ഘടകമാണ്. ജനകീയാസൂത്രണത്തിന്റെ വിജയം അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ടതാണ്.

1964-ൽ രാജ്യത്താകെ പഞ്ചായത്തുകൾ നിലവിൽവന്ന സമയത്ത് ഒരു പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്നു എന്ന നിലയിൽ ചില അനുഭവങ്ങളുണ്ട്. അന്ന് ഒരു പഞ്ചായത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ, ഒരു ക്ലാർക്ക്, ഒരു ബിൽ കളക്ടർ ഉൾപ്പെടെ മൂന്നുപേരാണ് ഉദ്യോഗസ്ഥന്മാരായി ആകെ ഉണ്ടായിരുന്നത്. ആ പഞ്ചായത്തിന്റെ ഒരുവർഷത്തെ ആകെ വരുമാനം 33,000 രൂപയായിരുന്നു. ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ആവശ്യമായിട്ടുള്ള അധികാരമില്ല അതുപോലെ ഫണ്ടുമില്ല. മിക്ക പഞ്ചായത്തുകളുടെയും അവസ്ഥ ഇതായിരുന്നു. ജനകീയാസൂത്രണം നിലവിൽ



ഇ.എം.എസ്. നമ്പൂതിരിപ്പാട്

വന്ന ശേഷം കാര്യങ്ങൾ തികച്ചും വ്യത്യസ്തമായി. സംസ്ഥാന ഗവൺമെന്റ് ബജറ്റിന്റെ ഏതാണ്ട് 40 ശതമാനത്തിനടുത്ത് തുക തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചു. അധികാരവും പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ട പണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടി. ഈ ഭാരിച്ച ചുമതല ഏറ്റെടുത്തു നടത്താനാവശ്യമായ ഉദ്യോഗസ്ഥസംവിധാനം അന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല. ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാനുള്ള നടപടികൂടി സ്വീകരിച്ചതോടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു.

ജനകീയാസൂത്രണം നിലവിൽ വന്ന ശേഷം കാര്യങ്ങൾ തികച്ചും വ്യത്യസ്തമായി. സംസ്ഥാന ഗവൺമെന്റ് ബജറ്റിന്റെ ഏതാണ്ട് 40 ശതമാനത്തിനടുത്ത് തുക തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചു. അധികാരവും പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ട പണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടി. സാമ്പത്തികമായി വലിയ മാറ്റമുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ലഭിച്ചു.

സാമ്പത്തികമായി വലിയ മാറ്റം വന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ലഭിച്ചതും ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം അവർക്ക് പഞ്ചായത്തിലെ ജനങ്ങളുടെ പ്രശ്നം എന്താണെന്ന് നല്ലതുപോലെ മനസ്സിലാക്കി ആ പ്രശ്നത്തിൽ ഫലപ്രദമായി ഇടപെടാനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സാധിച്ചു. ഇത് ജനകീയാസൂത്രണത്തിന്റെ പ്രധാനപ്പെട്ട ഒരു നേട്ടമാണ്. വികസന കാര്യത്തിൽ വലിയ മുന്നേറ്റം തന്നെ ഇതുവഴി ഉണ്ടാക്കാൻ സാധിച്ചു എന്ന് പറയുമ്പോഴും ചെറിയതോതിലുള്ള ന്യൂനതകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതായത് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും മുൻപ് ഉണ്ടായിരുന്നതുപോലെയുള്ള ആവേശം ഇന്ന് കാണിക്കുന്നില്ല. രണ്ടാമത് നമ്മുടെ എല്ലാ മേഖലകളിലും ബാധിച്ചിട്ടുള്ള അഴിമതി ചെറിയതോതിലെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും ബാധിച്ചിട്ടുണ്ട് എന്നുള്ളത് അതിന്റെ മുന്നേറ്റത്തെ തടയാനും ജനങ്ങൾക്ക് ഈ സംവിധാനത്തോട് ഉണ്ടായിരുന്ന മമത കുറയ്ക്കാനും ഇടവരുത്തുന്ന ഒരു സ്ഥിതിയുമുണ്ട്. അതുകൊണ്ട് വളരെ കരുതലോടുകൂടി വലിയതോതിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സുതാര്യമായി കാര്യങ്ങൾ നടക്കണം എന്ന നിർബന്ധബുദ്ധിയോടുകൂടി ഇന്ന് കാണുന്ന ന്യൂനതകൾ പരിഹരിച്ച് മുന്നോട്ടു പോകാനാവണം. അതിനുവേണ്ടി എല്ലാ വിജയവും ആശംസിക്കുന്നു

□

GPDP- യും വികേന്ദ്രീകൃതാസൂത്രണത്തിലെ കേന്ദ്രീകൃത ഇടപെടലുകളും

■ ഹുസൈൻ എം. മിന്നത്ത്

1993 ലെ 73, 74 ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന വികേന്ദ്രീകൃതാസൂത്രണം അതിന്റെ അന്ത:സത്തയെ പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് നടപ്പിലാക്കിയ രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. പല സംസ്ഥാനങ്ങളും നടപ്പിലാക്കിയതിൽ നിന്നും തികച്ചും വ്യത്യസ്തമായി അധികാരവും, ധനവും, സ്ഥാപനങ്ങളെയും, ഉദ്യോഗസ്ഥ സംവിധാനങ്ങളും എല്ലാം പ്രാദേശിക സ്ഥാപനങ്ങൾക്ക് വിട്ട് നൽകിക്കൊണ്ടാണ് ലോകം ശ്രദ്ധിച്ച കേരള വികസന മാതൃക, അഥവാ "ജനകീയാസൂത്രണം"

1996- ൽ സംസ്ഥാനത്ത് ആരംഭം കുറിക്കുന്നത്. കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലം ദേശീയ ആഗോള തലത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണ് ഈ കേരള വികസനമാതൃക. പ്രദേശിക ജനപങ്കാളിത്തവും പിന്തുണയും ഉറപ്പാക്കിക്കൊണ്ടുള്ള വികസനം സാധ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാനത്ത് തുടക്കം കുറിച്ച ജനകീയാസൂത്രണപ്രക്രിയയിൽ ഭരണഘടനാപദവിയുള്ള പ്രാദേശികസർക്കാരുകൾ ജനതാൽപര്യങ്ങളും പ്രാദേശിക ആവശ്യങ്ങളും പരിഗണിച്ച് കൊണ്ടുള്ള ഒരു വികസന തന്ത്രമാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. ഇന്നാകട്ടെ ഐക്യരാഷ്ട്രസഭ മുന്നോട്ട് വയ്ക്കുന്ന സുസ്ഥിരവികസന ലക്ഷ്യങ്ങൾ (SDG) നേടിയെടുക്കുന്നതിനായി സംസ്ഥാനം പ്രാദേശിക സർക്കാരുകളെ മുൻനിർത്തി ഇടപെടലുകൾ നടത്തുന്ന തലത്തിലേക്ക വരെ ഈ വികസനമാതൃക എത്തിയിരിക്കുന്നു. സംസ്ഥാനം നേരിടുന്ന വെല്ലുവിളികളും പരിമിതികളും ജനകീയ പങ്കാളിത്തവും ഇച്ഛാശക്തിയുംകൊണ്ട് പ്രാദേശിക സർക്കാരുകൾക്ക് മറികടക്കുവാനും മാനവ, സാമ്പത്തിക സാമൂഹിക പുരോഗതി സാധ്യമാക്കുവാൻ വേണ്ടി ഉറച്ച ചില കാൽവയ്പുകൾ നടത്തുവാനും വികേന്ദ്രീകൃത ആസൂത്രണം വഴി സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആകെ ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും ഇന്ന് പ്രാദേശിക സർക്കാരുകളുടെ മുന്നിൽ പരിഹാരമുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. ദുരന്തനിവാരണം, മാലിന്യസംസ്കരണം, കുടിവെള്ളം, നഗരവത്ക്കരണം, വയോജനസംരക്ഷണം, അടിസ്ഥാനസൗകര്യവികസനം, ആരോഗ്യം, വിദ്യഭ്യാസം, കാർഷിക-വ്യവസായ വികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീശാക്തീകരണം, മാനവവികസനം തുടങ്ങി ഒട്ടനവധി മേഖലകളുമായി ബന്ധപ്പെട്ടതും സംസ്ഥാനം ഇന്നഭിമുഖീകരിക്കുന്ന രണ്ടാംതലമുറ വികസന പ്രശ്നങ്ങൾക്ക് പോലും (Second generation development issues) പരിഹാരം കാണുവാൻ ഇന്ന് സംസ്ഥാനം പ്രാദേശികസർക്കാരുകളെ ആശ്രയിക്കുന്നതായി കാണാവുന്നതാണ്. 2018-ലെയും 2019-ലെയും പ്രളയവും 2020-ലെ കൊവിഡ് മഹാമാരിയും സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിയെങ്കിലും അതിനെ പ്രതിരോധിക്കുവാൻ സംസ്ഥാനസർക്കാർ പ്രാദേശിക സർക്കാരുകളെ മുൻനിർത്തി സൃഷ്ടിച്ച ജനകീയപ്രതിരോധം മാത്രം വീക്ഷിച്ചാൽ മതി സംസ്ഥാനം മുന്നോട്ടുവച്ച വികസനമാതൃകയ്ക്ക് എത്രമാത്രം ആഴത്തിൽ ഇടപെടലുകൾ നടത്താൻ സാധിച്ചു എന്ന് മനസ്സിലാക്കുവാൻ.

കേരളം സാമൂഹ്യ, സാമ്പത്തിക, മാനവിക, അടിസ്ഥാന സൗകര്യ മേഖലകളിൽ നേടിയെടുത്തിട്ടുള്ള മുന്നേറ്റങ്ങളും ജനക്ഷേമത്തിൽ അധിഷ്ഠിതമായി നടത്തുന്ന ഇടപെടലുകളും ദേശീയ, ആഗോളതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇതിന് നിദാനമായ ഘടകങ്ങൾ ഏതൊക്കെയെന്ന് ഗൗരവമായി തന്നെ പലരും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും പഠന വിധേയമാക്കിയിട്ടുള്ളതുമാണ്.

കേരളത്തിന്റെ വികസന ചാലക ശക്തി ജനകീയാസൂത്രണം ആണെന്ന് തിരിച്ചറിഞ്ഞ കേന്ദ്രസർക്കാർ ഈ കേരള വികസന മാതൃകയെ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പിലാക്കുവാൻ തീരുമാനിക്കുകയും 'People's Plan Compaign (PPC) ന് 2017-ൽ തുടക്കം കുറിക്കുകയും തുടർന്ന് ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ അത് രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുകയും ചെയ്യുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP)

പ്രാദേശിക സാമ്പത്തികവികസനവും സാമൂഹിക നീതിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ 2,69,250-തോളം വരുന്ന പഞ്ചായത്തുതല തദ്ദേശസ്ഥാപനങ്ങൾ അവർക്ക് ലഭ്യമാകുന്ന ഫണ്ടുപയോഗിച്ച് ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ അഥവാ GPDP തയ്യാറാക്കി നടപ്പിലാക്കുവാൻ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗ്രാമപഞ്ചായത്ത് മന്ത്രാലയം നിർദ്ദേശം നൽകുകയും ഇതിനായി

വിശദമായ മാർഗ്ഗരേഖകളും ഉത്തരവുകളും പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി. ഇതിന് കേന്ദ്രം മാതൃകയാക്കിയത് കേരളത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളും, KILA, കുടുംബശ്രീ അടക്കമുള്ള ഏജൻസികളുടെ സഹായവുമാണ്. ഭരണഘടനയുടെ 11-ാം പട്ടികയിൽ പ്രാദേശികസർക്കാരുകൾക്ക് അധികാരകൈമാറ്റം നൽ കിയിട്ടുള്ള 29 വിഷയങ്ങളുടെ പരിധിയിൽ വരുന്ന, പതിനെട്ടോളം കേന്ദ്രമന്ത്രാലയങ്ങൾ വഴി ലഭിക്കുന്ന ധനസ്രോതസ്സുകളുടെയും കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ താഴെത്തട്ടിലുള്ള ഏകത്രകേന്ദ്രീകരണവും ഉദ്ഗ്രഥന- സംയോജന സാധ്യതകൾ GPDP യിൽ ഉറപ്പാക്കാനും കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള തന്ത്രമായി People's Plan Campaign (PPC)-ന് തുടക്കമിടുകയും 'സബ്കി യോജന സബ്കാ വികാസ്' എന്നത് ഈ ക്യാമ്പയിന്റെ മുദ്രാവാക്യമായി കേന്ദ്രസർക്കാർ ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു. രാജ്യത്തെ 31 ലക്ഷത്തോളം വരുന്ന തിരഞ്ഞെടുക്കപ്പെട്ട പ്രാദേശികസർക്കാർ പ്രതിനിധികളും അതിൽതന്നെയുള്ള 14.39 ലക്ഷം വരുന്ന വനിതാ ജനപ്രതിനിധികളുടെയും 5.25 കോടിയോളം വരുന്ന സ്വയം സഹായ ഗ്രൂപ്പ് (SHG) അംഗങ്ങളുടെയും ശാക്തീകരണവും, ഗ്രാമീണവികസനത്തിൽ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ സമന്വയവും ഈ ക്യാമ്പയിനിലൂടെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ലക്ഷ്യമിടുന്നു. ചുരുക്കത്തിൽ GPDP യിലൂടെ വരും ദിനങ്ങളിൽ രാജ്യം നേടിയെടുക്കാനായി മുന്നോട്ടുവയ്ക്കുന്ന വികസനലക്ഷ്യങ്ങൾ എല്ലാം തന്നെ കേരളം ജനകീയാസൂത്രണത്തിലൂടെ ലക്ഷ്യം വെച്ചിട്ടുള്ള വികസന അജണ്ടകൾ തന്നെയാണെന്ന് അടിവരയിട്ട് പറയാം.

GPDP യിലെ പദ്ധതി രൂപീകരണം

GPDP-യുടെ ഭാഗമായി വിവിധ വികസനപദ്ധതികൾക്ക് രാജ്യത്തെ ഓരോ ഗ്രാമപഞ്ചായത്തുകളും രൂപം നൽകുമ്പോൾ വികസന വിടവുകൾ (Development Gap) കണ്ടെത്തി അവ ദൂരീകരിക്കുന്നതിനുള്ള പദ്ധതികൾ വേണം ഏറ്റെടുക്കേണ്ടത്. ഇതിനുള്ള ആദ്യ ചവിട്ടുപടിയായി കേന്ദ്ര സർക്കാർ മിഷൻ അന്ത്യോദയ സർവ്വേ രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടത്തുകയുണ്ടായി. വികസനവിടവുകൾ ഇല്ലാതാക്കാനുള്ള വിവിധപദ്ധതികൾ ഗ്രാമസഭകൾ വഴി കണ്ടെത്തി അംഗീകാരം നേടി വേണം നിർവ്വഹണം നടത്തുവാൻ. മിഷൻ അന്ത്യോദയ സർവ്വേയുടെ റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾക്കും ഗ്രാമസഭകളുടെ അംഗീകാരം ആവശ്യമാണ്. ഇതിലൂടെ കേരളം പിൻതുടരുന്നത് പോലെ കേന്ദ്ര സർക്കാർ ഗ്രാമപഞ്ചായത്തുകളെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് സംയോജനവും ഉത്തരവാദിത്വവുമുള്ള ഒരു വികസന ചട്ടക്കൂട് സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ പ്രാദേശികസർക്കാരുകൾ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതും, സ്റ്റാറ്റസ്റിപ്പോർട്ട് തയ്യാറാക്കുന്നതും വികസന വിടവുകൾ കണ്ടെത്താൻ തന്നെയാണ്. സംസ്ഥാനസർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന്റെ ചുവടുപിടിച്ച് കേന്ദ്രസർക്കാർ ആവട്ടെ GPDP-യുടെ ഭാഗമായി രാജ്യത്തെ ഓരോ ഗ്രാമ പഞ്ചായത്തുകളും അവർക്ക് പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് GPDP-യിൽ വിവിധ വികസനപദ്ധതികൾക്ക് രൂപം നൽകുവാനാണ് നിർദേശം നൽകിയത്. GPDP വഴി ഏറ്റെടുക്കുന്ന പദ്ധതികൾ ഗ്രാമസഭയുടെ അംഗീകാരത്തോടെ eGram Swaraj എന്ന പദ്ധതിക്ക് വേണ്ടിയുള്ള കേന്ദ്ര ഗ്രാമ പഞ്ചായത്ത് മന്ത്രാലയത്തിന്റെ പ്ലാൻ പോർട്ടലിന്റെ ഭാഗമാക്കേണ്ടതാണ്. കൂടാതെ ഈ പോർട്ടൽ PFMS (Public Financial Management System) മായി ഓരോ ഗ്രാമപഞ്ചായത്തുകളും ബന്ധിപ്പിക്കേണ്ടതുമാണ്. ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷത്തെയും അംഗീകരിച്ച GPDP പദ്ധതി സംബന്ധിച്ച വിവരങ്ങൾ പൊതുസ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. 2021-22 മുതൽ രാജ്യത്തെ 6,673 ബ്ലോക്ക് പഞ്ചായത്തുകളും 660 ജില്ലാ പഞ്ചായത്തുകളും ധനകാര്യ കമ്മീഷൻഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ GPDP-യുടെ ഭാഗമാക്കുവാൻ ഗ്രാമപഞ്ചായത്ത് മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്.

> കേരളത്തിന്റെ വികസന ചാലക ശക്തി ജനകീയാസൂത്രണം ആണെന്ന് തിരിച്ചറിഞ്ഞ കേന്ദ്ര സർക്കാർ ഈ കേരളവികസന മാതൃകയെ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പിലാക്കുവാൻ തീരുമാനിക്കുകയും 'People's Plan Compaign (PPC) ന് 2017–ൽ തുടക്കം കുറിക്കുകയും തുടർന്ന് ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ അത് രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുകയും ചെയ്യുകയുണ്ടായി.

GPDP യും വികേന്ദ്രീകൃതാസൂത്രണത്തിലെ കേന്ദ്രീകൃത ഇടപെടലും

സംസ്ഥാനസർക്കാർ പ്രാദേശികസർക്കാരുകൾക്ക് പദ്ധതി വിഹിതമായി ഏകദേശം 26% തുകയാണ് ബഡ്ജറ്റിൽ വകയിരുത്തുന്നത്. സംസ്ഥാനത്തെ 1200-റോളം വരുന്ന പ്രാദേശിക സർക്കാരുകൾ ഓരോവർഷവും വിവിധ ഉപാധികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് ശരാശരി 25,000 കോടി രൂപക്കുള്ള രണ്ട് ലക്ഷത്തിലധികം പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പതിമൂന്നാം പദ്ധതിക്കാലയളവിലെ (2017-22) അഞ്ച് വർഷക്കാലം സംസ്ഥാനസർക്കാർ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ 1,41,757-കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 34,910 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതിവിഹിതമായി വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ധനകാര്യകമ്മീഷൻ എല്ലാ വർഷവും രാജ്യത്തെ പ്രാദേശിക സർക്കാരുകൾക്ക് ഗ്രാൻറ്-ഇൻ-എയ്ഡായി ഫണ്ട് അനുവദിക്കാറുണ്ട്. 14-ാം കേന്ദ്ര ധനകാര്യകമ്മീഷൻ വരെയുള്ള കമ്മീഷനുകളുടെ ഫണ്ട് വിഭജനം നോക്കിയാൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച നൽകുന്ന ഗ്രാന്റിന്റെ വിനിയോഗത്തിൽ സംസ്ഥാനങ്ങൾക്ക് മേൽ പ്രത്യേകമായ നിബന്ധനകൾ ഒന്നും തന്നെ വച്ചിരുന്നില്ല എന്ന് കാണാവുന്നതും ഫണ്ട്

വിനിയോഗ കാര്യത്തിൽ സംസ്ഥാനങ്ങൾ തീരുമാനം എടുക്കുന്ന രീതിയാണ് പിൻതുടർന്ന് വരുന്നതെന്നും കാണാവുന്നതാണ്.

അധികാരവികേന്ദ്രീകരണവും പ്രാദേശികവികസനവും ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്രസർക്കാർ തുടക്കമിട്ട GPDP-യിൽ രാജ്യത്തെ പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലും വികസന ദിശയിലും കേന്ദ്രീകൃതമായ ചില ഇടപെടലുകൾ കേന്ദ്രസർക്കാർ നടത്തുകയുണ്ടായി. ഇതിനായി 15-ാം കേന്ദ്ര ധനകാര്യകമ്മീഷൻ (2020-25) പ്രാദേശികസർക്കാരുകൾക്ക് നൽകുന്ന ഫണ്ടിന്റെ വിനിയോഗത്തിൽ കൃത്യമായി ചില നിബന്ധ നകൾ കേന്ദ്രം മുന്നോട്ട് വയ്ക്കുകയുണ്ടായി. ഉദാഹരണമായി പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ 2020-21 സാമ്പത്തിക വർഷത്തേക്ക് കേരളത്തിലെ തദ്ദേശസർക്കാരുകൾക്ക് അനുവദിച്ച 2,412 കോടി രൂപയും 2021-22-ൽ അനുവദിച്ച 1,795 കോടി രൂപയും ഉപയോഗിച്ച് GPDP-യിൽ പദ്ധതികൾ ഏറ്റെടുക്കാൻ കേന്ദ്രം നിർദ്ദേശിക്കുകയും ഈ പദ്ധതികൾ എല്ലാം തന്നെ സംസ്ഥാന സർക്കാരിന്റെ പ്ലാൻ പോർട്ടലായ സുലേഖയിൽ രേഖപ്പെടുത്തുന്നതിന് പുറമേ GPDP പോർട്ടലായ e-GramSwaraj പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശം നൽകുകയുണ്ടായി. പങ്കാളിത്ത പ്രക്രിയയിലൂടെ പ്രാദേശികവികസനം ഉറപ്പാക്കുന്ന വിവിധ വികസനപദ്ധതികൾ കണ്ടെത്തണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിരുന്നെങ്കിലും ധനകാര്യകമ്മീഷൻ വിഹിതമായി തദ്ദേശ സർക്കാരുകൾക്ക് നൽകിയ തുകയിൽ 2020-21-ലെ 50%-വും 2021-22- ലെ തുകയിൽ 60%-വും പ്രത്യേക ഉദ്ദേശ (Tied Aid) ഗ്രാന്റായിട്ടാണ് നൽകിയിരിക്കുന്നത്. ഈ തുക a. ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, b.കുടിവെള്ളം എന്നീ രണ്ട് മേഖലകളിൽ മാത്രമേ വിനിയോഗിക്കാവൂ എന്ന് പ്രത്യേകം നിർദ്ദേശിക്കുമ്പോൾ മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ കൃത്യമായി കേന്ദ്രീകൃതമായ ചില ഇടപെടലുകൾ നടത്തുകയാണ് കേന്ദ്രം. മാത്രവുമല്ല പ്രാദേശികസർക്കാരുകൾക്ക് ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പരാമർശിച്ച 29 മേഖലയുമായി ബന്ധപ്പെട്ട വികസനവിടവുകൾ നികത്തുവാൻ ഫണ്ട് ആവശ്യമായി വരുന്ന പല മേഖലകളും പരിഗണിക്കപ്പെടാതെ പോവുകയാണ്". രാജ്യത്തെ പല സംസ്ഥാനങ്ങൾക്കും GPDP-യും ആസൂത്രണ പ്രക്രിയയും പുതിയൊരു അനുഭവം ആയതിനാൽ പല സംസ്ഥാനങ്ങളുടെയും ശ്രദ്ധയിൽ ഇതൊന്നും പെട്ടിട്ടില്ല. എന്നാൽ കേരളം പോലൊരു സംസ്ഥാനത്തെ വികേന്ദ്രീകരണ പ്രക്രിയയിൽ കേന്ദ്രസർക്കാരും രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളും മാതൃകയാക്കുമ്പോൾ ഇത്തരം കേന്ദ്രീകൃത ഇടപെടലുകൾ ഉന്നംവയ്ക്കുന്നത് കേരളത്തെ മാത്രമാണെന്ന് വ്യക്തമാണ്. ഇത്തരം ഇടപെടലുകൾ സംസ്ഥാനത്തിന് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ ചെറുതല്ല. GPDP-യിലൂടെ സംസ്ഥാനത്തെ പ്രാദേശികസർക്കാരുകളുടെ വികസനദിശ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന രീതിയിലൂടെ തിരിച്ച് വിടുമ്പോൾ, കേന്ദ്ര സർക്കാർ കേരള വികസന മാതൃകയെ ബോധപൂർവ്വം പൊളിച്ചെഴുതുന്നതിനുള്ള കേന്ദ്രീകൃതമായ ഇടപെടലുകളായി തന്നെ ഇതിനെ പല കോണിൽ നിന്നുള്ളവരും വിവക്ഷിക്കുന്നു.

മിഷൻ അന്ത്യോദയ സർവ്വേയും വികേന്ദ്രീകൃത ആസൂത്രണവും

ഗ്രാമീണമേഖലയുടെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക, മാനവിക വികസനം സാധ്യമാക്കിക്കൊണ്ട് ദാരിദ്ര്യ രഹിത ഇന്ത്യ (Poverty Free India) സൃഷ്ടിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാനാണ് മിഷൻ അന്ത്യോദയ ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി മിഷൻ അന്ത്യോദയ സർവ്വേയുടെ അടിസ്ഥാനത്തിൽ വികസനവിടവുകൾ കണ്ടെത്തി GPDP-യിലൂടെ വികസനപദ്ധതികൾ രാജ്യത്തെ ഓരോ പ്രാദേശികസർക്കാരുകളും ഏറ്റെടുക്കണമെന്ന് കേന്ദ്രസർക്കാർ പറയുന്നു. വികസന വിടവുകൾ ദൂരീകരിക്കാൻ സംസ്ഥാനങ്ങൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി നൽകുന്ന തുക വിനിയോഗിക്കണമെന്നും കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിഷ്കർഷിക്കുന്നു. മിഷൻ അന്ത്യോദയ സർവ്വേ റിപ്പോർട്ടുകൾ പരിശോധിച്ചാൽ മാനവ, സാമൂഹ്യ, അടിസ്ഥാനസൗകര്യ മേഖലകളിൽ കേരളത്തിൽ വികസന വിടവുകൾ വളരെ കുറവാണെന്ന കണ്ടെത്തലിലേക്കാണ് 2017 മുതൽ കേന്ദ്രസർക്കാർ നടത്തിയ മിഷൻ അന്ത്യോദയസർവ്വേ റിപ്പോർട്ടിലെ കേരളത്തിന്റെ ഒന്നാം റാങ്ക് കൃത്യമായി വിരൽ ചൂണ്ടുന്നത്.

2019-ൽ ദേശീയതലത്തിൽ തന്നെ 2,47,910 ഗ്രാമപഞ്ചായത്തുകളിൽ അന്ത്യോദയ സർവ്വേ നടത്തുകയുണ്ടായി. ദേശീയതലത്തിൽ പ്രസിദ്ധീകരിച്ച 2019-ലെ സർവ്വേ റിപ്പോർട്ട് പ്രകാരം പരമാവധി സ്കോർ 100 ആയിരിക്കെ രാജ്യത്തെ 62% ഗ്രാമപഞ്ചായത്തുകളുടെയും ശരാശരി സ്കോർ 50-ൽ താഴെ മാത്രമായിരുന്നു. ഒരു ശതമാനം ഗ്രാമപഞ്ചായത്തുകൾ മാത്രമേ 80-ന് മുകളിൽ സ്കോർ ചെയ്തിട്ടുള്ളൂ. കേരളത്തിൽ സർവ്വേ നടത്തിയ 939 ഗ്രാമ പഞ്ചായത്തുകളിൽ 905-ലും ശരാശരി സ്കോർ 60-ന് മുകളിലായിരുന്നു. റിപ്പോർട്ട് പ്രകാരം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെക്കാളും ദേശീയ ശരാശരിയേക്കാളും ഏറെ മുകളിൽ ഏറ്റവും ഉയർന്ന ശരാശരി സ്കോർ 72 നേടിക്കൊണ്ട് കേരളം പ്രഥമ സ്ഥാനത്ത് നിൽക്കുന്നു. വരുംവർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾക്ക് കേന്ദ്രം നൽകുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിൽ മിഷൻ അന്ത്യോദയ സർവ്വേ റിപ്പോർട്ട് കൂടി പരിഗണിക്കപ്പെടുമെന്ന് കേന്ദ്രസർക്കാർ സൂചന നൽകുമ്പോൾ അത് കൃത്യമായി വിരൽ ചൂണ്ടുന്നത് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിലേക്ക് തന്നെയാണെന്ന് മനസ്സിലാവും.

> **രാഷ്ട്രീയ അധികാര വികേന്ദ്രീകരണം സാധ്യമായതോടൊപ്പം തന്നെ സമഗ്രവികസനം സാധ്യമാക്കുന്നതിൽ കേരളത്തിൽ ജനകീയാസൂത്രണവും, സഹകരണപ്രസ്ഥാനവും വളരെ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത് എന്ന കണ്ടെത്തലാണ് കേന്ദ്രസർക്കാരിനെ ഈ രണ്ട് മേഖലകളിലും രാജ്യവ്യാപകമായി വലിയ തരത്തിലുള്ള ഇടപെടലുകൾ നടത്തുവാൻ പ്രേരിപ്പിച്ചിട്ടുള്ളത്.**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ടും സ്റ്റാർ റേറ്റിംഗ് പദവിയും

പതിനഞ്ചാം ധനകാര്യകമ്മീഷൻ (2020-25) ആദ്യ രണ്ട് വർഷം നഗര തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ്, കൃത്യമായി പറഞ്ഞാൽ സംസ്ഥാനത്തെ പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ ഏഴ് നഗര സഞ്ചയങ്ങളും (Urban Agglomerations) 86 മുനിസിപ്പാലിറ്റികളും ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC) ഉപയോഗിച്ച് ഏറ്റെടുത്ത പദ്ധതികളുടെ പ്രകടനം വിലയിരുത്തപ്പെടുമെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. ഇതിനായി റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവിയും അത് നിശ്ചയിക്കപ്പെടുന്ന സർവ്വീസ് ലെവൽ ബഞ്ച് മാർക്കും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ നഗര തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇതിൽ ശ്രദ്ധേയമായ വസ്തുത നഗര സഞ്ചയങ്ങൾക്ക് കേന്ദ്ര ധനകാര്യകമ്മീഷൻ അനുവദിച്ച മുഴുവൻ തുകയും പ്രത്യേക ഉദ്ദേശ ഗ്രാന്റാണ്. (Tied Fund) മുനിസിപ്പാലിറ്റികൾക്ക് 2020-21-ൽ അനുവദിച്ച 50% തുകയും 2021-22-ൽ അനുവദിച്ച 60% തുകയും പ്രത്യേക ഗ്രാന്റാണ്. നഗര തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ പ്രാദേശികവികസനം കേന്ദ്രം നിഷ്കർഷിക്കുന്ന രീതിയിൽ ക്രമീകരക്കേണ്ട തലത്തിലേക്കാണ് സംസ്ഥാനത്തെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പോക്ക്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പൂർണ്ണമായും തൃപ്തിപ്പെടുത്തിയാൽ മാത്രമേ അടുത്ത സാമ്പത്തികവർഷം മുതൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുവദിക്കൂ എന്നതും ഇതോടൊപ്പം കൂട്ടി വായിക്കേണ്ട വസ്തുത തന്നെയാണ്.

പ്രാധാന്യം കുറയ്ക്കപ്പെടുന്ന ജില്ലാ ആസൂത്രണസമിതികൾ

73, 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ജില്ലാ ആസൂത്രണസമിതികളാണ് ഓരോ ജില്ലയിലും സംയോജിത സമീപനത്തിലധിഷ്ഠിതമായി സമഗ്രവികസനം സാധ്യമാക്കുന്ന തരത്തിൽ ജില്ലാ പദ്ധതികൾ (District Plan) തയ്യാറാക്കുന്നത്. ജില്ലയിലെ മുഴുവൻ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുക, പ്രാദേശികസർക്കാർ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുക, അവലോകനം ചെയ്യുക, പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുക തുടങ്ങിയവയെല്ലാം ജില്ലാ ആസൂത്രണ സമിതികളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളാണ്. ഗ്രാമസഭയിൽ നിന്നും വരുന്ന പദ്ധതി നിർദ്ദേശങ്ങൾ വാർഷികപദ്ധതികളാക്കി (Annual Plan) പ്രാദേശിക സർക്കാരുകൾ ഭരണസമിതി അംഗീകാരത്തോടെ ജില്ലാ ആസൂത്രണസമിതികളുടെ (DPC) അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഓരോ ജില്ലയുടെയും സമഗ്രമായ വികസനത്തിനായി ഒരു വികസന സമീപനവും കാഴ്ചപ്പാടും നിശ്ചയിക്കുവാൻ DPC കൾക്ക് കഴിയുമെന്നതിനാൽ ഇതിനാവശ്യമായ പദ്ധതികൾ പ്രാദേശികസർക്കാരുകളുടെ പദ്ധതിയിൽ പ്രതിഫലിക്കപ്പെടും. എന്നാൽ ഭരണഘടനാ സ്ഥാപനങ്ങളായ ആസൂത്രണസമിതികളെ GPDP-യിൽ നിന്നും മാറ്റി നിർത്തുകയാണ് കേന്ദ്രസർക്കാർ ചെയ്തിരിക്കുന്നത്.

കേന്ദ്രതലത്തിൽ നഗര, ഗ്രാമ വിഷയങ്ങൾ രണ്ട് മന്ത്രാലയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ഗ്രാമീണവികസനം പഞ്ചായത്ത് രാജ് മന്ത്രാലയവും നഗരവികസനം ഹൗസിംഗ് ആൻറ് നഗരകാര്യ മന്ത്രാലയത്തിന്റെ ചുമതലയിലുമാണുള്ളത്. നിലവിൽ ഗ്രാമീണ തദ്ദേശസ്ഥാപനങ്ങൾ മാത്രമാണ് GPDP തയ്യാറാക്കേണ്ടത്. മുനിസിപ്പൽ ആക്ടിന്റെ പരിധിയിൽ വരുന്ന ജില്ലാ ആസൂത്രണസമിതികൾ ഹൗസിംഗ് ആൻറ് നഗരകാര്യ മന്ത്രാലയത്തിന്റെ പരിധിയിലായതിനാൽ ആസൂത്രണ സമിതികൾക്ക് GPDPയിൽ കാര്യമായ ഇടപെടലുകൾ നടത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമാകുന്ന GPDP പദ്ധതികൾ ഓരോ പ്രാദേശികസർക്കാരുകളും eGramSwaraj പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിനുള്ള ഫണ്ട് കേന്ദ്രസർക്കാർ നൽകുന്ന ധനകാര്യ കമ്മീഷൻ വിഹിതമായി ലഭിക്കും. ഇതിനായി ഓരോ പ്രാദേശിക സർക്കാരുകളും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ എടുക്കേണ്ടതും അത് PFMS-മായി ലിങ്ക് ചെയ്യേണ്ടതുമാണ്. GPDP യുടെ ഭാഗമായി ഏറ്റെടുത്ത പദ്ധതികളിൽ ഭേദഗതികളോ കൂട്ടിചേർക്കലോ ആവശ്യമെങ്കിൽ അക്കാര്യത്തിൽ പ്രാദേശിക സർക്കാരുകൾക്ക് DPC-യുടെ അംഗീകാരം ആവശ്യവുമില്ല. സംസ്ഥാനത്ത് നിലവിൽ സുലേഖ - ട്രഷറി വഴി നടക്കുന്ന ധനകാര്യ ഇടപാടുകൾ GPDP-യിൽ eGramSwaraj - PFMS വഴി ആയി മാറുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഓരോ ഗ്രാമീണ പ്രാദേശിക സർക്കാരുകളും ഏറ്റെടുക്കുന്ന പദ്ധതികളെ കേന്ദ്രസർക്കാർ പ്രത്യേകമായി മാറ്റി നിർത്തുകയാണ്. 29 വിഷയ മേഖലകൾ GPDP-യുടെ ഭാഗമായി CFC ഫണ്ടിൽ പദ്ധതികൾ ഏറ്റെടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും 60% തുകയും തുല്യമായി ശുചിത്വം, കുടിവെള്ളം എന്നീ രണ്ട് മേഖലയിൽ ചെലവഴിക്കാനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വിവിധതലത്തിലുള്ള തദ്ദേശസ്ഥാപനങ്ങളുടെ ഏകോപനം തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുന്നതുപോലെ കേന്ദ്രതലത്തിൽ ഇത്തരത്തിൽ ഒരു ഏകോപനം നടത്തുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രാദേശിക വികസനത്തിൽ ആസൂത്രണ സമിതികൾക്ക് വളരെ വലിയ ഒരു പങ്ക് വഹിക്കാനുള്ളപ്പോൾ ആസൂത്രണസമിതികളെ കേവലം നോക്കുകുത്തികൾ ആക്കുന്ന തലത്തിലേക്കാണ് കേന്ദ്രസർക്കാർ കാര്യങ്ങൾ കൊണ്ട് പോകുന്നത്. ഇത് നമ്മുടെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾക്ക് കടുത്ത വെല്ലുവിളി തന്നെയായിരിക്കും.

രാഷ്ട്രീയ അധികാര വികേന്ദ്രീകരണം സാധ്യമായതോടൊപ്പം തന്നെ സമഗ്രവികസനം സാധ്യമാക്കുന്നതിൽ കേരളത്തിൽ ജനകീയാസൂത്രണവും, സഹകരണപ്രസ്ഥാനവും വളരെ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത് എന്ന കണ്ടെത്തലാണ് കേന്ദ്രസർക്കാരിനെ ഈ രണ്ട് മേഖലകളിലും രാജ്യവ്യാപകമായി വലിയ തരത്തിലുള്ള ഇടപെടലുകൾ നടത്തുവാൻ പ്രേരിപ്പിച്ചിട്ടുള്ളത്. ഫെഡറൽ സംവിധാനത്തിൽ കേന്ദ്രത്തോടൊപ്പം തന്നെ എല്ലാ സംസ്ഥാനങ്ങൾക്കും പ്രാദേശികസർക്കാരുകൾക്കും രാജ്യത്തിന്റെ വികസനദിശ നിശ്ചയിക്കുന്നതിൽ കൂട്ടുത്തരവാദിത്വം ഉണ്ടെങ്കിലും ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ഏകാധിപത്യ രീതിയിൽ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വികസന അജണ്ടകൾ നിശ്ചയിക്കപ്പെടുമ്പോൾ നമ്മുടെ ഭരണഘടന സംസ്ഥാനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഉറപ്പ് നൽകുന്ന അധികാരവും അവകാശവും കേന്ദ്രീകരിക്കപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്ന് കാണാവുന്നതാണ്.

☐

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.

രജതജൂബിലി നിറവിൽ ജനകീയപ്രസ്ഥാനം

■ ഗോപകുമാർ എം.

ഗ്രാമങ്ങളിൽ ചൂഷണമില്ലാതായാൽ മാത്രമേ അവയുടെ പുനരുദ്ധാരണം സാധ്യമാകൂ
(ഗാന്ധിജി, ഹരിജൻ 29.08.1936)

ജനകീയാസൂത്രണപ്രസ്ഥാനം രജത ജൂബിലി ആഘോഷങ്ങൾക്ക് 2021 ആഗസ്റ്റ് 17 (ചിങ്ങം 1) ന് തുടക്കം കുറിച്ചിരിക്കുകയാണല്ലോ. ഈ അവസരത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ചുള്ള ഒരു സംവാദത്തിന് തുടക്കം കുറിക്കുന്നതും ഉചിതമാകുമെന്ന് കരുതുന്നു. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രാധാന്യമെന്ത്, നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെ, കേരള സമൂഹത്തിൽ ജനകീയാസൂത്രണം എന്ത് ഫലമാണുണ്ടാക്കിയത്, ഗാന്ധിജിയുടെ സ്വപ്നംപോലെ ഗ്രാമങ്ങളെ ചൂഷണ വിമുക്തമാക്കുന്നതിന് ഏതളവുവരെ സാധ്യമായിട്ടുണ്ട് എന്നിവയൊക്കെ വിശകലനം ചെയ്യേണ്ട സമയമായിരിക്കുന്നു.

1992-ലെ 73, 74 ഭരണഘടനാ ഭേദഗതിയോടെ ഭരണഘടനാപദവി കൈവന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും എത്തരത്തിൽ ആകണം എന്നത് സംബന്ധിച്ചും മുകൾത്തട്ടിലെ അധികാരം വികേന്ദ്രീകരിക്കപ്പെടണമെന്നത് സംബന്ധിച്ചും ഭരണഘടനാ ഭേദഗതിയിലൂടെ തന്നെ വ്യക്തമാക്കിയിരുന്നു. ഗ്രാമസഭയ്ക്ക് ഭരണഘടനാപദവി വന്നതോടെ യഥാർത്ഥ അധികാരികൾ ജനങ്ങൾ തന്നെയായി മാറി എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഭരണഘടനാ ഭേദഗതിയിലൂടെ കൈവന്ന അധികാരം കൈയ്യാളാൻ പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഭൂരിപക്ഷം സംസ്ഥാനങ്ങളും മടിച്ചുനിന്നു. അഥവാ സംസ്ഥാന സർക്കാരിന്റെ കൈയ്യിലുള്ള അധികാരം പ്രാദേശിക സർക്കാരുകൾക്ക് വിട്ടുകൊടുക്കാൻ തയ്യാറായില്ല. അവിടെയാണ് കേരള സർക്കാർ എടുത്ത തീരുമാനം വിപ്ലവകരമാകുന്നത്.

ജനകീയാസൂത്രണം ഒരു ബിഗ്ബാംഗ്

73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്നാണ് 1994-ൽ കേരള പഞ്ചായത്തീരാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രാബല്യത്തിൽ വന്നത്. അതിനെ തുടർന്നുള്ള ആദ്യത്തെ പ്രാദേശികഭരണ സമിതികൾ 1995-ൽ ഗാന്ധിജയന്തി ദിനത്തിൽ കേരളത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും അധികാരമേറ്റു എന്നതും ഏവർക്കും അറിയാം. എന്നാൽ അത്തരത്തിൽ അധികാരമേറ്റ ഭരണസമിതികൾക്ക് അന്നുവരെയുണ്ടായിരുന്ന വിഭവങ്ങൾ വച്ചുകൊണ്ട് ഭരണഘടനാ ഭേദഗതിയിലൂടെ ലക്ഷ്യംവെച്ച മാറ്റം കൊണ്ടു

വരാൻ കഴിയില്ലായിരുന്നു. അവിടെയാണ് 1996 മെയ് മാസം അധികാരമേറ്റ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ തീരുമാനം വിപ്ലവകരമാകുന്നത്. അധികാരം മാത്രം കൈമുതലായുള്ള പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35-40% തുക നൽകാനുള്ള തീരുമാനം ഇന്ത്യയിൽ ഒരു സംസ്ഥാനവും നടപ്പാക്കാൻ തയ്യാറാകാതിരുന്ന ഒന്നാണ്. എല്ലാ സംവിധാനങ്ങളും വന്നതിന് ശേഷം പണം നൽകുകയെന്ന രീതി കാലതാമസമുണ്ടാക്കും എന്ന് കണ്ടതിനെ തുടർന്നാണ് ഒറ്റയടിക്ക് ഇത്രയധികം തുക പ്രാദേശിക സർക്കാരുകൾക്ക് കൈമാറാൻ തീരുമാനിച്ചത്. അത് ബജറ്റിലൂടെ ഉറപ്പാക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ ആസൂത്രണ പ്രക്രിയയിലെ ഒരു ബിഗ്ബാംഗ് ആയാണ് ഈ തീരുമാനത്തെ സാമ്പത്തിക വിദഗ്ധർ വിവക്ഷിച്ചത്. തുടർന്നാണ് മറ്റ് കാര്യങ്ങളിലേക്ക് സർക്കാർ നീങ്ങിയത്.

അല്പം ചരിത്രം

1996 ആഗസ്റ്റ് 17, ചിങ്ങം 1 ന് തിരുവനന്തപുരത്ത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തിരികൊളുത്തുമ്പോൾ, അത് പെട്ടെന്നുണ്ടായ ഒരു തീരുമാനമായിരുന്നില്ല. കേരളം, മലയാളികളുടെ മാതൃഭൂമിയിലൂടെ കേരളത്തിന്റെ ചിത്രം വരച്ച കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി, ആദ്യ ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ, ചരിത്രത്തിന് മുൻപേ നടന്ന മഹാനായ ഇളംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് എന്ന ഇ.എം.എസ്. അദ്ദേഹത്തിന്റെ ലേഖനങ്ങളിലൂടെ, പ്രസംഗങ്ങളിലൂടെ അധികാരം ജനങ്ങൾക്ക് നൽകുന്നതിനെ സംബന്ധിച്ച് കാഴ്ചപ്പാട് മുന്നോട്ട് വച്ചിരുന്നു. പക്ഷേ ജനകീയ പങ്കാളിത്തത്തോടെ ഒരു പദ്ധതി എങ്ങനെ വിജയിപ്പിക്കും എന്ന ആശങ്ക ഉണ്ടായിരുന്നു. അതിനുള്ള മറുപടിയാണ് 1987-ലെ ഇ.കെ. നായനാർ സർക്കാർ ആവിഷ്കരിച്ച സാക്ഷരതായജ്ഞം.

കേരളത്തിലെ ഗ്രാമ-നഗരങ്ങളിൽ സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ ഏറ്റെടുത്ത സാക്ഷരതായജ്ഞം ഇത്തരത്തിൽ ഇന്ത്യയിൽ നടന്ന ആദ്യപ്രവർത്തനമാണെന്ന് നിസ്സംശയം പറയാൻ കഴിയും. ജനകീയ പങ്കാളിത്തത്തോടെ ഒരു പദ്ധതി എങ്ങനെ വിജയിപ്പിക്കാം എന്നതിന്റെ പരീക്ഷണമായിരുന്നു 100% വിജയം വരിച്ച സാക്ഷരതായജ്ഞം.

സാക്ഷരതായജ്ഞത്തിന്റെ തുടർച്ചയായി വികസന പ്രവർത്തനത്തിൽ എങ്ങനെ ജനകീയ പങ്കാളിത്തം കൊണ്ടുവരാം എന്ന ചിന്തയിൽ നിന്ന് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി പഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ ആദ്യരൂപം 1990-കളുടെ ആദ്യം പ്രാവർത്തികമാക്കി. അതിന്റെ വിജയത്തെ തുടർന്ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഉൾപ്പെടെ കേരളത്തിലെ 18 പഞ്ചായത്തുകളിൽ ഇത് വ്യാപിപ്പിക്കാൻ ആ പ്രാദേശിക സർക്കാരുകൾ തീരുമാനിച്ചു. ഇതിന് പിന്നിലുണ്ടായിരുന്ന ബുദ്ധികേന്ദ്രം മുൻധനകാര്യ മന്ത്രി ഡോ.ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള കുറച്ച് സന്നദ്ധപ്രവർത്തകരായിരുന്നു. അത്തരം പ്രവർത്തനങ്ങളിൽ നിന്ന് ആവേശം ഉൾക്കൊണ്ടാണ് 1996-ലെ സർക്കാർ 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി, അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം മുന്നോട്ട് വച്ച് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ബീജാവാപം നടത്തിയത്. അതിലേക്കായി മഹാനായ ഇ.എം.എസ്. അധ്യക്ഷനായി വികേന്ദ്രീകൃതാസൂത്രണ ഉന്നതാധികാര സമിതി രൂപീകരിച്ചു. 1996-ൽ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡോ. ടി.എം. തോമസ് ഐസക് അംഗമാകുക കൂടി ചെയ്തതോടെ പ്രവർത്തനങ്ങൾ യാഥാർത്ഥ്യത്തിലേക്ക് നീങ്ങി. അന്നത്തെ തദ്ദേശ ഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, വകുപ്പ് സെക്രട്ടറി എസ്.എം. വിജയാനന്ദ് IAS എന്നിവരുടെ ഇടപെടലുകൾ ഇക്കാര്യത്തിൽ എടുത്ത് പറയേണ്ടതാണ്. അങ്ങനെ 1996 ആഗസ്റ്റ് 17 (ചിങ്ങം 1) ന് തിരുവനന്തപുരത്ത് വച്ച് ജനകീയാസൂത്രണത്തിന് ഔപചാരികമായി തുടക്കം കുറിച്ചു.

സാധാരണ ജനങ്ങളെ ആസൂത്രണ പ്രക്രിയയുടെ ഭാഗമാക്കാൻ കഴിഞ്ഞു എന്നത് തന്നെയാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ നേട്ടം. ഓരോ മേഖല തിരിച്ചുമുള്ള കണക്കുകൾ പരിശോധിച്ചാൽ തന്നെ ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിലുണ്ടാക്കിയ മാറ്റമെന്തെന്ന് വ്യക്തമാകും

ഭൂരിഭാഗവും അൺടൈഡായി സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35-40% തുക ആദ്യമേ നൽകുന്നതിലൂടെ പണമില്ലാത്ത കാരണം പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടരുത് എന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് വ്യക്തമായത്. പ്രവർത്തനങ്ങളിൽ ഭാഗമാകാൻ സംസ്ഥാനത്തുടനീളം സന്നദ്ധപ്രവർത്തകർ, വിദഗ്ധർ, ഉദ്യോഗസ്ഥർ തുടങ്ങി ഏകദേശം 1 ലക്ഷം പേർക്ക് പലതവണയായി പരിശീലനം നൽകി. ഗ്രാമസഭകളിലൂടെ പ്രാദേശിക വികസനത്തിനുതകുന്ന പദ്ധതികൾ രൂപംകൊണ്ടു എന്നതാണ് ഏറ്റവും പ്രധാനം. അതായത് പദ്ധതികൾ ഉന്നതതലത്തിൽ തീരുമാനിക്കുന്നതിൽ നിന്നും വിഭിന്നമായി സാധാരണ ജനങ്ങളിൽ നിന്നും, താഴെത്തട്ടിൽ നിന്നും രൂപംകൊണ്ടു എന്നത് പ്രസക്തമായ കാര്യം. അത് ഇന്ത്യയിൽ ആദ്യമായിരുന്നു. ഗ്രാമസഭകളിലേക്ക് ജനങ്ങൾ ഒഴുകിയെത്തി. വികസന സെമിനാറുകൾ സജീവ ചർച്ചകൾക്ക് വിധേയമായി. ജനകീയാസൂത്രണം ജനങ്ങൾ ഉത്സവമായി ഏറ്റെടുക്കുന്ന കാഴ്ചയാണ് കേരളത്തിലെ ഗ്രാമ-നഗരങ്ങളിൽ കണ്ടത്.

നേട്ടങ്ങൾ

സാധാരണ ജനങ്ങളെ ആസൂത്രണ പ്രക്രിയയുടെ ഭാഗമാക്കാൻ കഴിഞ്ഞു എന്നത് തന്നെയാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ നേട്ടം. ഓരോ മേഖല തിരിച്ചുമുള്ള കണക്കുകൾ പരിശോധിച്ചാൽ തന്നെ ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിലുണ്ടാക്കിയ മാറ്റമെന്തെന്ന് വ്യക്തമാകും.

പ്രാദേശിക റോഡുകൾ

ജനകീയാസൂത്രണത്തിന് മുൻപ് പ്രാദേശിക സർക്കാരുകൾക്ക് റോഡ് വികസനത്തിനായി ലഭ്യമാകുന്ന തുക വളരെ തുച്ഛമായിരുന്നു. വില്ലേജ് റോഡ് മെയിന്റനൻസ്, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ എന്നിങ്ങനെ വിവിധ ഹെഡ്ഡുകളിലായുള്ള തുക കുറവായിരുന്നു എന്ന് മാത്രമല്ല കൃത്യമായി ലഭിക്കുകയുമില്ലായിരുന്നു. അതുകൊണ്ട് തന്നെ പ്രാദേശിക സർക്കാരുകൾ ഇക്കാര്യത്തിൽ കടുത്ത പ്രതിസന്ധിയിലുമായിരുന്നു. അതിന് ഒരു വലിയമാറ്റം ജനകീയാസൂത്രണം കൊണ്ടു

വന്നു. 1995-96-ൽ കേരളത്തിൽ 1.15 ലക്ഷം കിലോമീറ്ററാണ് പ്രാദേശിക റോഡുകൾ ഉണ്ടായിരുന്നതെങ്കിൽ 2020-21-ൽ അത് 2.3 ലക്ഷം അതായത് ഇരട്ടിയായി എന്നത് ഈ മേഖലയിൽ ജനകീയാസൂത്രണം കൊണ്ടുവന്ന മാറ്റം വ്യക്തമാക്കുന്നു. വല്ലപ്പോഴും കിട്ടിയിരുന്ന, കിട്ടുമെന്ന് ഉറപ്പില്ലാത്ത തുകയുടെ സ്ഥാനത്ത്, ബജറ്റിലൂടെ ഉറപ്പാക്കിയ വലിയ തുകകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു എന്നത് കേരളത്തിലെ ഗ്രാമ-നഗരങ്ങളിൽ ഉണ്ടാക്കിയ മാറ്റം വളരെ വലുതാണ്.

അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യവികസനത്തിൽ കുതിച്ചു ചാട്ടം തന്നെയുണ്ടായി. ഗ്രാമനഗരങ്ങളിലെ കൃഷിഭവനുകളും മൃഗാശുപത്രികളും ആയുർവേദ-ഹോമിയോ-അലോപ്പതി ആശുപത്രികളും സ്കൂളുകളും മികച്ച അടിസ്ഥാന സൗകര്യത്തോടെ മുന്നേറുന്ന കാഴ്ച കേരളം കണ്ടു. പഞ്ചായത്തുകൾ ഫ്രണ്ട് ഓഫീസ് സംവിധാനമുൾപ്പെടെ ISO അംഗീകാരത്തോടെ മികച്ച ജനസൗഹൃദ കേന്ദ്രങ്ങളായി. തിരുവനന്തപുരം നഗരസഭ പണിത ശാന്തികവാടം ശ്മശാനവും മുട്ടത്തറയിലെ ദിനംപ്രതി ഒരു കോടി ലിറ്റർ സംസ്കരണശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഇന്ത്യയിൽ തന്നെ അത്തരത്തിലുള്ള ആദ്യത്തെ സംരംഭങ്ങളായി.

കാർഷിക മേഖല

ആലപ്പുഴയിലെ കഞ്ഞിക്കുഴിയും തിരുവനന്തപുരത്തെ നെടുമങ്ങാട് ബ്ലോക്കും തൃശ്ശൂരിലെ കൊടകര ബ്ലോക്കുമൊക്കെ കാണിച്ച മികച്ച മാതൃകകൾ കേരളത്തിലേക്ക് കാർഷിക സംസ്കാരം തിരിച്ചുകൊണ്ടുവരാൻ ഇടയാക്കിയിട്ടുണ്ട്. തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കി. നെൽകൃഷിയിൽ വർദ്ധനയുണ്ടായതും കാണാതിരുന്നുകൂടാ.

വിദ്യാഭ്യാസ മേഖല

കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിൽ ജനകീയാസൂത്രണത്തിനുള്ള പങ്ക് വിസ്മരിക്കാനാവില്ല. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ, അദ്ധ്യാപക-രക്ഷകർതൃ സമിതികളിന്മേലുള്ള ഗുണപരമായ ഇടപെടലുകളിൽ, സ്കൂളിലെ ഭക്ഷണവിതരണത്തിൽ ഒക്കെ കേരളം ജനകീയാസൂത്രണത്തിലൂടെ മാതൃകയായി. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മുൻസർക്കാർ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും പ്രധാനമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തന്നെയാണ് നടപ്പിലാക്കിയത്. 1991-ലെ 1.5 ലക്ഷം കുട്ടികളിൽ നിന്ന് 2015 ആകുമ്പോഴേയ്ക്കും അൺഎയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം 4.1 ലക്ഷം കുട്ടികളിലേക്ക് വർദ്ധിച്ചിരുന്നുവെങ്കിൽ കഴിഞ്ഞ 5 വർഷക്കാലം അതിനൊരു തിരിച്ചൊഴുക്ക് ഉണ്ടായി എന്ന് കാണാൻ കഴിയും. 6 ലക്ഷത്തോളം കുട്ടികളാണ് അൺഎയിഡഡ് മേഖലയിൽ നിന്ന് തിരിച്ച് എയിഡഡ് മേഖലയിലേക്ക് എത്തിയത്. തന്റെ നിയോജക മണ്ഡലത്തിൽ കദളീവനം പോലെ ജനകീയാസൂത്രണത്തിന്റെ ഉത്തമ മാതൃകകൾ സൃഷ്ടിച്ച പ്രൊഫ. സി. രവീന്ദ്രനാഥിന്റെ നേതൃത്വവും വിദ്യാഭ്യാസ മേഖലയ്ക്ക് ഊർജ്ജം പകർന്നുവെന്ന് നിസ്സംശയം പറയാം. സ്കൂൾ ക്വാളിറ്റി ഇൻറക്സിൽ 100-ൽ 76.6 മാർക്ക് നേടി കേരളം ഇന്ത്യയിലെ 20 വലിയ സംസ്ഥാനങ്ങളിൽ ഒന്നാമതെത്തിയതും ജനകീയാസൂത്രണത്തിന്റെ നേട്ടം തന്നെയാണ്.

ആരോഗ്യ മേഖല

1990-കളിൽ കേരളത്തിലെ പൊതുജനാരോഗ്യ മേഖല ഗുരുതര പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് ജനകീയാസൂത്രണത്തിന്റെ ആരംഭം. സർക്കാർ സംവിധാനങ്ങളിലെ കുറവ് സ്വകാര്യമേഖലയുടെ തള്ളിക്കയറ്റത്തിനും ഇടയാക്കിയിരുന്നു. NSSO റിപ്പോർട്ട് അനുസരിച്ച് സർക്കാർ ആരോഗ്യമേഖലയെ ആശ്രയിക്കുന്ന ആളുകളുടെ എണ്ണം 30 ശതമാനത്തിലും കുറഞ്ഞു. ശിശുമരണ നിരക്ക് ആയിരത്തിന് 15 എന്നതായിരുന്നു. രോഗപ്രതിരോധ കുത്തിവയ്പ്പിന്റെ കാര്യത്തിലും കുറവുണ്ടായിരുന്നു. എന്നാൽ ജനകീയാസൂത്രണ പ്രസ്ഥാനം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെയും ജില്ലാ-താലൂക്ക് ആശുപത്രികളുടെയും ഭൗതിക സൗകര്യത്തിൽ വരുത്തിയ മികച്ച മാറ്റവും പാലിയേറ്റീവ് കെയർ മേഖലയിൽ ഉണ്ടാക്കിയ മാറ്റവും ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിന് നടത്തിയ ഇടപെടലുകളും ജനങ്ങളെ സർക്കാർ ആരോഗ്യ മേഖലയിലേക്ക് തിരിച്ചുകൊണ്ടുവന്നു. നിലവിൽ 50 ശതമാനത്തിന് അടുത്ത് ആളുകൾ സർക്കാർ മേഖലയെ ആശ്രയിക്കുന്നു. ശിശുമരണനിരക്ക് 7 ശതമാനത്തിലേക്ക് എത്തിച്ചു. യു.എൻ ലക്ഷ്യം 8 ശതമാനവും ദേശീയ ശരാശരി 32 ശതമാനവും ആണെന്നറിയുമ്പോഴാണ് നമ്മൾ ആരോഗ്യരംഗത്ത് ഏറെ മുന്നിലാണ് എന്ന തിരിച്ചറിവുണ്ടാകുന്നത്. രോഗപ്രതിരോധ കുത്തിവയ്പ്പ് ഏകദേശം 100 ശതമാനമാണ്. കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ആർദ്രം പദ്ധതി ഈ കുതിപ്പിന് ആക്കം കൂട്ടിയിട്ടുണ്ട്.

ഭവനനിർമ്മാണം

ലൈഫ് പദ്ധതി വിജയകരമായി മുന്നോട്ട് പോകുമ്പോൾ ജനകീയാസൂത്രണം ഈ മേഖലയിൽ വരുത്തിയ മാറ്റം നമ്മൾ തൊട്ടറിയുകയാണ്. വിവിധ ജില്ലകളും തദ്ദേശസ്ഥാപനങ്ങളും 1996-ന് ശേഷം സ്വന്തമായി ഭവനപദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'തണൽ' ഭവനപദ്ധതി അത്തരത്തിൽ ആദ്യത്തേതാണ്. 20,000-ൽ അധികം വീടുകളാണ് 'തണൽ' പദ്ധതിയുടെ ഭാഗമായി ജില്ലയിലെ പഞ്ചായത്തുകളിൽ പൂർത്തിയായത്. അതിനുശേഷം ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഇ.എം.എസ്. ഭവനപദ്ധതി, ലക്ഷംവീട് പുനരുദ്ധരിക്കൽ, കോളനികളിലെ ഇരട്ടവീട് ഒറ്റവീടാക്കൽ എന്നിവയൊക്കെ നടപ്പിലാക്കിയതിലൂടെ ഭവനരഹിതരായ ഒരു കുടുംബം പോലും ഇല്ലാത്ത കേരളം എന്ന സ്വപ്നത്തിലേക്ക് നമ്മൾ മുന്നോട്ട് നീങ്ങി. ആ വഴിക്കുള്ള ഏറ്റവും മികച്ച പദ്ധതിയായിരുന്നു ലൈഫ്. കഴിഞ്ഞ 5 വർഷം കൊണ്ട് 2.5 ലക്ഷത്തിലധികം പേർക്ക് സ്വന്തമായി വാസസ്ഥലം നൽകാൻ പദ്ധതിയ്ക്കായി. തിരുവനന്തപുരം നഗരസഭ മാത്രം 10,000-ൽ അധികം പേർക്കാണ് ഇത്തരത്തിൽ അഭയമേകിയത്. വീടും സ്ഥലവുമില്ലാത്ത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ കുറച്ചുകൂടി വേഗത കൈവരിക്കാനുണ്ട്. കേരളത്തിലെ മുഴുവൻ വാസഗൃഹങ്ങളിലും വൈദ്യുതി എത്തിക്കാനും ശൗചാലയങ്ങൾ നിർമ്മിക്കാനും കഴിഞ്ഞു. ഇക്കാര്യങ്ങളിൽ ഇന്ത്യയിൽ കേരളം മുന്നിലെത്തിയത് ജനകീയാസൂത്രണത്തിന്റെ ഏറ്റവും മികച്ച നേട്ടങ്ങളിലൊന്നാണ്.

ദാരിദ്ര്യലഘൂകരണം

ജനകീയാസൂത്രണം കേരളത്തിലു

ണ്ടാക്കിയ ഏറ്റവും വലിയ ഗുണഫലം എന്താണെന്ന് ചോദിച്ചാൽ ദാരിദ്ര്യലഘൂകരണം ആണെന്ന് നിസംശയം പറയാം. 1994-ൽ കേരളത്തിലെ ദരിദ്രർ ഗ്രാമീണ മേഖലയിൽ 25.76 ശതമാനവും നഗരമേഖലയിൽ 24.59 ശതമാനവും ആയിരുന്നു. 2020 ആയപ്പോൾ അത് യഥാക്രമം 7 ശതമാനവും 5 ശതമാനവും ആയി കുറഞ്ഞു. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ഗോവ കഴിഞ്ഞാൽ ദരിദ്രരുടെ ശതമാനം ഏറ്റവും കുറവ് കേരളത്തിലാണ്. ചില സംസ്ഥാനങ്ങളിൽ ദരിദ്രരുടെ ശതമാനം ചുവടെ ചേർക്കുന്നു.

ബീഹാർ	-	33.74 %
ഒഡീഷ	-	32.59 %
മധ്യപ്രദേശ്	-	31.65 %
ഉത്തർപ്രദേശ്	-	29.43 %
കർണാടക	-	20.91 %
തമിഴ്നാട്	-	11.28 %

ഈ കണക്കുകൾ നോക്കുമ്പോൾ കേരളത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും മഹത്വം മനസിലാകും. ദാരിദ്ര്യലഘൂകരണത്തിൽ കേരളത്തിന്റെ മുന്നേറ്റം സൂചിപ്പിക്കുമ്പോൾ ഒഴിവാക്കാൻ കഴിയാത്ത ഒരു സംവിധാനം ഉണ്ട്. അത് കുടുംബശ്രീ പ്രസ്ഥാനമാണ്.

കുടുംബശ്രീ

ദാരിദ്ര്യ ലഘൂകരണത്തിനായുള്ളതും സ്ത്രീശാക്തീകരണത്തിന് ഉതകുന്നതുമായ ഒരു സംഘടനാ സംവിധാനം തയ്യാറാക്കുന്നതിലേക്കായി 1997-ൽ ആണ് അന്നത്തെ ആസൂത്രണ ബോർഡ് അംഗങ്ങളായ ഡോ. ടി.എം. തോമസ് ഐസക്, ഡോ. പ്രകാശ്ബക്ഷി, അന്നത്തെ തദ്ദേശഭരണവകുപ്പ് സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് IAS എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റിക്ക് സർക്കാർ രൂപം കൊടുത്തത്. 1998 മെയ് 17 ന് മലപ്പുറത്ത് 50,000 സ്ത്രീകളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ റാലിക്ക്ശേഷം അന്നത്തെ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയ് കുടുംബശ്രീ സംവിധാനം ഔപചാരികമായി ഉത്ഘാടനം ചെയ്തു. സ്ത്രീകളുടെ അഭൂതപൂർവ്വമായ പങ്കാളിത്തം കണ്ട് ആഹ്ലാദിച്ച പ്രധാനമന്ത്രി കുടുംബശ്രീ സംവിധാനത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് അന്നത്തെ പ്ലാനിംഗ് കമ്മീഷൻ അധ്യക്ഷന് നേരിട്ട് കത്തെഴുതിയതായി പറഞ്ഞു കേട്ടിട്ടുണ്ട്.

ഇന്ന് കുടുംബശ്രീ പ്രസ്ഥാനം ഐ ടി സ്ഥാപനങ്ങൾ നടത്തുകയും കൊച്ചി മെട്രോ നിയന്ത്രിക്കുകയും ചെയ്യുന്ന വൻ പെൺകൂട്ടായ്മയായി വളർന്നു കഴിഞ്ഞു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ മാത്രമല്ല മറ്റ് രാജ്യങ്ങൾ പോലും ഈ മാതൃക പകർത്താൻ തയ്യാറാകുന്നു. ഇന്ന് പൂർണ്ണമായും സ്ത്രീകൾ അടങ്ങിയ 2.9 ലക്ഷം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീ അംഗങ്ങളാണ്. 11,000 കോടിയധികമാണ് അയൽക്കൂട്ടങ്ങളിലെ നിക്ഷേപം. 19,489 എ.ഡി.എസ്-ഉം 1,064 സി.ഡി.എസ്-ഉം നിയന്ത്രിക്കുന്ന കുടുംബശ്രീ സംവിധാനത്തിലൂടെയാണ് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ 2006-ൽ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇത്തരം ശ്രമങ്ങൾ കേരളത്തിലെ കുടുംബങ്ങളിലെ ദാരിദ്ര്യം നീക്കം ചെയ്യുന്നതിൽ മുഖ്യ പങ്ക് വഹിച്ചെങ്കിൽ അതിനുള്ള പ്രധാന അടിത്തറ ജനകീയാസൂത്രണം തന്നെയാണ്.

ഇന്ന് കുടുംബശ്രീ പ്രസ്ഥാനം ഐ ടി സ്ഥാപനങ്ങൾ നടത്തുകയും കൊച്ചി മെട്രോ നിയന്ത്രിക്കുകയും ചെയ്യുന്ന വൻ പെൺകൂട്ടായ്മയായി വളർന്നു കഴിഞ്ഞു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ മാത്രമല്ല മറ്റ് രാജ്യങ്ങൾ പോലും ഈ മാതൃക പകർത്താൻ തയ്യാറാകുന്നു. ഇന്ന് പൂർണ്ണമായും സ്ത്രീകൾ അടങ്ങിയ 2.9 ലക്ഷം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീ അംഗങ്ങളാണ്.

നിലവിലെ അവസ്ഥ

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35.-40% തുക പ്രാദേശിക സർക്കാരുകൾക്ക് നൽകാൻ വിഭാവനം ചെയ്ത ജനകീയാസൂത്രണം കാലക്രമത്തിൽ തുക കുറഞ്ഞു കുറഞ്ഞു 2020-21 ൽ 25.9 % ആണ് അനുവദിച്ചത്. ആ തുക പക്ഷേ 20,000 കോടിയിലധികവും ആകെ സംസ്ഥാന റവന്യൂവിന്റെ 20% വുമാണ് എന്നതും നാം കാണേണ്ടതുണ്ട്. എന്നാൽ ജനകീയാസൂത്രണം പൂർണ്ണതോതിൽ പ്രവർത്തിച്ച് തുടങ്ങിയതോടെ കേന്ദ്രപദ്ധതികളും പ്രാദേശിക സർക്കാരുകൾ വഴിയാണ് നടപ്പിലാക്കുന്നത്. അത്തരത്തിൽ ഏകദേശം 9-10 % തുക ലഭിക്കുന്നുണ്ട്. അതുകൂടി കണക്കാക്കിയാൽ ഫലത്തിൽ 35 % ന് മുകളിൽ തുക ഇപ്പോഴും ലഭിക്കുന്നുണ്ട്.

പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ

- ഗ്രാമസഭയിലെ പങ്കാളിത്തം ഗണ്യമായി കുറഞ്ഞു. ഗ്രാമസഭ ഗുണഭോക്തൃ തിരഞ്ഞെടുപ്പിനുള്ള വേദി മാത്രമായി മാറി.
- പദ്ധതി രൂപീകരണത്തിൽ സഹായിച്ചിരുന്ന വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും പിന്നോട്ട് പോക്ക് - ജനകീയാസൂത്രണ തുടക്കത്തിൽ റെയിൽവേ ബോർഡ് ചെയർമാനായി വിരമിച്ച എം.എൻ. പ്രസാദിനെ പോലൊരാൾ തിരുവനന്തപുരം നഗരസഭയുടെ വിദഗ്ധ സമിതിയെ നയിച്ചിരുന്നു എന്നത് ഇന്ന് ചിന്തിക്കാൻ കഴിയുന്നില്ല. അത്തരത്തിൽ സന്നദ്ധപ്രവർത്തകരായ വിദഗ്ധരുടെ സേവനം ഇപ്പോൾ ലഭിക്കുന്നില്ല. അഥവാ ഉപയോഗിക്കുന്നില്ല.
- പ്രാദേശിക സർക്കാരുകൾക്ക് ഫണ്ട് നൽകുമ്പോഴുള്ള നിയന്ത്രണങ്ങളിൽ മാറ്റമുണ്ടാകണം. ജനകീയാസൂത്രണം കാൽനൂറ്റാണ്ട് പിന്നിട്ടപോലെ ഈ ഭരണസംവിധാനങ്ങളും കാൽനൂറ്റാണ്ട് പിന്നിട്ടു. ഇനിയും അവരുടെ മേൽ കൂടുതൽ സർക്കാർ നിയന്ത്രണങ്ങൾ പാടില്ല എന്നതാണ് അഭിപ്രായം.
- വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും നോക്കുകുത്തികളാകുന്നു. കമ്മിറ്റികൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുവേണ്ടി മാത്രം കൂടുന്നു എന്ന രീതിയിലാകുന്നു.

ഇത്തരം പരിഹരിക്കപ്പെടേണ്ട ചെറിയ പ്രശ്നങ്ങളുണ്ട്. എങ്കിലും ജനകീയാസൂത്രണം കേരളത്തിലുണ്ടാക്കിയ മാറ്റം, സങ്കല്പങ്ങൾക്കും അപ്പുറമാണ് എന്ന് അതിനെ കാൽനൂറ്റാണ്ട് അടുത്തുനിന്ന് കണ്ട ഒരു വ്യക്തിയെന്ന നിലയിൽ നിസ്സംശയം പറയാൻ കഴിയും. പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം വന്നതോടെ ഗ്രാമീണരെ ചൂഷണം ചെയ്യുന്ന രീതിയിൽ വലിയ കുറവ് വന്നുവെന്നും നമുക്ക് കാണാൻ കഴിയും. അത്തരത്തിൽ ജനകീയാസൂത്രണം ഗാന്ധിജിയുടെ സ്വപ്നസാക്ഷാത്കാരമായി മാറിക്കഴിഞ്ഞു. □

ലേഖകൻ തിരുവനന്തപുരം നഗരസഭ മേയറുടെ പി.എ. ആണ്.

നീർത്തടാധിഷ്ഠിത വികസനം ഒരാമുഖം

■ ഡോ. വി. സുഭാഷ് ചന്ദ്രബോസ്

ഏതൊരു സമൂഹത്തിന്റെയും വളർച്ചയ്ക്കും പുരോഗതിക്കും വികസനപ്രവർത്തനങ്ങൾ അനിവാര്യമാണ്. വനാന്തരങ്ങളിൽ ജീവിച്ചിരുന്ന ആദിമമനുഷ്യർ നല്ല ജലവും കായ്കനികളും സുരക്ഷിതമായ പ്രദേശങ്ങളും അന്വേഷിച്ചുകൊണ്ട് സഞ്ചാരികളായതു മുതൽ പ്രകൃതിയെയും പരിസ്ഥിതിയെയും കൂടുതൽ നിരീക്ഷിക്കുവാൻ തുടങ്ങി. പ്രകൃതിവിഭവങ്ങൾ കൂടുതലും ജനസംഖ്യ താരതമ്യേന കുറവുമായിരുന്നപ്പോൾ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുപോയിരുന്നു. അതേസമയം മനുഷ്യരുടെ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് പലവിധ കണ്ടുപിടിത്തങ്ങൾ നടത്തിയപ്പോൾ ജീവിതയാത്രയുടെ വേഗത കൂടുകയുണ്ടായി. പ്രാരംഭഘട്ടത്തിൽ കൃഷിയും അനുബന്ധമായവയുമായിരുന്നു പ്രധാനമെങ്കിൽ വ്യവസായ വിപ്ലവത്തോടെ കഥ മാറി. ശാസ്ത്ര - സാങ്കേതികവിദ്യകളുടെ വളർച്ച കൂടിയായപ്പോൾ നിരവധി കണ്ടുപിടിത്തങ്ങളും ഉണ്ടായി. ഈ കാലയളവുകളിൽ തന്നെ വിവിധ വികസന കാഴ്ചപ്പാടുകളും രൂപപ്പെട്ടുവന്നു. ആളോഹരി, ദേശീയവരുമാനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ തന്നെ വികസിതം, വികസ്വരം, അവികസിതം എന്നിങ്ങനെ വേർതിരിക്കുകയുണ്ടായി. അതോടൊപ്പം വിവിധ വികസന സൂചികകളും വികസിപ്പിക്കപ്പെട്ടു.

ആദിമമനുഷ്യർ പ്രകൃതിയോടിണങ്ങിയാണ് ജീവിച്ചിരുന്നതെങ്കിൽ കാലക്രമേണ പ്രകൃതിഘടകങ്ങളെ വ്യാപകമായി ചൂഷണം ചെയ്യുന്ന രീതികളിലേക്ക് കാര്യങ്ങൾ മാറി. മണ്ണ്, ജലം, ജൈവസമ്പത്ത് തുടങ്ങിയ അടിസ്ഥാന വിഭവങ്ങളുടെ ലഭ്യതയിലും ഗുണത്തിലും അളവിലും നിരവധി മാറ്റങ്ങൾ ഉണ്ടായി. വിവര വിജ്ഞാന വിസ്ഫോടനം കൂടിയായപ്പോൾ വികസനത്തിന്റെ വേഗത വർദ്ധിക്കുകയും ചെയ്തു. ഒരു വശത്ത് വികസന മുന്നേറ്റം നടക്കുമ്പോൾ തന്നെ മറുവശത്ത് പ്രകൃതി വിഭവങ്ങളിൽ കുറവുണ്ടാവുകയും മലിനീകരണം ഉൾപ്പെടെ വ്യാപകമാവുകയും ചെയ്തുകൊണ്ടിരുന്നു. ജനസംഖ്യ വർദ്ധനവ്, വികലമായ വികസന കാഴ്ചപ്പാടുകൾ, സമ്പത്ത് ഒരു ന്യൂനപക്ഷത്തിലേക്ക് കേന്ദ്രീകരിക്കപ്പെടുന്ന വികസനനയങ്ങൾ എന്നിവയെല്ലാം കൊണ്ട് ലോകത്താകെ വികസന പ്രതിസന്ധികളും രൂപപ്പെട്ടു.

രാസവളങ്ങളുടെയും കീടനാശിനികളു

ടെയും കണ്ടുപിടിത്തത്തോടെ ഉൽപ്പാദന വർദ്ധനവിനായി ധാരാളമായി ഇവയെല്ലാം മണ്ണിൽ പ്രയോഗിച്ചു തുടങ്ങി. വനങ്ങൾ, തണ്ണീർത്തടങ്ങൾ മറ്റ് വിവിധ പാരിസ്ഥിതിക ആവാസവ്യവസ്ഥകൾ എന്നിവയുടെ ഘടനകൾ മാറ്റി വ്യാപകമായി കൃഷികൾ ആരംഭിക്കുകയുണ്ടായി. സ്വാഭാവികമായ പ്രകൃതിയുടെ താളവും രീതികളും മാറ്റപ്പെടുന്ന അവസ്ഥയാണ് തുടർന്നുണ്ടായത്. ഈ ഘട്ടത്തിൽ തന്നെ ആഗോള താപനം പോലുള്ളവ കാരണം കാലാവസ്ഥക്കും വലിയ മാറ്റങ്ങൾ അനുഭവപ്പെട്ടു. എത്രകണ്ടു കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിച്ചിട്ടും മണ്ണിന്റെ ഉൽപാദനക്ഷമത നിലനിർത്താനാവുന്നില്ല. മഴയെത്ര ലഭിച്ചിട്ടും ജലക്ഷാമം പരിഹരിക്കപ്പെടുന്നില്ല. ഉൽപ്പാദനത്തിൽ വലിയ കുറവുണ്ടാകുന്നു. ഉല്പാദനച്ചെലവും ബാഹ്യ നിക്ഷേപഘടകങ്ങളും വർദ്ധിക്കുന്നു. മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതിയുടെ പ്രതിഭാസങ്ങളും തുടരെത്തുടരെയുണ്ടാകുന്നു. നിരവധി ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളുമുണ്ടാകുന്നു. ഇവയൊക്കെ പരിഗണിച്ചാണ് പുതിയ വികസന കാഴ്ചപ്പാടുകൾ വികസിപ്പിച്ചത്. സുസ്ഥിര വികസനത്തിനുള്ള വഴികൾ ലോകമാകെ അന്വേഷണ വിധേയമായപ്പോഴാണ് നീർത്തടാധിഷ്ഠിത വികസനമെന്ന കാഴ്ചപ്പാടിന് വലിയ പ്രാധാന്യം ലഭിച്ചത്.

എന്തുകൊണ്ട് നീർത്തടാധിഷ്ഠിതം

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയാണ് പ്രധാനപ്പെട്ട അടിസ്ഥാന വിഭവങ്ങൾ (Biomass). ഇവയിൽ മണ്ണും, സസ്യസമ്പത്തും സ്ഥിരമായി കാണുന്നവയാണ്. അതേസമയം ജലം സഞ്ചാരപ്രിയനും ഏറെ ചലനാത്മകവുമാണ് മാത്രമല്ല മറ്റ് ഭൗതിക ഘടകങ്ങളുടെ സ്വാധീനത്താൽ നീരാവി, മഴ, മഞ്ഞ്, ആലിപ്പഴം എന്നിവയൊക്കെ ആയി മാറുന്ന സ്വഭാവവുമുണ്ട്. ഖര, ദ്രാവക, വാതക രൂപങ്ങളുള്ളതിനാൽ സ്ഥിരസ്വഭാവം പറയാനാവില്ല. കടൽ, അന്തരീക്ഷം, മേഘങ്ങൾ എന്നിവയെല്ലാം ചേർത്തുള്ള ജലചക്ര(Water cycle)വ്യവസ്ഥയിലൂടെയാണ് ഭൂമിയിൽ ജലം ലഭിക്കുന്നത്. ജലത്തിന് ചലനാത്മക (Dynamic) സ്വഭാവം ഉള്ളതുകൊണ്ട് ഒരു പ്രദേശത്ത് മാത്രമായി നിലനിർത്തുവാൻ കഴിയില്ല.

കടൽ, അന്തരീക്ഷം, മേഘങ്ങൾ എന്നിവയെല്ലാം ചേർത്തുള്ള ജലചക്ര(Water cycle) വ്യവസ്ഥയിലൂടെയാണ് ഭൂമിയിൽ ജലം ലഭിക്കുന്നത്. ജലത്തിന് ചലനാത്മക (Dynamic) സ്വഭാവം ഉള്ളതുകൊണ്ട് ഒരു പ്രദേശത്ത് മാത്രമായി നിലനിർത്തുവാൻ കഴിയില്ല. അതേസമയം ജലം ഒരു പ്രധാന ഘടകവും ആയതിനാൽ അവയെ സമഗ്രവും ശാസ്ത്രീയവുമായി കൈകാര്യം ചെയ്യേണ്ടതും പ്രധാനമാണ്.

അതേസമയം ജലം ഒരു പ്രധാന ഘടകവും ആയതിനാൽ അവയെ സമഗ്രവും ശാസ്ത്രീയവുമായി കൈകാര്യം ചെയ്യേണ്ടതും പ്രധാനമാണ്.

നിലവിൽ വികസന യൂണിറ്റുകൾ രാജ്യം, സംസ്ഥാനം, ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, വാർഡ് എന്നിവയാണ് റവന്യൂ യൂണിറ്റുകളായ സംസ്ഥാനം, ജില്ല, താലൂക്ക്, വില്ലേജ് എന്നിവയും നിലവിലുണ്ട്. ഇവയുടെയെല്ലാം അതിർത്തി നിർണയിച്ചിരിക്കുന്നത് പ്രധാനമായും ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. പ്രകൃതി ഘടകങ്ങളായ തോടുകൾ, നദികൾ, മനുഷ്യനിർമ്മിതമായ റോഡുകൾ, കനാലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽക്കൂടി വേണം വാർഡുകളുടെ അതിർത്തികൾ നിർണ്ണയിക്കണമെന്ന നിർദ്ദേശമൊന്നും പലപ്പോഴും പാലിക്കപ്പെടാറില്ല. വോട്ട്, മറ്റു രാഷ്ട്രീയ, സാമുദായിക, സാമൂഹ്യപരിഗണനകൾ എന്നിവയെല്ലാം വാർഡ് നിർണയത്തെ സ്വാധീനിക്കാറുണ്ട്. അവ പലപ്പോഴും ജലത്തിന്റെ ഒഴുക്കുരീതികളെയും വിന്യാസസംവിധാനങ്ങളെയും കണക്കിലെടുക്കാതെയുമായിരിക്കും. വിവിധങ്ങളായ വികസന പ്രതിസന്ധികളെ മുറിച്ചു കടക്കുവാൻ ജലത്തെ കൂടി അവയുടെ സമഗ്രതയിൽ പ്രകൃതിയിലെ രീതികൾക്കനുസരിച്ച് കൈകാര്യം ചെയ്യണമെന്ന കാഴ്ചപ്പാടാണ് തുടർന്നുണ്ടായത്. അങ്ങനെ മനുഷ്യനിർമ്മിതമായ അതിർത്തികൾക്കുള്ളിൽ നീരൊഴുക്കിനെ ഒതുക്കുവാൻ കഴിയില്ല എന്ന കാര്യവും മനസ്സിലാക്കപ്പെട്ടു.

താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ കൂടി പരിഗണിച്ചാൽ മാത്രമേ സുസ്ഥിര വികസനം നേടാൻ കഴിയുകയുള്ളൂ എന്നതും പ്രധാനമാണ്.

- സസ്യ ജന്തുജാലസമ്പത്ത് സംരക്ഷിക്കുവാൻ വർദ്ധിച്ച തോതിൽ എല്ലായ്പ്പോഴും ജലം നിലനിർത്തുക
- ജലാംശവും ജൈവാംശവും കൂടുതലായി സംരക്ഷിക്കുക.
- മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ തോത് പരമാവധി കുറയ്ക്കുക.
- മണ്ണിന്റെ അമ്ല-ക്ഷാര സ്വഭാവത്തിലെ സന്തുലനാവസ്ഥ ഉറപ്പാക്കുക.
- വരൾച്ച പ്രളയം വെള്ളപ്പൊക്കം എന്നിവ നിയന്ത്രിക്കുക.
- ഉപരിതല നീരൊഴുക്കിന്റെ വേഗത കുറയ്ക്കുക.
- ഭൂജലസമ്പത്തിന്റെ തോത് വർദ്ധിപ്പിക്കുക.
- കുടിവെള്ളം, കൃഷി, ജലസേചനം, വ്യവസായം, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കാവശ്യമായ ജലം എല്ലാകാലവും ഉറപ്പുവരുത്തുക.
- മണ്ണിന്റെ സ്വാഭാവിക ഉൽപ്പാദനക്ഷമതയും തുടർവളർച്ച സാധ്യതകളും പരിപോഷിപ്പിക്കുക.
- പ്രകൃതി വിഭവ പരിപാലനം, ആവാസ വ്യവസ്ഥകളുടെ സംരക്ഷണം എന്നിവ നടപ്പിലാക്കുക.
- വികസനത്തിന് തുടർ വളർച്ച സാധ്യത (സുസ്ഥിരത, Sustainability) ഉണ്ടാക്കുക.
- പ്രാദേശികവരുമാന, തൊഴിൽ സാധ്യതകൾ പരമാവധി ഉയർത്തുക.
- പ്രകൃതിക്കനുയോജ്യമായ സാങ്കേതിക രീതികൾ പരമാവധി പ്രയോജനപ്പെടുത്തുക.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ പരിഗണിക്കുമ്പോൾ വികസനപ്രവർത്തനങ്ങൾക്ക് ചില അടിസ്ഥാന തത്വങ്ങളും ആവശ്യമാണ്

സുസ്ഥിരത (Suatainibiliy)

ഏതൊരു പ്രദേശത്തിന്റെയും വികസനത്തെ രണ്ടായി കാണാവുന്നതാണ്. ധാരാളമായ ബാഹ്യനിക്ഷേപങ്ങൾ (External Inputs) നൽകി ഉൽപ്പാ

ദനക്ഷമത കുറഞ്ഞ കാലയളവുകളിൽ ധാരാളമായി വർദ്ധിപ്പിക്കുക എന്നതാണ് ഒരു രീതി. രാസവളങ്ങൾ, കീടനാശിനികൾ, യന്ത്രവൽക്കരണം, മറ്റ് ഘടകങ്ങൾ എന്നിവയിലൂടെയെല്ലാം ഓരോ പ്രദേശത്തെയും പരമാവധി വസ്തുക്കൾ ഉത്പാദിപ്പിക്കുക എന്നതാണ് സമീപനം

രണ്ടാമത്തെ രീതിയിൽ മണ്ണിന്റെ സ്വാഭാവിക (നൈസർഗിക) ഉൽപ്പാദന കഴിവ് നിലനിർത്തുകയും എല്ലാ കാലത്തേക്കുമുള്ള തുടർവളർച്ച സാധ്യത ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പ്രധാനം. താൽക്കാലിക ഉത്പാദനക്ഷമതയ്ക്കുപരിയായി സുസ്ഥിരമായ നിലനിൽപ്പാണ് കണക്കിലെടുക്കുന്നത്. അതേസമയം എല്ലായ്പ്പോഴും ഉൽപ്പാദനക്ഷമതയും തുടർവളർച്ച സാധ്യതയും കൊണ്ടുവന്ന സുസ്ഥിരത നേടുകയെന്ന തത്വമാണ് നീർത്തടാധിഷ്ഠിത പരിപാടികളിലൂടെ ഉദ്ദേശിക്കുന്നത്. അപ്പോൾ ഓരോ പ്രദേശത്തേക്കുമുള്ള ബാഹ്യനിക്ഷേപ ഘടകങ്ങൾ, സാങ്കേതിക രീതികൾ, വിത്തിനങ്ങൾ, കീടനാശിനികൾ, വളപ്രയോഗ ഘടകങ്ങൾ, രീതികൾ എന്നിവയെല്ലാം പരിഗണിക്കേണ്ടിവരും. അനുയോജ്യമായ നിലയിൽ മാത്രം ബാഹ്യനിക്ഷേപ ഘടകങ്ങൾ എന്നതാണ് അടിസ്ഥാന തത്വം.

തുല്യതയും നീതിപൂർവകതയും (Equality and Equity)

ഓരോ പ്രദേശത്തെയും ജനങ്ങൾക്ക് അതാതിടങ്ങളിലെ വിഭവങ്ങളുടെയും വികസന ഫലങ്ങളുടെയും മുകളിൽ തുല്യമായ അവകാശമുണ്ട്. അവ നടക്കണമെങ്കിൽ നീതിപൂർവകമായ ലഭ്യതാ സംവിധാനമാവശ്യമാണ്. ഭൂമിയിൽ ഓരോ പ്രദേശവും മറ്റൊന്നിന്റെ തുടർച്ചയായതിനാൽ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന ഇടപെടലുകളുടെ ഗുണദോഷഫലങ്ങൾ ആ പ്രദേശത്തെ ഒന്നാകെ സ്വാധീനിക്കുന്നതാണ്. പക്ഷേ നിലവിൽ വാർഡ് അടിസ്ഥാനത്തിലൊക്കെ കാര്യങ്ങൾ നടക്കുമ്പോൾ അത്തരം തുല്യതയും നീതിയും ഉറപ്പാക്കണമെന്നില്ല. കുന്നിൻ പ്രദേശങ്ങളിൽ നടക്കുന്ന മണ്ണ്, ജല ജൈവസംരക്ഷണപരിപാടികളുടെ ഗുണഫലം കൂടുതൽ ലഭിക്കുന്നത് ചരിവുകളിലും താഴ്വരകളിലുമായിരിക്കും. മുകൾ പ്രദേശങ്ങളിലെ പ്രവർത്തനഫലമായി താഴെ ഭാഗങ്ങളിലെ കിണറുകൾ, കുളങ്ങൾ, നദികൾ, തോടുകൾ എന്നിവയിൽ ജലത്തിന്റെ അളവ് വർദ്ധിച്ചാൽ അവയൊന്നും ഇല്ലാത്ത ഉയർന്ന പ്രദേശങ്ങളിലുള്ളവർക്കും ആ വർദ്ധിച്ച ജലത്തിൽ അവകാശമുണ്ടാകുമ്പോഴാണ് തുല്യതയും നീതിയുമെല്ലാം നടപ്പിലാകുന്നത്. ചരിവ് ഇടങ്ങളിൽ മണ്ണ് സംരക്ഷിക്കപ്പെടുമ്പോൾ ഒന്നും ചെയ്യാതിരുന്നാലും താഴ്വരകളിൽ അവയുടെ ഗുണം ലഭിക്കും. ദോഷങ്ങൾ ഉണ്ടെങ്കിൽ അവയുടെ ഫലവും ഉണ്ടാകും. ഇവയെല്ലാം കൃത്യമായി കണക്കാക്കപ്പെടണമെങ്കിൽ പ്രകൃതിദത്ത വികസന യൂണിറ്റുകളായ നീർത്തടങ്ങളെ തന്നെ അടിസ്ഥാനമാക്കിയാലേ കഴിയുകയുള്ളൂ. തലക്കുളം ഒരു വാർഡിലും, തോടുകളും വയലുകളും പല വാർഡുകളിലും ആയിരിക്കുകയും, വാർഡുകൾക്ക് വ്യത്യസ്ത പരിപാടികൾ ആവുകയും ചെയ്താൽ വിചാരിക്കുന്ന ഫലം ഉണ്ടാവുകയില്ല.

> ഓരോ പ്രദേശങ്ങളിലെയും വായു, കാറ്റ്, സൂര്യപ്രകാശം, മണ്ണ്, വെള്ളം, മൺതരങ്ങൾ, ചരിവ്, ഭൂമിയുടെ കിടപ്പ്, പാറയുടെ ഘടന എന്നിവയെല്ലാം അനുസരിച്ചാണ് ഉൽപ്പാദനക്ഷമത നിർണ്ണയിക്കുന്നത്. ഇവയൊന്നും തന്നെ വാർഡ് അടിസ്ഥാനത്തിൽ ഒതുക്കാവുന്നതോ നിയന്ത്രിക്കാവുന്നതോ അല്ല. ആയതിനാൽ ഇവയുടെ സ്വാഭാവിക പ്രകൃതി അതിരുകൾ പരിഗണിച്ചുകൊണ്ടുള്ള വികസനത്തിനു മാത്രമേ നീതിയും തുല്യതയും ഉറപ്പാക്കാനാവുകയുള്ളൂ.

ഓരോ പ്രദേശങ്ങളിലെയും വായു, കാറ്റ്, സൂര്യപ്രകാശം, മണ്ണ്, വെള്ളം, മൺതരങ്ങൾ, ചരിവ്, ഭൂമിയുടെ കിടപ്പ്, പാറയുടെ ഘടന എന്നിവയെല്ലാം അനുസരിച്ചാണ് ഉൽപ്പാദനക്ഷമത നിർണ്ണയിക്കുന്നത്. ഇവയൊന്നും തന്നെ വാർഡ് അടിസ്ഥാനത്തിൽ ഒതുക്കാവുന്നതോ നിയന്ത്രിക്കാവുന്നതോ അല്ല. ആയതിനാൽ ഇവയുടെ സ്വാഭാവിക പ്രകൃതി അതിരുകൾ പരിഗണിച്ചുകൊണ്ടുള്ള വികസനത്തിനു മാത്രമേ നീതിയും തുല്യതയും ഉറപ്പാക്കാനാവുകയുള്ളൂ.

ജനങ്ങളുടെ നേതൃത്വം (People's Leadership)

ജനങ്ങളുടെ പങ്കാളിത്തവും (Peoples Partnership) നേതൃത്വവും വളരെ പ്രധാനമാണ്. (People's Leadeship) ഒരുവ്യക്തിയെ സംബന്ധിച്ചിത്തോളം നിലവിൽ തന്റെ വാർഡിലല്ലാത്ത ഒരു പ്രകൃതി വിഭവത്തെ പരിഗണിക്കുവാൻ പലപ്പോഴും കഴിയാറില്ല. ജലക്ഷാമമുണ്ടായാലും രാഷ്ട്രീയ, നിയമപ്രശ്നങ്ങളുമുണ്ടാകാം. വിഭവങ്ങൾക്ക് ഭൂമിയിൽ തുടർച്ചയുള്ളതിനാൽ കൃത്യമായ ജനങ്ങളുടെ നേതൃത്വം ഓരോ പ്രദേശത്തെയും സംരക്ഷണത്തിനുവേണ്ട എല്ലായിടത്തും അനുവദിക്കണമെങ്കിൽ വാർഡ് അതിരുകൾപോലുള്ള പരിഗണന പാടില്ല. ഉയർന്നതും, ചെരിവുള്ളതും, താഴ്ന്നതുമായ പ്രദേശങ്ങളിലെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ മാത്രമെ സമഗ്ര വിഭവസംരക്ഷണം സാധ്യമാവുകയുള്ളൂ.

അനുയോജ്യമായ സാങ്കേതികവിദ്യ

സൂക്ഷ്മതലത്തിൽ പോലും വലിയ വ്യത്യാസമുള്ള ഭൂപ്രദേശങ്ങളായതിനാൽ ഓരോ പ്രദേശത്തേക്കുള്ള സാങ്കേതികവിദ്യകളുടെ തിരഞ്ഞെടുപ്പും പ്രയോഗവും പ്രധാനമാണ്. പരമ്പരാഗതമായ അറിവുകൾ, സാങ്കേതിക രീതികൾ, പ്രാദേശിക രീതികൾ, ആധുനിക സാങ്കേതിക വിദ്യകൾ, എന്നിവയെല്ലാം നിലവിലുണ്ട്. ഇവയിൽ ഏതൊക്കെ വേണമെന്നും സംയോജിത രീതികൾ ആകാമോ എന്നൊക്കെ തീരുമാനിക്കേണ്ടത് പ്രധാനമാണ്. അവ വാർഡ് അടിസ്ഥാനത്തിൽ ആകുമ്പോൾ പ്രകൃതിയുടെ ഘടകങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കണമെന്നില്ല.

സ്ത്രീ സുരക്ഷ (Women's Security)

പ്രകൃതി വിഭവങ്ങളിലുണ്ടാകുന്ന ഏതൊരു കുറവും കൂടുതൽ ബാധിക്കുന്നതും നിലവിലെ സാഹചര്യത്തിൽ സ്ത്രീകളെയാണ്. പോഷകാഹാരക്കുറവ്, ജലക്ഷാമം, ഭക്ഷ്യധാന്യങ്ങളുടെ ക്ഷാമം എന്നിവയെല്ലാം ആദ്യമായി ബാധിക്കുന്നത് സ്ത്രീകളെ

തന്നെയാണ്. ധാരാളം പച്ചക്കറികൾ, മറ്റ് ഭക്ഷ്യസാധനങ്ങൾ എന്നിവ സുലഭമാക്കി യാൽ മാത്രമേ സ്ത്രീകളുടെ സുരക്ഷ കൂടുതൽ ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ.

പ്രകൃതി വിഭവ പരിപാലനം (NaturalResourses management)

ഒരിഞ്ച് കനത്തിൽ സ്വാഭാവികമായി മണ്ണുണ്ടാകുവാൻ ആയിരം വർഷം വേണം. അവ മണ്ണൊലിപ്പിലൂടെ നഷ്ടമാവാൻ ശരാശരി നാലുവർഷം മതി. ഒരു ഹെക്ടർ വന ആവാസവ്യവസ്ഥ 32,000 ഘന കിലോ മീറ്ററും 10 സെന്റ് വയൽ 1,60,000 ലിറ്ററും മഴവെള്ളത്തെ ഉൾക്കൊള്ളും. അന്തരീ ക്ഷത്തിലെ വർദ്ധിച്ച കാർബൺഡയോ ക്സൈഡ് കരുതിവയ്ക്കാൻ ധാരാളം സസ്യസ മ്പത്തും മണ്ണും ആവശ്യമാണ്. ജൈവാംശമു ള്ള മണ്ണിൽ മാത്രമേ ധാരാളമായി വെള്ളം വേനൽക്കാലങ്ങളിലേക്കും കരുതി വയ്ക്കു വാൻ കഴിയുകയുള്ളൂ. നദികളിൽ വേനൽ ക്കാലങ്ങളിൽ മിനിമം നീരൊഴുക്കിനുള്ള ജലം ആവശ്യമാണ്. ഇല്ലെങ്കിൽ നദി വറ്റി പോകാനും സാധ്യതയുണ്ട്. കാവുകൾ, ജലസംഭരണിയും അന്തരീക്ഷവായുവിന്റെ ശുദ്ധിയും സന്തുലിതാവസ്ഥയും നിലനിർ ത്തുന്നവയാണ്. പ്രകൃതിയിലെ ഓരോ വിഭ വങ്ങളെയും സമഗ്രമായി സംരക്ഷിക്കുവാൻ വാർഡ് തലത്തിൽമാത്രം കഴിയുകയില്ല.

കേരളത്തിന്റെ സവിശേഷതകൾ

- ഭൂപ്രകൃതിയുടെ കിടപ്പ് സൂക്ഷ്മതലത്തിൽ പോലും സമതുലിതമല്ല.
- ചരിവിന് വലിയ പ്രാധാന്യമാണുള്ളത്. വിശാലമായ ഭൂപ്രദേശങ്ങൾ കുറവാണ്.
- ഭൂവിഭാഗങ്ങൾ തുണ്ടുവൽക്കരിക്ക പ്പെട്ടവയാണ്
- വർഷത്തിൽ 120 ദിവസം മാത്രമേ മഴ ലഭിക്കുകയുള്ളൂ. 365 ദിവസവും ജലം ആവശ്യമാണ്
- മഴ ദിനങ്ങളിൽ ഏതാനും മണിക്കൂർ മാത്രമേ മഴ ലഭിക്കുന്നുള്ളൂ. വർഷ ത്തിൽ തുടർച്ചയായി പെയ്യുന്ന എന്ന കണക്കിൽ നോക്കുമ്പോൾ 30-40 മണിക്കൂർ കൊണ്ട് എല്ലാ മഴയും ലഭി ക്കുന്നുവെന്നും വേണമെങ്കിൽ പറയാവു ന്നതാണ്.
- മണ്ണിന്റെ ആഴം കുറവായതിനാൽ ശക്തമായ മഴ പെയ്താലും ഒരേസമയം മണ്ണിനടിയിൽ കരുതിവയ്ക്കാനാവില്ല. ഉപരിതല നീരൊഴുക്ക് വർദ്ധിക്കുന്ന തിനാൽ ഉരുൾപൊട്ടൽ, മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, പ്രളയം എന്നിവ സംഭവിക്കാവുന്നതാണ്
- മഴസീസൺ, മഴദിനങ്ങൾ, മഴ മണിക്കൂർ എന്നിവയിൽ വലിയ മാറ്റം ഉണ്ടാകുന്നു. കുറഞ്ഞ സ്ഥലത്ത് കുറഞ്ഞ കാലയള വിൽ വർദ്ധിച്ച മഴ എന്നതാണ് പുതിയ രീതിയായി കാണുന്നത്.
- സ്വാഭാവിക വനങ്ങൾ, കാവുകൾ, മലകൾ, കുന്നുകൾ, വയലുകൾ തണ്ണീർ തടങ്ങൾ എന്നിവയിൽ കുറവും മലിനീ കരണവുണ്ടാകുന്നു.
- ഭൂവിനിയോഗം വളരെ ചലനാത്മക മാണ്.
- ഭൂമിയെ നിരപ്പാക്കി മാത്രമുള്ള നിർമ്മാ ണരീതികൾ.
- മഴത്തുള്ളികളുടെ കനത്തിൽ ഉണ്ടാകു ന്ന വർദ്ധനവ്.
- മഴവെള്ള സംഭരണം, കൃത്രിമ ഭൂജല പരിപാലനം, മണ്ണ്, ജല, ജൈവപരി സ്ഥിതി സംരക്ഷണം എന്നിവയിലുണ്ടാ കുന്ന കുറവ്.
- ബഹുവിളകളിൽ നിന്ന് ഏകവിളകളി ലേക്കുള്ള മാറ്റം.
- ഭക്ഷ്യവിളകളെക്കാൾ നാണ്യവിളകൾ ക്കുള്ള പ്രാധാന്യം.
- അമിതമായ രാസവള കീടനാശിനി പ്രയോഗം
- ഭൂസാക്ഷരത, നീർത്തടസാക്ഷരത എന്നിവയുടെഅഭാവം

മുകളിൽ സൂചിപ്പിച്ച വിവിധ ഘടക ങ്ങൾ പരിഗണിക്കുമ്പോൾ സമഗ്രവും ശാസ്ത്രീയവുമായ പ്രകൃതിവിഭവ പരിപാ ലനവും മണ്ണ്, ജല, ജൈവസംരക്ഷണ പരിപാടികളിലൂടെയും മാത്രമേ നിലവിലെ വെല്ലുവിളികളെ മറികടക്കാൻ ആവുകയുള്ളൂ. അതിനാവട്ടെ ഏറ്റവും ചലനാത്മകമായി ജല വിഭവത്തെ കൈകാര്യം ചെയ്യേണ്ടതു ണ്ട്. ഒഴുകുന്ന വെള്ളത്തിനും വ്യാപിക്കുന്ന ജലസ്രോതസ്സുകൾക്കും വാർഡതിരുകൾ ബാധകമല്ല. ജലത്തിന് അത് മനസ്സിലാവു കയില്ല. ജലത്തിനറിയാവുന്ന ഏക കാര്യം ഭൂമിയിൽ മഴയായും മഞ്ഞായും എത്തിക്കഴി ഞ്ഞാൽ മറ്റ് ഭൗതികഘടകങ്ങൾക്കും സാഹ ചര്യങ്ങൾക്കുമനുസരിച്ച് സഞ്ചാരം നടത്തുക എന്നത് മാത്രം. ഒഴുകുവാൻ സാഹചര്യമു ണ്ടെങ്കിൽ ഒഴുകും. കരഭാഗങ്ങളിൽ കെട്ടികി ടന്നാൽ ബാഷ്പീകരിച്ചും നീർവാഴ്ചയിലൂടെയും എല്ലാം നഷ്ടമാകും.

സുസ്ഥിര വികസനത്തിനായി മൂന്നു പേരെ കൈകാര്യം ചെയ്യണം. രണ്ടാൾക്ക് സഞ്ചാരം ഇല്ല (മണ്ണ്, ജൈവസമ്പത്ത്) പിന്നെ സഞ്ചരിക്കുന്ന ജലത്തെയാണ് പിടിക്കേണ്ടത്. അതിനെ റവന്യൂ ഭരണ അതിർത്തിക്കുള്ളിൽ ഒതുക്കുവാൻ കഴിയില്ല. അവിടെയാണ് ഒഴുകുന്ന നീരിന്റെ (വെള്ള ത്തിന്റെ) അടിസ്ഥാനത്തിൽ കൂടി വികസനം വേണമെന്ന കാഴ്ചപ്പാട് പ്രസക്തമാകുന്നത്.

ഓടുന്ന വെള്ളത്തെ നടത്തണം, നടക്കു ന്നവയെ നിർത്തണം, നിൽക്കുന്നവയെ ഇരുത്തണം, ഇരിക്കുന്നവയെ കിടത്തണം, കിടക്കുന്നവയെ പരമാവധി മണ്ണിലും ഭൂമിക്ക ടിയിലും കടത്തിവിടണം. അതിനു പറ്റിയ ഏറ്റവും നല്ല വികസന യൂണിറ്റുകളാണ് ചെറുതും വലുതുമായ നീർത്തടങ്ങൾ.

എന്താണ് നീർത്തടം (Water Sheds)

ഭൂമിയെ കര, കടൽ എന്നിങ്ങനെ രണ്ടായി തരം തിരിക്കാവുന്നതാണ്. കരയെ പർവ്വതങ്ങൾ, പീഠഭൂമികൾ, മരുഭൂമികൾ എന്നിവയൊക്കെ ആയി തിരിക്കാവുന്ന താണ്. പിന്നെ കുന്നുകൾ, മലകൾ, ചരിവ്, ഇവയൊക്കെ കൂടെയുണ്ട്. എന്നാൽ വെള്ളത്തെ അടിസ്ഥാനമാക്കിയും കരഭാ ഗത്തെ രണ്ടായി തിരിക്കാം. വർഷത്തിൽ നല്ലൊരു കാലവും വെള്ളം കാണുന്നവ യാണ് തണ്ണീർത്തടങ്ങൾ. കായലുകൾ,കു ളങ്ങൾ, തടാകങ്ങൾ, വയലുകൾ, എന്നി വയെല്ലാം ഈ വിഭാഗത്തിലുൾപ്പെടുന്നു. ഇതെല്ലാം കഴിഞ്ഞാലും മഴപെയ്യുമ്പോൾ വീഴുന്ന വെള്ളത്തിന്റെ നീരൊഴുക്ക് വിന്യാ സരീതികൾക്കനുസരിച്ചും കര ഭാഗങ്ങളെ വിവിധ പ്രദേശങ്ങളായി മനസ്സിലാക്കാവു ന്നതാണ്.

ഭൂമി പരന്ന് വിശാലമായി കിടന്നിരു ന്നുവെങ്കിൽ വെള്ളം വീഴുന്നതിന്റെയും ഒഴുകുന്നതിന്റെയും അതിരുകൾ ഒന്നും വേർതിരിക്കുവാൻ കഴിയില്ലായിരുന്നു. എന്നാൽ നിലവിൽ നിമ്നോന്ന(ഉയർച്ച താഴ്ചകൾ) ഭൂമിയായതിനാൽ കേരളം പോലുള്ള സ്ഥലങ്ങളിൽ ധാരാളം നദികളും തോടുകളും ചെറുചാലുകളും ഒക്കെ ഉണ്ടായി. അവയൊക്കെ പൊതുവായി നീരൊഴുക്ക് എന്ന് പറയാവുന്നതാണ്. ഉയർച്ചതാഴ്ചകളു ള്ള പ്രദേശങ്ങളിൽ ഏതൊരു നീരൊഴുക്ക് കണക്കിലെടുത്താലും അവയ്ക്ക് ചുറ്റും അവയി ലേക്ക് മഴവെള്ളം നൽകുകയും അവയിൽ നിന്നുള്ള ജലം ലഭിക്കുകയും ചെയ്യുന്ന ഒരു

ഭൂഭാഗം കാണാവുന്നതാണ്. അത്തരം പ്രദേശത്തെ നീർത്തടം എന്ന് പറയാം. നീരൊഴുക്കിന് ചുറ്റുമുള്ള മഴയിടമാണ് തീർത്തടം. ഒരു നദിക്ക് ചുറ്റും നദിയിലേക്ക് വെള്ളം നൽകുന്ന ചെറുതോടുകളും നീർ ചാലുകളും കാണും. നിരവധി ചെറുതോടുകളും ചാലുകളും ചേരുന്ന നദിയുടെയും അവയുടെ ചുറ്റുമുള്ള പ്രദേശത്തെയും നദീതടം എന്നാണ് വിളിക്കുന്നത്. അമ്പതിനായിരം ഹെക്ടറിലധികം ഭൂപ്രദേശങ്ങൾ നദിക്കു ചുറ്റുമുണ്ടെങ്കിൽ അതിനെ വൻനീർത്തടം (Macro watershed)അഥവാ നദീതടം (River bank) എന്നും പറയുന്നു. വേറൊരു തരത്തിൽ പറഞ്ഞാൽ 50,000 ഹെക്ടർ പ്രദേശത്തെ മഴവെള്ളമാണ് പ്രസ്തുത നദിയിലൂടെ ഒഴുകി കടലിലോ, കായലിലോ ചേരുന്നത്. അതിനപ്പുറത്തുള്ളവ വേറെ ഒരു നദിയിലൂടെ ആയിരിക്കും സഞ്ചരിക്കുന്നത്. നദിയുടെ ആരംഭസ്ഥലം മുതൽ ഒഴുകുന്ന ഇടങ്ങളും ചേർത്ത് അടുത്ത ജലസ്രോതസ്സുകളിൽ പതിക്കുന്ന സ്ഥലം വരെയാണത്.

നിരവധി ചെറുതോടുകൾ ചേർന്നാണ് ഒരു നദീവ്യവസ്ഥ ഉണ്ടാകുന്നത്. മിക്കവാറും തോടുകൾ ഉയർന്ന ഭാഗങ്ങളിൽ നിന്നായിരിക്കും ആരംഭിക്കുന്നത്. അത്തരം തോടുകളുടെ പ്രധാന ധർമ്മം അടുത്ത നീരൊഴുക്കിലേക്ക് ജലം ഒഴുക്കി നൽകുകയെന്നതാണ്. ആദ്യമായി ഒരു തോടോ നീർച്ചാലോ രൂപപ്പെടുത്തുന്നതിന് ഒന്നാം നിരച്ചാൽ (Ist order Stream) എന്നാണ് പറയുന്നത്. രണ്ടിടങ്ങളിലായി കരയിൽ രൂപപ്പെട്ട രണ്ട് ഒന്നാം നിരച്ചാൽ അനുകൂലമായ ഏതോ സ്ഥലത്ത് വച്ച് സംഗമിച്ച് ഒന്നായി ഒഴുകും. സ്വാഭാവികമായും 2 ഒന്നാം നിരച്ചാലുകളിലെ മഴവെള്ളം ഒന്നിച്ചു വന്നതിനാൽ ചാലിന്റെ നീളവും വീതിയും ആഴവും വെള്ളത്തിന്റെ അളവും കൂടുതലായിരിക്കും. ഇവയെ രണ്ടാം നിരച്ചാൽ (IInd order Stream) എന്നാണ് വിളിക്കുന്നത്. ഇതുപോലെ രണ്ടിടങ്ങളിൽ ഉണ്ടായ രണ്ടാം നിരച്ചാലുകൾ രണ്ടെണ്ണം ചേർന്ന് മൂന്നാം നിരയായും (IIIrd order Stream) രണ്ട് മൂന്നാം നിരകൾ ചേർന്ന് നാലാം നിരയായും (IVth order Stream) നാലാം നിരച്ചാലുകൾ ചേർന്ന് അഞ്ചാം നിരയായും (Vth order Stream) തുടർന്ന് ആറും (VIth order Stream)ഏഴും (VII th order Stream)നിരകളുമൊക്കെ കാണാവുന്നതാണ്.

ഓരോ നീർത്തടത്തിനും മൂന്ന് ഭാഗങ്ങൾ ഉണ്ടാകാം. ജലാഗിരണ മേഖല, ജല വ്യാ

കേരളത്തിലെ നീർത്തടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നമ്പർ	വിഭാഗം	വിസ്തൃതി ഹെക്ടറിൽ	ആകെ
1	വൻനീർത്തടം (Macrowatershed) നദീതടം (River basin)	50,000 ത്തിനു മുകളിൽ	44
2	ലഘുനീർത്തടം (sub watershed)	10,000 ത്തിനു മുകളിൽ	152
3	ഉപനീർത്തടം (Milly watershed)	10,000 മുതൽ 1000 വരെ	960
4	ചെറുനീർത്തടം (Mini watershed)	100 മുതൽ 1000 വരെ	23,000
5.	സൂക്ഷ്മ നീർത്തടം Micro watershed	100 നു താഴെ	....

*എല്ലാ നദികളിലും 50,000 ഹെക്ടറിനുമുകളിൽ നീർത്തടമില്ലെങ്കിലും വൻ നീർത്തടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

പനമേഖല, ജലപതന മേഖല എന്നിവയാണവ. ഒരു നീരൊഴുക്കു മുതൽ അടുത്ത നീരൊഴുക്കുവരെയുള്ള പ്രദേശങ്ങൾ മനസ്സിലാക്കി നീർത്തട അതിരുകൾ വേർതിരിക്കാവുന്നതാണ്. ഉയർന്ന ഭാഗങ്ങളിൽ വീഴുന്ന മഴവെള്ളം പല ഭാഗങ്ങളിലേക്ക് പോകുമ്പോൾ അവയുടെ ഭൂമിയിലെ സ്ഥലാതിരുകൾ മനസ്സിലാക്കി അത്തരത്തിൽ നീരൊഴുക്കുകളെ വേർതിരിക്കുന്നതിനായുള്ള രേഖകളെ നീർമറി രേഖകൾ (Water divide) അല്ലെങ്കിൽ നീർവിഭാജികകൾ എന്ന് പറയാവുന്നതാണ്. നീർമറിരേഖ മുതൽ തുടങ്ങി മഴവെള്ളം ഒഴുകുന്ന സ്ഥലങ്ങളെല്ലാം കണക്കാക്കി അവസാനം നീരിന്റെ ഒരു ഭാഗമെങ്കിലും പതിക്കുന്ന സ്ഥലം വരെയാണ് നീർത്തടം എന്നു കണക്കാക്കുന്നത്. ഇവ പല വാർഡുകൾ, പഞ്ചായത്തുകൾ, ജില്ലകൾ എന്നിവയിലൂടെയൊക്കെ ഒഴുകാവുന്നതാണ്. നാം തീർത്ത റവന്യൂ, ഭരണ അതിർത്തികൾക്കുള്ളിലൂടെ ഒഴുകുവാനും പരക്കുവാനും വെള്ളത്തിനറിയില്ല. അതുകൊണ്ടുതന്നെ നാം അറിയണം ചെറുതും വലുതുമായ നീർത്തടങ്ങളും, അവയുടെ അതിരുകളും, ജല വ്യാപിത പ്രദേശങ്ങളുമൊക്കെ. അവ ഏതെല്ലാം മറ്റു യൂണിറ്റുകളിലൂടെ ഒഴുകിയാലും ഒന്നിന്റെ ഭാഗമായി കണക്കാക്കുവാൻ നമുക്ക് കഴിയണം.

നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന മേഖലകൾ പ്രധാനമാണ്.

- മണ്ണ്, ജലം,ജൈവസംരക്ഷണപരിപാടികൾ
- പ്രകൃതി വിഭവ പരിപാലനപ്രവർത്തനങ്ങൾ
- പരിസ്ഥിതി സംരക്ഷണ പദ്ധതികൾ
- ആവാസവ്യവസ്ഥ പുനർ യൗവ്വന പ്രവർത്തനങ്ങൾ
- വരുമാന വർദ്ധക പരിപാടികൾ
- തൊഴിൽദായക പ്രവർത്തനങ്ങൾ
- സ്ത്രീസുരക്ഷാ പരിപാടികൾ
- പങ്കാളിത്ത പഠനപ്രവർത്തനങ്ങൾ
- പങ്കാളിത്ത വിഭവ പരിപാലനം
- ജനങ്ങളുടെ നേതൃത്വം

ലോകത്തിലെയും ഭാരതത്തിലെയും മാതൃകാ പദ്ധതികൾ

മെക്സിക്കോയിലെ ടൊണോ മെക്കോ ക്യാച്ച്മെന്റ് പദ്ധതി, ഡൊമിനിയൻ റിപ്പബ്ലിക്കിലെ പരിപാടികൾ, ഫിലിപ്പൈൻസിലെ മാഗാറ്റ് നീർത്തടപ്രോജക്ട്, ബർക്കിനഫാസോയിലെ പ്രോജക്ടും, ചൈനയിലെ വ്യൂഹവപദ്ധതി തുടങ്ങിയവ പ്രധാനപ്പെട്ടവയാണ്.

ഇന്ത്യയിൽ മഹാരാഷ്ട്രയിലെ റാലഗാൺസിദ്ധി, മധ്യപ്രദേശിലെ ജബുവ, രാജസ്ഥാനിലെ ആർവാർ, കർണാടകയിലെ മൈറാഡ പ്രോജക്ടുകൾ എന്നിവ പ്രധാനമാണ്. ഝാർഖണ്ഡ്, ബീഹാർ എന്നീ

സംസ്ഥാനങ്ങളിലുൾപ്പെട്ട ദാമോദർ താഴ്‌വരയിലെ തുടർച്ചയായ പ്രളയത്തിനു പരിഹാരമായി 1944-ൽ അമേരിക്കൻ ടെന്നീസ് വാലി അതോറിറ്റിയിൽ (1933-ൽ) ഉണ്ടായിരുന്ന ഡബ്ല്യൂ. എൽ. വ്യൂർഡ്യൂൺ ഒരു പദ്ധതിയ്ക്ക് രൂപം നൽകി. 1948 ജൂൺ ഏഴിനാണ് ദാമോദർവാലി കോർപ്പറേഷൻ രൂപീകരിച്ചത്. അന്നുമുതൽ നദീതട കാഴ്ചപ്പാടിൽ പ്രവർത്തനങ്ങൾ രാജ്യത്ത് ആരംഭിച്ചുവെങ്കിലും 1962-ലെ റിവർ വാലി പ്രോജക്ടുളോടുകൂടിയാണ് പ്രാധാന്യം ലഭിച്ചു തുടങ്ങിയത്. 1971-72 വർഷത്തിൽ അതുവരെയുണ്ടായിരുന്ന ഗ്രാമീണ പ്രവർത്തികളെല്ലാം ചേർത്ത് നാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ (1969-74) തരിശു ബാധിത പ്രദേശങ്ങൾക്കുള്ള പദ്ധതി രാജ്യത്ത് ആരംഭിച്ചു (Desert Prone Area Programme). 1973- 74 ൽ ആരംഭിച്ച പ്രോജക്ടിന്റെ 50 ശതമാനം കേന്ദ്രവിഹിതമായിരുന്നു. അതോടൊപ്പം തന്നെ നദീതാഴ്വര പ്രോജക്ടുകളും (River Valley Projects) തുടങ്ങിയിരുന്നു. 1974-75 കാലയളവിൽ പശ്ചിമഘട്ട വികസന പരിപാടികൾക്ക് തുടക്കം കുറിച്ചു. 1977-78 തരിശുഭൂമി വികസനപദ്ധതി (Desert Development Programme) 1980-ൽ സംയോജിത നീർത്തടപരിപാലനം, 1982-ൽ ജലസംഭരണ പദ്ധതി, 1987-ൽ വരൾച്ചബാധിത വികസനപദ്ധതി, 1989-ൽ സംയോജിത നീർത്തട പരിപാടി (ദേശീയ തരിശു ഭൂമി വികസന ബോർഡ്), 1990-91-ൽ മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്കുള്ള ദേശീയനീർത്തട പരിപാടി. 1992-ൽ സംയോജിത തരിശുഭൂമി വികസന പരിപാടി. 1995-ൽ വിവിധപദ്ധതികൾ സംയോജിപ്പിച്ച് ഹരിയാലിപ്രോജക്ട് തുടർന്ന് ഹരിയാലിയും മറ്റ് പ്രോജക്ടുകളും സംയോജിപ്പിച്ചു കൊണ്ടുള്ള സംയോജിത നീർത്തട പരിപാലന പദ്ധതി എന്നിവയെല്ലാം നിലവിൽവന്നു.

കേരളത്തിൽ നടന്ന പദ്ധതികൾ

1963-ൽ മണ്ണ് സംരക്ഷണ വകുപ്പിന്റെ ആരംഭത്തോടു കൂടിയാണ് കേരളത്തിലും ഇത്തരം പ്രവർത്തനങ്ങളാരംഭിച്ചത്. കേരള ലാൻഡ് ഡെവലപ്മെന്റ് ആക്ട് പ്രകാരമാണ് ഇവ നിലവിൽ വന്നത്. പാലക്കാട് ജില്ലയിലെ കുന്താ നദിയുടെ നീർത്തട പരിപാലന പദ്ധതി കേരളവും തമിഴ്നാടും അന്തർസംസ്ഥാന നദീതാഴ്‌വരാ സംരക്ഷണ

പ്രോജക്റ്റ് പ്രകാരം 1969-ൽ നടപ്പിലാക്കിയതോടെയാണ് കേരളത്തിൽ നീർത്തടാധിഷ്ഠിത വികസന പരിപാടികൾ ആരംഭിച്ചത്. തുടർന്ന് വിവിധ വർഷങ്ങളിലായി നീർത്തടാധിഷ്ഠിത കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം തന്നെ കേരളത്തിൽ പലയിടങ്ങളിലായി നടക്കുകയുണ്ടായി. പശ്ചിമഘട്ട വികസന പരിപാടികളിലുൾപ്പെടുത്തി നിരവധി മാതൃകാ പദ്ധതികൾക്കുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. ഇവകൂടാതെ അഹാഡ്സ് (അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി), നബാർഡ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ വിവിധതലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. മണ്ണ്, ജല, ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ എന്നതിനപ്പുറം നീർത്തടാധിഷ്ഠിത വികസനം എന്ന കാഴ്ചപ്പാടിൽ ഇനിയും പദ്ധതികൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. കാട്ടാക്കട, തളിപ്പറമ്പ് എന്നീ നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ജലസംരക്ഷണ പരിപാടികൾ നടന്നുവരുന്നുണ്ട്.

കേരളത്തിൽ നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ പദ്ധതികൾ ആരംഭിച്ചെങ്കിലും വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല. അതേസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുറേ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തല വിഭവഭൂപട നിർമ്മാണം, ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാനുകളുടെ രൂപീകരണം, ജില്ലാപദ്ധതികൾ എന്നിവയിലെല്ലാം തന്നെ നിരവധി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നീർത്തടാധിഷ്ഠിത വികസനപരിപാടികൾ വേണ്ടത്ര മുന്നോട്ട് പോകാത്തതിന് രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാങ്കേതിക, നയപരമായ, നിയമപരമായ, വകുപ്പ് പരമായ മേഖലകളിലെ പ്രശ്നങ്ങൾ ഉണ്ട്. എന്നാൽ കാലാവസ്ഥ വ്യതിയാനം നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനത്ത് പ്രകൃതിവിഭവ പരിപാലനവും, പരിസ്ഥിതി സംരക്ഷണവും, ആവാസവ്യവസ്ഥ പുനർയൗവ്വന പരിപാടികൾക്കും വലിയ പ്രാധാന്യമാണുള്ളത്. പ്രകൃതിയെയും പരിസ്ഥിതി ഘടകങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള വികസന കാഴ്ചപ്പാടും, നയപരിപാടികളും കൊണ്ട് മാത്രമേ മുന്നിലുള്ള വെല്ലുവിളികളെ നേരിടാൻ ആവുകയുള്ളൂ. അത്തരം വികസനപ്രവർത്തനങ്ങളുടെ മുന്നുപാധിയാണ് നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടും വിവിധ പ്രവർത്തനങ്ങളുമെന്നതും പ്രധാനമാണ്. 50 വർഷം കടന്നു പോയെങ്കിലും ഇനിയും കാത്തിരുന്നാൽ പിന്നെ പ്രതിസന്ധികൾ വർദ്ധിക്കുകയേയുള്ളൂ എന്നതാണ് വർത്തമാനകാല യാഥാർത്ഥ്യം. □

കുളവെട്ടി മരങ്ങൾക്ക് ആവാസവ്യവസ്ഥയൊരുക്കി എളവള്ളി ഗ്രാമപഞ്ചായത്ത്

■ ആൽഫ്രെഡ് എം.കെ.

വംശനാശ ഭീഷണി നേരിടുന്ന സൈസീജിയം ട്രാവൻകോഗറിക്കം എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന കുളവെട്ടി മരങ്ങൾക്ക് അതിന്റെ ആവാസവ്യവസ്ഥ ഒരുക്കി മാതൃകയാവുകയാണ് എളവള്ളി ഗ്രാമപഞ്ചായത്ത്. ലോകത്തിലെ തന്നെ വ്യതിരിക്തമായ ഒരു ആവാസ വ്യവസ്ഥയാണ് മെരിസ്റ്റിക്ക ചതുപ്പുകൾ. അതിലെ മിർട്ടേസിയ കുടുംബത്തിലെ അംഗമാണ് കുളവെട്ടി. ഞാവൽ വർഗ്ഗത്തിൽപ്പെട്ട ഇവ വാതംകൊല്ലി, പൊരിയൻ, തേന്മാവ്, എന്നീ പേരുകളിലും അറിയപ്പെടുന്നു. ഐ.യു.സി.എൻ. (IUCN) കാറ്റഗറി പ്രകാരം റെഡ് ലിസ്റ്റിൽപ്പെട്ട അതീവ വംശനാശ ഭീഷണി നേരിടുന്ന (Critically endangered) കുളവെട്ടി മരങ്ങൾ ലോകത്തിൽ ഇന്ന് ആകെയുള്ളത് 200-റോളം എണ്ണമാണ്. ഇതിൽ 110-ത്തോളം മരങ്ങൾ കണ്ടുവരുന്നത് തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്തുള്ള പോർക്കുളം ഗ്രാമപഞ്ചായത്തിലെ കലശമലയിലാണ്. കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ആശ്രാമം, വയനാട്, കണ്ണൂർ ജില്ലകളിലായാണ് മറ്റുള്ളവ കണ്ടുവരുന്നത്. ഈ അപൂർവ്വ വൃക്ഷം തൃശ്ശൂർകാർക്ക് അത്ഭുതവും അതേസമയം ആശങ്കയും സൃഷ്ടിക്കുന്നതാണ്. ചതുപ്പുസ്വഭാവമുള്ള മണ്ണിൽ വളരുന്ന ഇവയ്ക്ക് അതിന്റെ ആവാസവ്യവസ്ഥ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചെങ്കൽ ഖനനവും, മണ്ണിടിപ്പും മൂലം കലശമലയിലുള്ള കുളവെട്ടി സങ്കേതത്തിൽ മണ്ണിന്റെ ചതുപ്പുസ്വഭാവം നഷ്ടപ്പെട്ടതുമൂലം ജലം സംഭരിക്കാനാവാതെ മരങ്ങൾ വംശനാശ ഭീഷണിയിലാണ്. ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങുന്ന ജലത്തെ ആഴത്തിലുള്ള വേരുപടലം കൊണ്ട് തടഞ്ഞുനിർത്തി, വൃക്ഷം നില്ക്കുന്ന പ്രദേശം ചതുപ്പുനിലമാക്കി മാറ്റിയെടുക്കാൻ കുളവെട്ടിക്ക് കഴിയും. അങ്ങനെ ഒരു പ്രദേശത്തെയാകെ ജലസമൃദ്ധപ്രദേശമാക്കാൻ കഴിവുള്ളവയാണ് കുളവെട്ടി മരങ്ങൾ.

മെരിസ്റ്റിക്ക ചതുപ്പ വിഭാഗത്തിൽപ്പെടുന്ന ഇത്തരം മരങ്ങളെ സംരക്ഷിക്കാൻ ലോകത്തിൽ തന്നെ പദ്ധതികളൊന്നും കാര്യമായി നടപ്പിലാക്കിയിട്ടില്ല. വംശനാശ ഭീഷണി നേരിടുന്ന കുളവെട്ടി മരങ്ങൾക്ക് ആവാസവ്യവസ്ഥ ഒരുക്കാൻ ഈ ഒരു സാഹചര്യത്തിലാണ് എളവള്ളി ഗ്രാമപഞ്ചായത്ത് മുന്നോട്ട വരുന്നത്. ഗ്രാമപഞ്ചായത്തിലെ ചതുപ്പ സ്വഭാവമുള്ള സ്ഥലം കണ്ടെത്തി കുളവെട്ടി മരങ്ങളെ വച്ചുപിടിപ്പിക്കാനായി സംസ്ഥാന തലത്തിൽ തന്നെ ആദ്യമായി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയത് എളവള്ളി ഗ്രാമപഞ്ചായത്താണ്. ഈ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ പ്രോജക്ടിന് തനത് ഫണ്ട് ഇനത്തിൽ 35,298 രൂപയുടെ പദ്ധതിക്ക് തൃശ്ശൂർ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയുണ്ടായി. 4,300 രൂപ മാത്രമാണ് ഈ പദ്ധതിക്ക് ആകെ ചെലവ് വന്നിട്ടുള്ളത്.

പദ്ധതി തയ്യാറാക്കിയെങ്കിലും നടാൻ പാകത്തിലുള്ള തൈകൾ ലഭിക്കുക എന്നതായിരുന്നു ഈ പ്രോജക്ട് നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. വിപണികളിൽ ഒന്നും ഇവയുടെ തൈകൾ ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് സ്വന്തമായി ഇതിന്റെ തൈകൾ മുളപ്പിച്ചെടുക്കാൻ തീരുമാനിച്ചത്. ഏപ്രിൽ മെയ് മാസങ്ങളിലാണ് കുളവെട്ടിമരങ്ങൾ പൂക്കുന്നത്. പൂവിനുശേഷം ഉണ്ടാകുന്ന പഴങ്ങളുടെ വിത്തുകൾ ശേഖരിച്ച് ചതുപ്പ സ്വാഭവമുള്ള മണ്ണിൽ ശാസ്ത്രീയ പരിചരണം നല്കി മുളപ്പിച്ചെടുത്തും പരീക്ഷണാടിസ്ഥാനത്തിൽ കമ്പുകൾ നട്ടും തൈകൾ തയ്യാറാക്കിയത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എം.കെ ആൽഫ്രെഡാണ്. തൃശ്ശൂർ സെന്റ് തോമസ് കോളേജ് സസ്യശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ പി.വി. ആന്റോയുടെ വിദഗ്ധ ഉപദേശവും പദ്ധതിക്ക് ലഭിക്കുകയുണ്ടായി. വെള്ളവും സ്വാഭാവിക അന്തരീക്ഷവും ഒരുക്കിയിട്ടും 20% തൈകളെ മാത്രമേ മുളപ്പിച്ചെടുക്കാനായുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കണിയാംതുരുത്തിലുള്ള 40 സെന്റ് സ്ഥലത്ത് അമ്പതോളം കുളവെട്ടി മരങ്ങൾ നട്ട് മുൻകൃഷി വകുപ്പ മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ 2020 ഫെബ്രുവരി 28-ന് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഒരു വർഷം കൊണ്ട് അസൂയാവഹമായ വളർച്ചയാണ് ഈ തൈകൾക്ക് ഉണ്ടായത്. ചില തൈകൾ 7 അടിയോളം വളർച്ച നേടുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 116 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചെടുക്കാനായി. ഹരിതകേരളം മിഷന്റെ കുളവെട്ടി പച്ചതുരുത്തായും ഇത് ശ്രദ്ധ നേടുകയുണ്ടായി.

ഇതിന്റെ തുടർപദ്ധതിയെന്നോണം കണിയാംതുരുത്തിലുള്ള മണച്ചാൽ പുഴയുടെ വശങ്ങളിൽ കുളവെട്ടി മരങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതി തയ്യാറാക്കുകയുണ്ടായി. 2020-21 സാമ്പത്തികവർഷത്തിലെ പ്രോജക്ടായി 20-തോളം കുളവെട്ടി തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറിയാണ്. ഭൂമിയിലെ ശുദ്ധജലം സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും അസാധാരണമായ കഴിവ് കുളവെട്ടി മരങ്ങൾക്കുണ്ട്. മണ്ണ് ജലസംരക്ഷണത്തിനുള്ള മികച്ച ഒറ്റമൂലിയാണ് കുളവെട്ടിമരങ്ങൾ. ഈ മരങ്ങൾ വളർന്ന് വലുതാകുന്നതോടെ എളവള്ളി ലോകജൈവഭൂപടത്തിൽ ഇടം നേടും. ജൈവ–ജല സംരക്ഷണത്തിന് ഊന്നൽ നല്കുന്ന മികച്ച പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജിയോ ഫോക്സിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. ☐

ലേഖകൻ എളവള്ളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയാണ്

പുതിയകാലം പുതിയരീതി പുതിയ സമീപനം

■ രാജീവ് പെരുമൺപുറ

ജനകീയാസൂത്രണ പ്രസ്ഥാനം കാൽനൂറ്റാണ്ട് പൂർത്തീകരിക്കുകയാണ്.13-ാം പഞ്ചവത്സര പദ്ധതി 2021-22 വാർഷിക പദ്ധതിയോടെ പൂർത്തീകരിക്കപ്പെടുകയുമാണ്. ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതിയ ജനപ്രതിനിധികൾ എത്തിപ്പെട്ട സാഹചര്യത്തിൽ, പുതിയ കാലത്തിന് അനുഗുണമായ രീതിയിൽ പദ്ധതികളെ സമീപിക്കേണ്ടിയിരിക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തലമുറയിലും ഗ്രാമ, ബ്ലോക്ക് പഞ്ചായത്തിലും ഇപ്പോൾ ജില്ലാ പഞ്ചായത്തിലും പ്രവർത്തിക്കാൻ അവസരം ലഭിച്ച ഒരു ജനപ്രതിനിധിയാണ് ഞാൻ. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ജനനകാലത്ത് ഗ്രാമപഞ്ചായത്തിൽ റിസോഴ്സ് പേഴ്സണായും പ്രവർത്തിച്ചു. ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്ന് ഒരു കാര്യം നേരിട്ട് ബോധ്യമായി. കാലത്തിനനുസരിച്ച് മാറ്റം വേണ്ടത്ര ഉണ്ടാകുന്നില്ല. വാർപ്പ് മാതൃകകളെ നാം പിന്തുടരുന്നു. ചിലത് അടിച്ചുടയ്ക്കപ്പെടേണ്ടതായിട്ടുണ്ട്. അതിൻവണ്ണം ഉയർന്ന പരിശീലനം ലഭ്യമാവണം.

1996-ലെ പദ്ധതി ആസൂത്രണമോ നിർവ്വഹണമോ അല്ല 2021-ലേതെന്ന് നമുക്കറിയാം. ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ നാം ഒരു പ്രളയത്തെ അഭിമുഖീകരിച്ചിരുന്നില്ല. എന്നാൽ ഇന്ന് പ്രളയം മാത്രമല്ല മാരക രോഗങ്ങളുടെ ഭീഷണികളും മറ്റ് പ്രകൃതിദുരന്തങ്ങളും നാം അഭിമുഖീകരിക്കുന്നു. 25 വർഷം നടന്ന വികസന പ്രവർത്തനങ്ങളെ ഓരോ തദ്ദേശസ്വയം ഭരണസ്ഥാപനവും കൃത്യമായി അടയാളപ്പെടുത്തുകയും, അത് മണ്ണിനും മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും ഉണ്ടാക്കിയ പരിണാമങ്ങളെ പരിശോധിക്കുകയും വേണം. ഈ ഭൂമി ഒറ്റപ്പെട്ട മനുഷ്യരുടെ സ്വത്തല്ല. ഒരു സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റേയോ സ്വത്തല്ല. എന്തിന് ഈ ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും കൂട്ടു സ്വത്തുമേൽ നമുക്ക് ലഭിച്ചതിനെക്കാൾ മെച്ചപ്പെട്ട രീതിയിൽ വരും തലമുറക്ക് ഇത് കൈമാറാൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ എന്ന് കാറൽമാർക്സ് പറഞ്ഞത് ഓർമ്മിച്ചുവേണം ജനപ്രതിനിധികൾ വികസനപ്രവർത്തനങ്ങൾ നടത്താൻ ഭൂമിയിൽ ഇടപെടേണ്ടത്.

ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് നാം നിർവ്വഹിച്ച പ്രധാന പ്രവർത്തനങ്ങൾ ഇടവഴികളും നടവഴികളും വീതികൂട്ടി റോഡുകൾ ഉണ്ടാക്കുകയാണ്. തുടർന്ന് ടാറിങ്ങും കോൺക്രീറ്റും ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും ചെയ്തു. മലമുകളിൽ ടാങ്ക് കെട്ടി താഴ്വാരങ്ങളിൽ കിണർ

കുഴിച്ച് വീടുകളിൽ ജലമെത്തിക്കാൻ നിരവധിയായ സൂക്ഷ്മ കുടിവെള്ള പദ്ധതികൾ ആരംഭിച്ചു. റോഡുകളിൽ ലൈൻ വലിച്ച് വിളക്കുകൾ വെച്ചു. പട്ടികജാതി കോളനികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി, ഐ.എ.വൈ, പി.എം.എ.വൈ. ലൈഫ് മറ്റ് പാർപ്പിട പദ്ധതികളിലൂടെ നിരവധിയായ വീടുകളും വീട് പുനരുദ്ധാരണവും നടത്തിക്കൊണ്ടിരിക്കുന്നു. സാംസ്കാരിക നിലയങ്ങൾ, അങ്കണവാടികൾ, വ്യവസായകേന്ദ്രങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവയെല്ലാം മെച്ചപ്പെട്ട പ്രവർത്തനങ്ങളിലെത്തിയ്ക്കാൻ കഴിഞ്ഞു. കാർഷിക മേഖലയിലും മെച്ചപ്പെട്ട ഇടപെടലുകൾ ഉണ്ടായി. അങ്ങനെ വിവിധങ്ങളായ പദ്ധതികളിലൂടെ 25 വർഷം കൊണ്ട് നമ്മുടെ നാട്ടിൽ വലിയതോതിലുള്ള മാറ്റങ്ങളാണ് ത്രിതലപഞ്ചായത്തുകൾ വഴി നേടിയെടുക്കാൻ സാധിച്ചത്. വലിയപ്രതിസന്ധികളെ മറികടന്നാണ് ഇത് സാധ്യമായത്. നമ്മൾ എന്താണോ ചെയ്യാൻ പഠിക്കുന്നത് അത് നമ്മൾ പഠിക്കുന്നത് അക്കാര്യം യഥാർത്ഥത്തിൽ ചെയ്തുകൊണ്ടാണ് എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞത് ജനകീയാസൂത്രണത്തിൽ പ്രസക്തമാണ്.

പഞ്ചായത്തുകളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥസംവിധാനത്തിൽ വളരെയധികം മാറ്റം വന്നു കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി പ്രയോഗവത്ക്കരിക്കപ്പെട്ടു. ഇത് പ്രവർത്തനങ്ങളുടെ സമയക്രമത്തിൽ വേഗത വർദ്ധിപ്പിച്ചു. ഫ്രണ്ട് ഓഫീസ് സംവിധാനം, ഐ.എസ്.ഒ നിലവാരം തുടങ്ങിയവ പ്രവർത്തന മികവിന് സഹായകമായ രീതിയിൽ സാഹചര്യങ്ങൾ ഒരുങ്ങി നിൽക്കുന്നു. ഇത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം.

പുതിയ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുത്തൻ രീതിശാസ്ത്രങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. പ്രളയം താറുമാറാക്കിയ ഭൂമിയെ പുന:സൃഷ്ടിക്കുകയും വരാൻ ഇനിയുമേറെ സാധ്യതയുള്ള പ്രകൃതി ദുരന്തങ്ങളെ മുൻകൂട്ടി കണ്ട് പദ്ധതികൾ സുസ്ഥിരമായി ആവിഷ്കരിക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്.

ആരോഗ്യമേഖലയിൽ ഭൗതികസാഹചര്യങ്ങളിൽ ഏറെ മുന്നേറി.എല്ലാ പഞ്ചായത്തിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളോ കുടുംബാരോഗ്യകേന്ദ്രങ്ങളോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളോ നിലവിലുണ്ട്. ഈ സംവിധാനങ്ങളും ആശാപ്രവർത്തകരും അടങ്ങുന്ന ശൃംഖലാ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നു വരുന്നു. എന്നാൽ മാറാവ്യാധികൾ നമ്മെ വലച്ചുകൊണ്ടിരിക്കുന്നു. രോഗാതുരരായിത്തീരുന്ന മനുഷ്യരെ അതിൽ നിന്നും മോചിപ്പിക്കുക എന്നത് നാം ഏറ്റെടുക്കേണ്ടതാണ്. വയോജനങ്ങൾ മുൻപെന്നതിലുമേറെ അസ്വസ്ഥരും ഏകാന്തത അനുഭവിക്കുന്നവരുമാണ്. അണുകുടുംബാന്തരീക്ഷത്തിൽ കുടുങ്ങി വീർപ്പുമുട്ടുന്നവരും ജീവിതശൈലി രോഗപീഢയാൽ വലയുന്നവരും നിരാലംബരായി തീരുന്ന അവസ്ഥ ഭൂഷണമല്ല. സാംസ്കാരിക ഔന്നിത്യമുള്ളവരും ആരോഗ്യസമ്പുഷ്ടരുമായ കുട്ടികൾ സാമൂഹ്യപ്രതിബദ്ധതയോടെ ഭാവനാസമ്പന്നരായി സ്വപ്നം കണ്ട് വളരുന്ന നാടാണ് പുരോഗതിയുടെ സൂചകമാകുന്നത്. അതിനാവശ്യമായ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. മലിനമായ സാമൂഹികാന്തരീക്ഷം പുരോഗതിയുടെ നാഴികക്കല്ലായി തീരില്ല.കാർഷിക മേഖലയിൽ ഉണർവ്വും ഉന്മേഷവും സൃഷ്ടിക്കപ്പെടണം. അങ്ങനെ പുതിയ കാലത്തിന്റെ ആവശ്യങ്ങളെ ബോധ്യപ്പെടുകയും അഭിമുഖീകരിക്കുകയും ചെയ്യുന്ന ഭാവനാസമ്പന്നതയാണ് കാലം ആവശ്യപ്പെടുന്നത്.

പുതിയ രീതികൾ അവലംബിച്ച് വികസനപ്രവർത്തനങ്ങളെ സ്ഥായിയാക്കാനാകണം. ജലസംഭരണികളായ നെൽവയലുകളുടെ തരം മാറ്റം മൂലം സംഭവിച്ച പാരിസ്ഥിതികപ്രശ്നം രൂക്ഷമാണ്. നിലവിൽ നെൽകൃഷി ചെയ്യുന്ന വയലുകൾ അടയാളപ്പെടുത്തി ഗ്രീൻ സോണുകളായി നില

നിർത്താനും അവിടങ്ങളിൽ നെൽകൃഷി ചെയ്യാൻ പ്രായോഗികപരിപാടികൾ ആവിഷ്കരിക്കാനും കഴിയണം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ ഉപകരണസജ്ജവും പ്രവർത്തന സജ്ജവുമായ കാർഷിക കർമ്മസേനകളുണ്ടാവണം. നിലവിലെ ജലാശയങ്ങൾ പുനരുദ്ധരിക്കുകയും ആകാവുന്നത്ര പുതിയ കുളങ്ങൾ നിർമ്മിച്ച് ജലസംഭരണികളാക്കുകയും കുളക്കരകൾ ഇരിപ്പിടസജ്ജമാക്കി ആളുകൾക്ക് സല്ലപിക്കാനുള്ള സ്ഥലങ്ങൾകൂടിയാവണം. അതുവഴി ഭാവിയുടെ കരുതലിനായി ബോധപൂർവ്വം ഇടപെട്ട് ഹരിതാഭമായ നാടൊരുക്കലിനായി കഠിന പ്രയത്നം ചെയ്യണം.

ഓരോ പഞ്ചായത്തിലും മാലിന്യമില്ലാത്ത വൃത്തിയും വെടിപ്പുമുള്ള പാതയോരങ്ങളും അങ്ങാടികളും ഉണ്ടാവണം (സുൽത്താൻബത്തേരി മോഡൽ). നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹരിതകർമ്മസേനകളുടെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഇത് സാധ്യമാക്കാം. പ്രാഥമിക കാരോഗ്യകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ബ്ലഡ് പ്രഷർ, ഷുഗർ, കൊളസ്റ്റോൾ, വൃക്കരോഗങ്ങൾ, കാൻസർ എന്നിവയ്ക്ക് ഓരോരോ ക്ലസ്റ്ററുകൾ രൂപീകരിച്ച് ആരോഗ്യരജിസ്റ്ററുകൾ ഉണ്ടാക്കി നിരന്തരം ഇടപെടലുകൾ നടത്തണം. പ്രാദേശികതലത്തിൽ ആശാ പ്രവർത്തകരും ആരോഗ്യപ്രവർത്തകരും ആർ. ആർ. ടി. അംഗങ്ങളും അടങ്ങുന്ന ഒരു സേന ഇതിനായി പ്രവർത്തന സജ്ജമാകണം. ഓപ്പൺ ജിംനേഷ്യങ്ങളും നീന്തൽകുളങ്ങളും സ്റ്റേഡിയങ്ങളും വയോജന പാർക്കുകളും ജൈവവൈവിധ്യഉദ്യാനങ്ങളും നിർമ്മിച്ച് മാനസികവും ശാരീരികവുമായ പരിപോഷണം സാധ്യമാക്കാൻ കഴിയണം. ഇതിനെല്ലാം ഭൂമി ആവശ്യമാണ്. സ്ഥലമെടുപ്പ് ലളിതമാക്കാൻ മാർഗ്ഗരേഖകളിൽ പരിഷ്കരണം വരണം.

ജീവിതനിലവാരത്തിലുണ്ടാകുന്ന ഉയർച്ചയാണ് വികസനത്തിന്റെ സൂചികയായിത്തീരുക. കൂൺഗ്രാമം, ആട്ഗ്രാമം, മുട്ടഗ്രാമം, ക്ഷീരഗ്രാമം, മത്സ്യഗ്രാമം, കേരഗ്രാമം, നെല്ല് ഗ്രാമം, ഔഷധ സസ്യഗ്രാമം, കിഴങ്ങുവർഗ ഗ്രാമം, പച്ചക്കറി സ്വാശ്രയ ഗ്രാമങ്ങൾ സാധ്യമാക്കാനാവണം. നമ്മുടെ ഭൗതികവും ഭൂമിശാസ്ത്രപരവുമായ പ്രകൃതിസവിശേഷതകൾക്കനുസരിച്ച് സൂക്ഷ്മതൊഴിൽ സംരംഭങ്ങളിലൂടെ മനുഷ്യരുടെ ജീവിതനിലവാരം ഉയർത്താനാവശ്യമായ ഇടപെടലുകൾ കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതികളിലൂടെ നടത്താനാവണം. റോഡുകളും, പാലങ്ങളും, കെട്ടിടങ്ങളും മാത്രമുണ്ടാക്കുന്ന കരാറുപണിക്കാരുടെ കേന്ദ്രമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുരുങ്ങിക്കൂടാ.

ലൈബ്രറികളും വായനശാലകളും സാംസ്കാരികനിലയങ്ങളും സാക്ഷരതാ കേന്ദ്രങ്ങളുമുള്ള അനൗപചാരികവും ഔപചാരികവുമായ വിദ്യാഭ്യാസശൃംഖല പ്രവർത്തനം നടക്കണം. ഒരു നിശ്ചിത സമയത്ത് കുട്ടികൾ ഒന്നിച്ചിരുന്ന് പഠിക്കുകയും പ്രോജക്ടുകളും അസൈൻമെന്റുകളും ചെയ്ത് പരസ്പരം ആശയവിനിമയം നടത്തുന്ന സാമൂഹ്യപഠന കേന്ദ്രങ്ങളുണ്ടാകണം. തനത് കലകളും നാടകം പോലുള്ള കലാരൂപങ്ങളും പരിശീലിക്കാനും ഒത്തുചേരാനും കഴിയുന്ന ആർട്ട്ഗ്യാലറി അടക്കമുള്ള കലാഗ്രാമകേന്ദ്രങ്ങൾ പഞ്ചായത്തുകളിൽ ഉണ്ടാകണം. പട്ടികജാതി കോളനികൾ ഭൗതിക സാഹചര്യങ്ങളിൽ മെച്ചപ്പെട്ടു. എന്നാൽ മൺത്തിട്ടകൾ ഇടിഞ്ഞ് അലങ്കോലപ്പെട്ടുകിടക്കുന്ന കോളനികളിൽ തൊഴിലുറപ്പ് പദ്ധതിയേയും പഞ്ചായത്ത് പദ്ധതിയേയും കൺവർജ്ജ് ചെയ്ത് ഭിത്തി കെട്ടി സംരക്ഷിച്ച് സൗന്ദര്യവൽക്കരണ പദ്ധതികൾ നടത്താൻ കഴിയേണ്ടതുണ്ട്

വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾക്ക് രാവിലെ മുതൽ വൈകിട്ട്

വരെ ഒന്നിച്ചിരുന്ന് സന്തോഷം പങ്കുവെയ്ക്കാൻ കഴിയുന്ന പകൽ വീടുകൾ, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഒന്നിച്ചിരുന്ന് പഠിക്കാനും തൊഴിൽ പരിശീലിക്കാനും വ്യായാമത്തിൽ ഏർപ്പെടാനും കഴിയുന്ന ഭിന്നശേഷി പരിചരണ കേന്ദ്രങ്ങൾ, കിടപ്പുരോഗികളായവരെ ഒന്നിച്ച് പരിചരിക്കാൻ കഴിയുന്ന (പാരപ്ലീജിയ സെന്റർ) ജില്ലാതല കേന്ദ്രങ്ങൾ, ഇങ്ങനെയൊക്കെ ആവുമ്പോൾ എത്ര മനോഹരമായിരിക്കും നമ്മുടെ നാട്! 'ഉറങ്ങുമ്പോൾ കാണാനുള്ളതല്ല സ്വപനങ്ങൾ ഉണർന്നിരിക്കുമ്പോൾ കാണാനുള്ളതാണ്.'

പഞ്ചായത്തുകളിൽ വിഭവസ്രോതസ്സകൾ മുൻപുള്ളതിലും കൂടുതലായി ഇന്ന് വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാൻ ലഭ്യമാണ്. അത് സമർത്ഥമായി വിനിയോഗിക്കുക എന്നതാണ് നമ്മളിൽ നിക്ഷിപ്തമായിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, ശുചിത്വമിഷൻ എന്നിവയുടെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതോടൊപ്പം, നാട്ടിലുള്ള മറ്റ് ധനസ്രോതസുകളെയും പ്രയോജനപ്പെടുത്തി വേണം വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ.വികസനം സുസ്ഥിരവും പ്രകൃതി സൗഹൃദവും ആവുന്നതോടൊപ്പം പാർശ്വവത്കരിക്കപ്പെട്ടവരുടേയും ദുർബലരുടേതും കൂടി ആയിത്തീരുമ്പോഴാണ് ലക്ഷ്യം പൂർത്തീകരിക്കുന്നത്. നല്ല മണ്ണിൽ നല്ലവെള്ളം കുടിച്ച്, നല്ല വായു ശ്വസിച്ച്, നല്ല ഭക്ഷണം കഴിച്ച്, നല്ല വീട്ടിൽ അന്തിയുറങ്ങി, നല്ല സ്വപ്നങ്ങൾ കണ്ട് മാനവികതയും പരസ്പര സ്നേഹവും കാത്തു സൂക്ഷിച്ച് സാംസ്കാരിക ഔന്നത്യം ഉയർത്തിപ്പിടിച്ച് ജീവിക്കുന്ന മനുഷ്യരും പരസ്പര സഹവർത്തിത്വത്തോടെ ജീവിക്കുന്ന ജന്തു ജീവജാലങ്ങളും, ഉള്ള ഒരു നാടിനെ പണിതുയർത്താൻ പുതിയ പദ്ധതി പ്രവർത്തനങ്ങളിലൂടെ നമുക്ക് സാധ്യമാവണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഘടകസ്ഥാപനങ്ങളും കൂടുതൽ ജനോപകാര കേന്ദ്രങ്ങളായിതീരുന്ന 14-ാം പഞ്ചവത്സര പദ്ധതിയിലേക്ക് അടുത്ത വർഷം നമുക്ക് ചുവടുവെച്ച് നീങ്ങാം. 13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷത്തെ ഉറച്ചകാൽവയ്പ്പുകളിലൂടെ



All birds find sheltor during a rain. But the eagle avoids rain by flying above the clouds. Problems are common, but attitude makes the difference? - Dr. A.P.J.Abdul Kalam

ലേഖകൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പറാണ്

വാർത്തകൾ വിശേഷങ്ങൾ

വാതിൽപ്പടി സേവനം അധിക മാർഗ്ഗനിർദ്ദേശങ്ങൾ

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം, അറിവില്ലായ്മ തുടങ്ങി വിവിധ കാരണങ്ങളാൽ അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാമരുന്നുകളും എത്തിക്കാൻ ലക്ഷ്യമിടുന്ന വാതിൽപ്പടിസേവന പദ്ധതിയുടെ നിർവഹണതിനായി പുറപ്പെടുവിച്ച 31.05.2021ലെ 1066/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്ക് അനുബന്ധമായി അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ.ഉ.(സാധാ) നം. 1607/2021/ത.സ്വ.ഭ.വ. തീയതി. 24.08.2021

ലൈസൻസ് പിഴകൂടാതെ പുതുക്കാം

കൊവിഡ്-19 രണ്ടാംതരംഗം തുടരുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2021-22 വർഷത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിനുള്ള കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

സ.ഉ.(സാധാ) നം. 1683/2021/ത.സ്വ.ഭ.വ. തീയതി.06.09.2021

പിഴകൂടാതെ വസ്തു നികുതി അടയ്ക്കാം

കൊവിഡ്-19 രണ്ടാംതരംഗം തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി പിഴകൂടാതെ അടയ്ക്കുന്നതിനുള്ള അവസാന തീയതി 31.12.2021 വരെ നീട്ടി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം. 1690/2021/ത.സ്വ.ഭ.വ. തീയതി. 06.09.2021

കൊവിഡ് കെയർ സെന്റർ നികുതിയിളവ്

കൊവിഡ് കെയർ സെൻററിനായി ജില്ലാകളക്ടറുടെ ഉത്തരവ് പ്രകാരം സ്വകാര്യവ്യക്തികൾ സൗജന്യമായി വിട്ടുനൽകിയിട്ടുള്ള കെട്ടിടങ്ങളുടെ 2020-21 സാമ്പത്തികവർഷത്തെ വസ്തു നികുതി ഒഴിവാക്കി നൽകുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം. 1691/2021/ത.സ്വ.ഭ.വ. തീയതി. 06.09.2021

വസ്തുനികുതി പിഴപ്പലിശ ഒഴിവാക്കി

സർക്കാർ അനുവദിച്ച അധിക സമയപരിധിക്കുള്ളിൽ വസ്തുനികുതി അടയ്ക്കുന്നതിന് പിഴപ്പലിശ ഒടുക്കേണ്ടിവന്നവരുടെ അധികമായി അടച്ച തുക ഭാവിയിൽ അടയ്ക്കുന്ന വസ്തുനികുതിയിൽ നിന്നും കുറവ് വരുത്തി ക്രമീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം. 1692/2021/ത.സ്വ.ഭ.വ. തീയതി. 06.09.2021

കരാറുകാർക്ക് പിഴയിളവ്

കൊവിഡ്-19 ലോക്ക്ഡൗൺ കാരണം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി യഥാസമയം കരാർ ഉടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാർക്ക് പിഴ ഈടാക്കുന്നതിൽ ഇളവുനൽകി കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം. 1710/2021/ത.സ്വ.ഭ.വ. തീയതി. 08.09.2021

എം.ജി.എൻ.ആർ.ഇ.ജി.എസ്.- തൊഴിലാളികളുടെ ചികിത്സാ ചെലവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) പ്രവൃത്തികൾക്കിടയിൽ തൊഴിലാളികൾക്ക് മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിക്കുന്ന പക്ഷം ചികിത്സാചെലവ്, എക്സ്ഗ്രേഷ്യ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം പുറപ്പെടുവിച്ചു.

സർക്കുലർ നം. 98/ഡി.ഡി.2/2021/ത.സ്വ.ഭ.വ. തീയതി.26.08.2021

ശയ്യാവലംബരായ നിർദ്ധന രോഗികൾക്ക് കട്ടിൽ

ശയ്യാവലംബിയായവരും 60 വയസ്സിൽ താഴെയുള്ളവരുമായ നിർദ്ധന രോഗികൾക്ക് കൂടി വാർഷിക പദ്ധതിയിലുൾപ്പെടുത്തി കട്ടിൽ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം.1526/2021/ത.സ്വ.ഭ.വ. തീയതി: 11.08.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ശുചിത്വ - മാലിന്യസംസ്കരണം

തദ്ദേശസ്ഥാപനങ്ങൾ ഇനി ശ്രദ്ധിക്കേണ്ടത്

■ രേഷ്മ ചന്ദ്രൻ

ശുചിത്വ-മാലിന്യസംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന ചുമതലകളിൽപ്പെട്ട ഒരു ഉത്തരവാദിത്തമാണ്. പൊതുജനങ്ങളും ഇന്ന് വേണ്ട രീതിയിൽ ഈ ഉദ്യമത്തോട് സഹകരിക്കാൻ തുടങ്ങിയിട്ടുണ്ട്. കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകൂ എന്ന കാര്യവും ഇതിനോടകം തെളിയിക്കപ്പെട്ടതാണ്.

മാലിന്യസംസ്കരണ രംഗത്ത് വികേന്ദ്രീകൃത മാതൃക സൃഷ്ടിച്ച് മികച്ച നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് നമ്മുടേത്. വിവിധ ഘടകങ്ങളെ കോർത്തിണക്കിക്കൊണ്ടാണ് വികേന്ദ്രീകൃത മാലിന്യസംസ്കരണ മേഖല പ്രവർത്തിക്കുന്നത്. ഖരമാലിന്യ സംസ്കരണ നിയമം 2016-ൽ ഇവയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. 900-ത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകിയതിലൂടെ നമ്മുടെ സംസ്ഥാനത്ത് ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ വന്നു കഴിഞ്ഞു എന്നത് വ്യക്തമാണ്.

ഈ മേഖലയിലെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഖര മാലിന്യ സംസ്കരണ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഓരോ സംവിധാനങ്ങളും കൊണ്ടുവരുമ്പോൾ അവയൊക്കെ നല്ല രീതിയിലാണോ നാം വിനിയോഗിക്കുന്നത് എന്നത് കൂടെ പരിശോധിക്കേണ്ടിയിരിക്കുന്നു. ഇതിൽ ഓരോന്നായി നോക്കാം.

ഹരിതകർമ്മസേന

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക്കും മറ്റ് പാഴ്വസ്തുക്കളും യൂസർഫീ അടിസ്ഥാനത്തിൽ ശേഖരിക്കൽ, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക സഹായവും ഉപാധികളും ലഭ്യമാക്കൽ എന്നീ വാതിൽപ്പടി സേവനങ്ങൾക്കായി പ്രത്യേകം പരിശീലനം ലഭിച്ച സംഘമാണ് ഹരിതകർമ്മസേന. ഇതിനു പുറമെ തെറ്റായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നവരുടെ വിവരം ശേഖരിക്കാനും ബോധവത്കരണം നടത്താനും ഹരിതകർമ്മസേനയുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

നിലവിലെ സ്ഥിതി

ഒരു വാർഡിൽ രണ്ട് ഹരിതകർമ്മസേനാംഗങ്ങളെ വീതമാണ് നിയോഗിച്ചിട്ടുള്ളത്. ഹരിതകേരളം മിഷന്റെ കണക്ക് പ്രകാരം 938 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ഏകദേശം 28,632 ഹരിതകർമ്മ സേനാംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 3,468 രൂപയാണ്

ഒരു ഹരിതകർമ്മ സേനാംഗത്തിന്റെ പ്രതിമാസ ശരാശരി വരുമാനം. എന്നാൽ നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഹരിതകർമ്മ സേനകൾക്ക് പ്രതിമാസം 10,000-ന് മുകളിൽ വരുമാനം ലഭിക്കുന്നുണ്ട്. പക്ഷേ പല സ്ഥലങ്ങളിലും ഹരിതകർമ്മ സേനയ്ക്ക് നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കാത്തത് പൊതുജനങ്ങളിൽനിന്നും പൂർണ്ണമായ സഹകരണം ഇല്ലാത്ത കാരണത്താലാണ്. പലരും ഹരിതകർമ്മസേനാംഗങ്ങളോട് മോശമായ രീതിയിലാണ് ഇടപെടുന്നത്. പാഴ്‌വസ്തുക്കൾ നൽകുന്നതിന് പകരം പലരും അവ കത്തിച്ചുകളയുന്നു. യൂസർഫീ നൽകാനും മടിക്കുന്നു. ഇതിനെല്ലാം പുറമേ തരംതിരിക്കാതെ ജൈവമാലിന്യവും അജൈവമാലിന്യവും ഇടകലർത്തി നൽകുന്നവരുടെ എണ്ണവും ചെറുതല്ല. ഇത് ഹരിതകർമ്മസേനയുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നു.

മാറണം മനോഭാവം

നമ്മളിൽ എത്രപേർ ഹരിതകർമ്മ സേനയെ നല്ല രീതിയിൽ സ്വീകരിക്കുന്നുണ്ട്? വളരെ കുറച്ച് പേർ മാത്രം. എന്താണ് കാരണം? നമ്മുടെ മനോഭാവവും ശീലങ്ങളും തന്നെ. 'നമ്മുടെ വീട്ടിലെ പ്ലാസ്റ്റിക്കും കൊടുക്കണം പിന്നെ പൈസയും കൂടി കൊടുക്കണോ?' ഇതാണ് പലരുടെയും സംശയം. പലരും ഹരിതകർമ്മസേനാംഗങ്ങൾ വരുന്നത് കാണുമ്പോൾ തന്നെ വാതിലടച്ച് അകത്തിരിക്കുന്ന സാഹചര്യം പോലുമുണ്ട്. ഒരു മാസം മുപ്പതോ അൻപതോ രൂപ ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകാൻ പോലും മടി കാണിക്കുന്നവരും നമ്മുടെ ഇടയിലുണ്ട്. ഈ സേനാംഗങ്ങൾക്ക് മറ്റ് വരുമാന സ്രോതസ്സുകൾ ഉണ്ടെന്നാണ് നമ്മളിൽ പലരുടെയും ധാരണ. എന്നാൽ സത്യാവസ്ഥ അതല്ല.

നാളെ ഇവരാരും തന്നെ മാലിന്യശേഖരണത്തിന് ഇറങ്ങുന്നില്ല എന്ന് തീരുമാനിച്ചാൽ ആരാണ് ദുരിതത്തിലാവുക? അവർക്ക് ഒരു പക്ഷേ മറ്റ് വരുമാന സ്രോ

ഖരമാലിന്യ സംസ്കരണ ചട്ടം, 2016

- മാലിന്യം ഉറവിടത്തിൽ തന്നെ ജൈവം, അജൈവം, അപകടകരമായ മാലിന്യം എന്നിങ്ങനെ തരംതിരിക്കണം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാതിൽപ്പടി ശേഖരണത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണം
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നിശ്ചയിക്കുന്ന യൂസർ ഫീ നൽകാൻ മാലിന്യ ഉല്പാദകർ ബാധ്യസ്ഥരാണ്

തസുകൾ ഉണ്ടായേക്കാം. എന്നാൽ നമ്മുടെ മാലിന്യ സംസ്കരണ മേഖലയുടെ നട്ടെല്ല് അതോടെ തകരും. അങ്ങനെ ഒരു സാഹചര്യമുണ്ടായാൽ മാലിന്യം നാം എങ്ങനെ സംസ്കരിക്കും? ഒരു പരിധിവരെ നമുക്ക് സൂക്ഷിച്ച് വയ്ക്കാൻ കഴിയുമായിരിക്കും. ആ പരിധി കഴിഞ്ഞാൽ ആർക്ക് കൈമാറും? അതോ എന്റെ വീട്ടിൽ മാലിന്യം ഉണ്ടാവില്ല എന്ന് വാദിക്കാൻ സാധിക്കുമോ?

ഇതിനെല്ലാം പരിഹാരം ഉണ്ടാകണമെങ്കിൽ പൊതുജനങ്ങളുടെ മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കേണ്ടതുണ്ട്. ഉറവിടത്തിൽ തന്നെ തരം തിരിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തണം. ഇതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും മാലിന്യ ഉൽപാദകർ എന്ന നിലയിൽ എല്ലാവർക്കും മാലിന്യ സംസ്കരണത്തിലുള്ള പങ്കം ഉത്തരവാദിത്തവും ബോധ്യപ്പെടുത്തുകയും വേണം.

വാർഡ് തല മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ

ഓരോ വാർഡിലേയും വീടുകളിൽ നിന്ന് ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ താൽക്കാലികമായി സൂക്ഷിച്ചുവയ്ക്കാൻ ആവശ്യമായ സംവിധാനമാണ് മിനി എം.സി.എഫ്. ഇതിന്റെ സംരക്ഷണ ചുമതല ഹരിതകർമ്മസേനയ്ക്കും സമീപവാസികൾക്കുമാണ്.

നിലവിലെ സ്ഥിതി

മിനി എം.സി.എഫു.കൾ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി നിർമ്മിച്ചതാണെങ്കിലും പലയിടത്തും പൊതുജനങ്ങൾക്ക് മാലിന്യം നിക്ഷേപിച്ച പോകാനുള്ള സ്ഥലമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിനു പ്രധാന കാരണം അവർക്ക് ഈ സംവിധാനങ്ങളുടെ ഉദ്ദേശ്യശുദ്ധി അറിയില്ല എന്നതുതന്നെ. മിനി എംസിഎഫുകൾക്ക് മുന്നിൽ പൊതുജനങ്ങൾ മാലിന്യങ്ങൾ കവറിൽ കെട്ടി ഉപേക്ഷിച്ചു പോകുന്നത് ഹരിതകർമ്മസേനയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനോടൊപ്പം പരിസ്ഥിതി മലിനീകരണത്തിലേക്കും വഴി തെളിക്കുന്നു.

വേണ്ടത് പൊതുബോധവത്കരണം

മിനി എം.സി.എഫുകൾ പൊതുജനങ്ങൾക്ക് മാലിന്യം നിക്ഷേപിച്ച

പോകാനുള്ള ഇടമല്ലെന്ന കാര്യം ആദ്യം തന്നെ അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി മിനി എം.സി.എഫുകൾ നിർമ്മിക്കുമ്പോൾ ആ പ്രദേശത്തുള്ള ജനങ്ങളെ ഇവയുടെ ശരിയായ ഉപയോഗം എന്താണെന്ന് ബോധ്യപ്പെടുത്തണം. അതോടൊപ്പം പരിസരവാസികളെ മിനി എം.സി.എഫുകൾ നല്ല രീതിയിൽ പരിപാലിക്കുന്നതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തണം.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

ഓരോ വാർഡിൽ നിന്നും ഹരിതകർമ്മസേനാംഗങ്ങൾ മുഖേന വരുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നത് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലാണ്. ഇവിടെ നിന്നും പുനഃചംക്രമണ യോഗ്യമായവ വ്യാപാരികൾക്ക് കൈമാറുന്നു. പുനഃചംക്രമണം സാധ്യമല്ലാത്തവ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലേക്ക് മാറ്റുന്നു.

നിലവിലെ സ്ഥിതി

കേരളത്തിൽ നിലവിൽ ഏകദേശം 1089 എം.സി.എഫുകളുണ്ട്. പക്ഷെ പല എം.സി.എഫുകളിലും വേണ്ടത്ര സ്ഥല സൗകര്യമില്ല. ഒപ്പം തരംതിരിക്കലിനും ബെയിലിംഗിനും ആവശ്യമായ ഉപകരണങ്ങളും ലഭ്യമല്ല. ഇക്കാരണത്താൽ പല സ്ഥലങ്ങളിലും പാഴ്വസ്തുക്കൾ കുന്നുകൂടി കിടക്കുകയും അത് പിന്നീട് എംസിഎഫിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്നു. ഒട്ടുമിക്ക സ്ഥലങ്ങളിലും എം.സി.എഫുകൾ നിർമ്മിക്കുന്നതിനെതിരെ പൊതുവിൽ പ്രതിഷേധങ്ങളും ഉണ്ടാകാറുണ്ട്. ഈ സംവിധാനങ്ങളെക്കുറിച്ചുള്ള അജ്ഞതയും ചിലയിടങ്ങളിലെങ്കിലും ഇവ പരിപാലിക്കുന്നതിൽ സംഭവിച്ചിട്ടുള്ള വീഴ്ചയുമാണ് ഈ പ്രതിഷേധങ്ങൾക്ക് നിദാനം.

വേണം മികവുറ്റ ആസൂത്രണം

എം.സി.എഫുകൾ നിർമ്മിക്കുമ്പോൾ വേണ്ടത്ര സ്ഥല സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുകയും ഒപ്പം പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കുകയും വേണം. ഗതാഗത സൗകര്യം ലഭ്യമായ സ്ഥലങ്ങളിൽ വേണം എം.സി.എഫ്. നിർമ്മിക്കാൻ. ഇതിനെല്ലാം പുറമെ അവിടെനിന്ന് നിശ്ചിത ഇടവേളയിൽ വസ്തുക്കൾ കൊണ്ടുപോകാൻ പ്രാപ്തരായ ഏജൻസികളെയും കണ്ടെത്തണം. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ ക്ലീൻകേരള കമ്പനി പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ മറ്റ് പല ഏജൻസികളും ഇന്ന് ഈ മേഖലയിൽ സജീവമാണ്.

റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ

ഖരമാലിന്യ സംസ്കരണ ചട്ടം, 2016

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുക്കൾ തരംതിരിക്കാൻ ആവശ്യമായ സ്ഥലവും സൗകര്യങ്ങളോടും കൂടിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ നിർമ്മിച്ച് നൽകണം

(RRF) എത്തുന്ന വസ്തുക്കളിൽ പുനഃചംക്രമണ യോഗ്യമായവ പുനഃചംക്രമണ വ്യാപാരികൾക്ക് കൈമാറുന്നു. പുനഃചംക്രമണം സാധ്യമല്ലാത്ത പ്ലാസ്റ്റിക് കവറുകൾ പൊടിച്ച് IRC SP 098 പ്രകാരം റോഡ് ടാറിങ്ങിനായി ഉപയോഗിക്കുന്നു. പുനഃചംക്രമണമോ പുനരുപയോഗമോ സാധ്യമല്ലാത്ത വസ്തുക്കൾ ശാസ്ത്രീയ ലാൻഡ് ഫിൽകളിലേക്കും സിമന്റ് ഫാക്ടറികളിലേക്കും അയയ്ക്കുന്നു.

നിലവിലെ സ്ഥിതി

കേരളത്തിൽ നിലവിൽ ഏകദേശം 113 ആർ.ആർ.എഫുകളുണ്ട്. ആർ.ആർ.എഫുകളിൽ നിന്നും വരുന്ന പൊടിച്ച പ്ലാസ്റ്റിക് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡ് ടാറിങ്ങിനായി ഉപയോഗിക്കുന്നില്ല. അതിനു പിന്നിലുള്ള ശാസ്ത്രവും ഉപയോഗരീതിയും മനസിലാക്കാത്തതിനാലാണിത്. ഇതിനുപുറമെ നിരന്തരമായി ഷ്രെഡ്ഡിംഗ് മെഷീനുകൾക്ക് കേടുപാടുകൾ വരുന്നതും കൃത്യസമയത്ത് ഇവ ശരിയാക്കാൻ ആളെ കിട്ടാത്തതും സ്ഥിതി വഷളാക്കുന്നു.

ബോധവത്കരണവും പരിശീലനവും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്ക് പോളിമറൈസ്ഡ് റോഡ് ടാറിങ്ങ് സംബന്ധിച്ച ട്രെയിനിംഗ് നൽകണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊടിച്ച പ്ലാസ്റ്റിക്കിന്റെ ലഭ്യത ഉറപ്പാക്കുന്നതിലൂടെ റോഡ് ടാറിങ്ങിന് ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് കുറയ്ക്കാനും ഒപ്പം ഏറെനാൾ നിലനിൽക്കുന്ന റോഡുകൾ നിർമ്മിക്കാനും സാധിക്കും. അതോടൊപ്പം മെഷീനുകൾ നല്ല ഗുണനിലവാരം പുലർത്തുന്നവയാണെന്നും ഉറപ്പാക്കണം. നല്ല രീതിയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ഈ ഘടകങ്ങൾ എല്ലാം ആവശ്യമാണ്. ഇതിന്റെയെല്ലാം നിർമ്മാണച്ചുമതലയും പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്.

കുറയ്ക്കുമ്പോഴും കൂടുന്ന മാലിന്യം

ഗ്രീൻ പ്രോട്ടോകോൾ

മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നതാണ് ഗ്രീൻ പ്രോട്ടോകോൾ കൊണ്ട് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് വസ്തുക്കൾക്ക് പകരം കഴിവതും പുനരുപയോഗ സാധ്യമായ വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനാകും. വിവാഹവും മറ്റ് പൊതു പരിപാടികളുമെല്ലാം ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നടത്താൻ ശ്രദ്ധിക്കാം. കേരളത്തിലുടനീളം ഏകദേശം 11500 ലധികം സർക്കാർ ഓഫീസുകൾ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കപ്പെട്ടു. ആഘോഷങ്ങളിലും ഉത്സവങ്ങളിലും പൊതുപരിപാടികളിലും ഹരിതചട്ടം പാലിച്ചു വരികയും ചെയ്യുന്നു.

നിലവിലെ സ്ഥിതി

ഒറ്റ തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് നിരോധനം വന്നെങ്കിലും കൊവിഡ് മഹാമാരിയുടെ വരവോടുകൂടി വീണ്ടും പ്ലാസ്റ്റിക്കിന്റെ അളവ് ദിനംപ്രതി വർദ്ധിച്ചുവരികയാണ്. അധികം പേരും വീട്ടിൽ തന്നെ ഇരുന്നു ജോലി ചെയ്യുന്നതിനാൽ വീട്ടിലേക്ക് വാങ്ങുന്ന പാഴ്സലുകളുടെയും മറ്റും അളവ് വർദ്ധിച്ചു. ഇതിനുപുറമെ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും ഡിസ്പോസിബിൾ പ്ലേറ്റുകൾ തിരികെ വന്നു. കടകളിലും ഇപ്പോൾ ഡിസ്പോസിബിൾ പ്ലേറ്റുകളിലാണ് ഭക്ഷണം നൽകുന്നത്.

മാറാം, നല്ലൊരു മാറ്റത്തിനായി

പുനരുപയോഗം സാധ്യമായ വസ്തുക്കളിലേക്ക് മാറുന്നതിലൂടെ നല്ലൊരു ശതമാനം മാലിന്യത്തിന്റെ അളവ് കുറയ്ക്കാനാകും. ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും ഇത്തരത്തിൽ പുനരുപയോഗം സാധ്യമാകുന്ന പാത്രങ്ങളും മറ്റും നൽകുന്ന ഹരിതകർമ്മ സേന സംരംഭങ്ങളും ഇന്നുണ്ട്.

ഏതൊരു സംവിധാനം കൊണ്ടുവരുമ്പോഴും അതിന്റെ സുസ്ഥിരത നാം ഉറപ്പാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വികേന്ദ്രീകൃത മാലിന്യസംസ്കരണ ശൃംഖലയിലെ ഏതെങ്കിലുമൊരു ഘടകം നല്ലരീതിയിൽ പ്രവർത്തിച്ചില്ല എന്നുണ്ടെങ്കിൽ അത് സംവിധാനത്തെ പൂർണ്ണമായും ബാധിക്കും. അതിനാൽ തന്നെ ഓരോ ഘടകങ്ങളെയും നിരന്തരമായി പരിശോധിക്കുകയും അവയുടെ സുസ്ഥിരത ഉറപ്പാക്കുകയും വേണം. ☐

ലേഖിക Environment & Sustainability Venture Village, India-യിൽ പ്രോഗ്രാം മാനേജരാണ്

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

ഭാഷാവ്യവസ്ഥകൾ ഭരണഘടനയിൽ

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഭാരതത്തിന്റെ ഭരണഘടനയിൽ ഒരദ്ധ്യായം തന്നെ ഔദ്യോഗികഭാഷയ്ക്കു നീക്കിവച്ചിരിക്കുന്നു. 343 മുതൽ 351 വരെയുള്ള അനുച്ഛേദങ്ങളാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം. ഭരണഘടനയിലെ ഭാഷാവ്യവസ്ഥകൾ ഇങ്ങനെ സംഗ്രഹിക്കാം.

യൂണിയന്റെ ഔദ്യോഗികഭാഷ ദേവനാഗരി ലിപിയിലുള്ള ഹിന്ദി ആയിരിക്കും. ഭരണഘടനയുടെ പ്രാരംഭം മുതൽ പതിനഞ്ചുവർഷത്തേക്ക് യൂണിയന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷ് തുടർന്ന് ഉപയോഗിക്കും. ഈ കാലയളവിൽ ഇംഗ്ലീഷിനുപുറമേ ഹിന്ദിയും ഉപയോഗിക്കണമെന്ന് രാഷ്ട്രപതിക്കു നിർദ്ദേശിക്കാം. പതിനഞ്ചു വർഷത്തിനു ശേഷവും പ്രത്യേക ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് തുടർന്നും ഉപയോഗിക്കാൻ പാർലമെന്റിനു വ്യവസ്ഥ ചെയ്യാവുന്നതാണ് (അനു: 343).

ഭരണഘടനയുടെ പ്രാരംഭം മുതൽ അഞ്ചുവർഷം കഴിയുമ്പോഴും പത്തുവർഷം കഴിയുമ്പോഴും ഹിന്ദിയുടെ വ്യാപനത്തെയും ഇംഗ്ലീഷിന്റെ ഉപയോഗത്തെയും കുറിച്ച് പഠിച്ച് വേണ്ട ശിപാർശകൾ സമർപ്പിക്കുന്നതിന് രാഷ്ട്രപതി കമ്മീഷനുകളെ നിയമിക്കണം. കമ്മീഷൻ ഇന്ത്യയുടെ വ്യാവസായികവും സാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിയും അഹിന്ദിപ്രദേശങ്ങളിലെ ജനങ്ങളുടെ താത്പര്യങ്ങളും യഥാർഹം പരിഗണിക്കണം. കമ്മീഷന്റെ ശിപാർശകൾ മുപ്പതുപേരടങ്ങുന്ന ഒരു പാർലമെന്റ് കമ്മിറ്റി പരിശോധിച്ച് രാഷ്ട്രപതിക്കു റിപ്പോർട്ടു നൽകണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രപതി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും (അനു: 344).

ഒരു സംസ്ഥാനത്ത് ഉപയോഗിക്കുന്ന ഭാഷകളിൽ ഒന്നോ അതിലധികമോ ആ സംസ്ഥാനത്തെ ഔദ്യോഗികഭാഷയായി നിശ്ചയിച്ചു തീരുമാനമെടുക്കുന്നതിന് ആ സംസ്ഥാനത്തെ നിയമസഭയ്ക്ക് അധികാരമുണ്ട് (അനു: 345). സംസ്ഥാനവും കേന്ദ്രവും തമ്മിലോ സംസ്ഥാനങ്ങൾ തമ്മിലോ ഉള്ള ഔദ്യോഗിക ആവശ്യങ്ങൾക്ക് കേന്ദ്രം അംഗീകരിച്ചിട്ടുള്ള ഔദ്യോഗിക ഭാഷ ഉപയോഗിക്കണം. എന്നാൽ ഉഭയകക്ഷിസമ്മതപ്രകാരം സംസ്ഥാനങ്ങൾക്ക് ആശയവിനിമയത്തിന് ഹിന്ദി ഉപയോഗിക്കാവുന്നതാണ് (അനു: 346). സംസ്ഥാനങ്ങളിലെ ഭാഷാന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ് 347-ാം അനുച്ഛേദം. അതനുസരിച്ച് ഒരു പ്രത്യേകഭാഷയെ, അഭ്യർത്ഥനമാനിച്ച് ഒരു സംസ്ഥാനത്തിനു പൂർണ്ണമായോ ഭാഗികമായോ ഔദ്യോഗികഭാഷയായി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്.

കോടതിഭാഷയെ സംബന്ധിച്ചാണ് 348-ാം അനുച്ഛേദത്തിൽ പറയുന്നത്. പാർലമെന്റ് നിയമം മുഖേന വ്യവസ്ഥ ചെയ്യുന്നതുവരെ സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും എല്ലാ നടപടികൾക്കും ഇംഗ്ലീഷ് തുടരുന്നതാണ്. അതുപോലെതന്നെ ഭരണഘടന അനുസരിച്ചോ പാർലമെന്റോ സംസ്ഥാനനിയമസഭകളോ നിർമ്മിച്ച നിയമമനുസരിച്ചോ പുറപ്പെടുവിക്കുന്ന ബില്ലുകൾ, ആക്ടുകൾ, ഓർഡിനൻസുകൾ, ഉത്തരവുകൾ, റഗുലേഷനുകൾ തുടങ്ങിയവയ്ക്ക് ഇംഗ്ലീഷ് തുടർന്ന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ പാർലമെന്റിനു യുക്തമെന്നു തോന്നിയാൽ കോടതികളിൽ പതിനഞ്ചുവർഷം കഴിയുമ്പോൾ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം നിർത്തലാക്കാവുന്നതാണ്. രാഷ്ട്രപതിയുടെ അനുവാദത്തോടെ ഹൈക്കോടതിയിലെ നടപടികൾക്ക് പ്രാദേശികഭാഷയോ ഹിന്ദിയോ ഉപയോഗിക്കാവുന്നതാണ്.

ഭാഷയെ സംബന്ധിക്കുന്ന ചില നിയമങ്ങൾ അധിനിയമം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അനുച്ഛേദം 349 മുതൽ പ്രതിപാദിക്കുന്നു. സങ്കടപരിഹാരത്തിന് ഏതൊരാൾക്കും യൂണിയനിലോ അയാളുടെ സംസ്ഥാനത്തോ ഉള്ള ഔദ്യോഗികഭാഷ ഉപയോഗിക്കുന്നതിന് 350-ാം അനുച്ഛേദം അവകാശം നൽകുന്നു. ഭാഷാന്യൂനപക്ഷങ്ങൾക്ക് അവരുടെ മാതൃഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യം സംസ്ഥാനങ്ങൾ ഒരുക്കണമെന്ന് ഇവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭാഷാന്യൂനപക്ഷങ്ങൾക്കുവേണ്ടി രാഷ്ട്രപതി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കും. ഭരണഘടന വ്യവസ്ഥ ചെയ്യുന്ന പരിരക്ഷകൾ ഭാഷാന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, രാഷ്ട്രപതിക്ക് റിപ്പോർട്ടു നൽകേണ്ടത് ഈ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

ഹിന്ദിഭാഷയുടെ വികസനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് 350-ാം അനുച്ഛേദത്തിൽ ചേർത്തിരിക്കുന്നത്. ഹിന്ദിഭാഷയെ സർവ്വവിധത്തിലും പുഷ്ടിപ്പെടുത്തുക എന്നത് യൂണിയന്റെ കർത്തവ്യമായിരിക്കും എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഔദ്യോഗികഭാഷയെ സംബന്ധിച്ച് ഇത്രയും വിശദമായി പ്രതിപാദിക്കുന്ന മറ്റൊരു ഭരണഘടന ലോകത്തിലില്ല. ബഹുഭാഷാപ്രശ്നം ഇത്രത്തോളം രൂക്ഷമായി മറ്റൊരിടത്തുമില്ല എന്നതുതന്നെ അതിനു കാരണം. ഭരണഘടനാ നിർമ്മാണസഭ ഈ വ്യവസ്ഥകൾവഴി നമ്മുടെ ഭാഷാപ്രശ്നത്തിന് ഒരു പരിഹാരം അന്നേ കണ്ടെത്തിയിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ഭരണഘടനയുടെ എട്ടാം പട്ടികയിൽ 22 ഭാഷകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ആസാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കന്നഡ, കാശ്മീരി, കൊങ്കണി, മലയാളം, മണിപ്പൂരി, മറാത്തി, നേപ്പാളി, ഒറിയ, പഞ്ചാബി, സംസ്കൃതം, സിന്ധി, തമിഴ്, തെലുഗ്, ഉറുദു, ബോഡോ, സന്താലി, മൈഥിലി, ഡോഗ്രി എന്നിവയാണ് അവ. തുടക്കത്തിൽ പതിനാലു ഭാഷകളാണ് ഭരണഘടനയിലെ എട്ടാം പട്ടികയിലുൾപ്പെടുത്തിയിരുന്നത്. ഇപ്പോൾ 38 ഭാഷകൾകൂടി ഉൾപ്പെടുത്തുന്നതിനുള്ള ആവശ്യം ഉയർന്നിട്ടുണ്ട്.

(തുടരും)

നെടുമങ്ങാട്

ഡോ. വിളക്കുടി രാജേന്ദ്രൻ

തിരുവനന്തപുരം ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുനിസിപ്പൽ നഗരവും. ജില്ലയിലെ ഏറ്റവും വലിയ താലൂക്കാണിത്. കാടും മലയും കൊടുമുടികളും ചേർന്ന പശ്ചിമഘട്ടങ്ങളും താഴ്‌വാരങ്ങളും ഉൾപ്പെട്ട ഈ മലയോര താലൂക്ക് കാർഷിക-നാണ്യവിളകളാൽ സമൃദ്ധമാണ്. പശ്ചിമഘട്ടത്തിലെ മലനിരകളിൽ നിന്നുദ്ഭവിക്കുന്ന കരമനയാറ്, വാമനപുരം ആറ്, നെയ്യാറ് (ഭാഗികം) എന്നിവ നെടുമങ്ങാട് താലൂക്കിലൂടെ ഒഴുകുന്നു. തിരുവനന്തപുരത്തുനിന്ന് 16 കി.മീ. വടക്കുകിഴക്കാണ് സ്ഥാനം.

വേണാട് ഭരിച്ചിരുന്ന തൃപ്പാപ്പൂർ സ്വരൂപത്തിന്റെ ശാഖയായ പേരകത്താവഴിയുടെ ആസ്ഥാനമായിരുന്നു നെടുമങ്ങാട്. പേരകത്താവഴിയുമായി ബന്ധമുള്ള ഇളയിടത്തു സ്വരൂപവും 16-ാം നൂറ്റാണ്ടിൽ നെടുമങ്ങാട് ഭരിച്ചിരുന്നു. നെടുമങ്ങാട് നഗരത്തിലുള്ള കോയിക്കൽ കൊട്ടാരം രാജവാഴ്ചയുടെ സ്മരണ പുതുക്കുന്നു. വേണാട് രാജവംശത്തിലെ ഉമയമ്മറാണി കുറച്ചുകാലം ഇവിടെ താമസിച്ചിരുന്നു. മുകിലപ്പട വേണാട് ആക്രമിച്ച കാലമായിരുന്നു അത്, കരുപ്പൂർ ആയിരുന്നു ആദ്യകൊട്ടാരം. റാണിയുടെ അംഗരക്ഷകനായിരുന്ന മല്ലൻ തമ്പുരാനാണ് കോയിക്കൽ കൊട്ടാരം നിർമ്മിച്ചത്. കരുപ്പൂർ - കോയിക്കൽ കൊട്ടാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തുരങ്കവും നിർമ്മിച്ചിരുന്നു. പ്രാചീന നാണയങ്ങളും സംഗീതോപകരണങ്ങളും മറ്റും അടങ്ങിയ ചരിത്രമ്യൂസിയമായി കോയിക്കൽ കൊട്ടാരം സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

പൊൻമുടി സുഖവാസകേന്ദ്രം, പാലോട് ബൊട്ടാണിക്കൽ ഗാർഡൻസ്, അരുവിക്കര ഡാം എന്നിവ ഈ താലൂക്കിലാണ്. നെടുമങ്ങാടിന് 5 കി.മീ. കിഴക്കുള്ള വലിയമലയിൽ ഐ.എസ്.ആർ.ഒ.യുടെ യൂണിറ്റ് (എൽ.പി.എസ്.സി.) പ്രവർത്തിക്കുന്നു.

മേലാങ്കോട്ട് മുടിപ്പുര ഭഗവതിക്ഷേത്രം പ്രസിദ്ധം. ആണ്ടിലൊരിക്കൽ ഈ ക്ഷേത്രത്തിൽനിന്നാരംഭിക്കുന്ന 'മേലാങ്കോട്ടെ ഓട്ടം' നെടുമങ്ങാട്ടുകാരുടെ ദേശീയോത്സവമാണ്. കല്ലറ - പാങ്ങോട് ലഹളയ്ക്ക് ചരിത്രപ്രാധാന്യം.

സ്ഥലനാമനിഷ്പത്തി: നെടുവൻകാട്, നെടുവങ്ങാട് എന്നിങ്ങനെയാണ് പ്രാചീനരേഖകളിലെ പരാമർശം. നെടു+വൻ+കാട്= നെടിയവൻകാട്, വിസ്തൃതമായ വനപ്രദേശം എന്നർത്ഥം. ഇത് നെടുവങ്ങാടായി ലോപിച്ചു. 'വ' ഉച്ചാരണത്തിൽ 'മ' ആയി മാറാറുണ്ട്. വാനം, മാനം ആകുന്നത് ഉദാഹരണം. അങ്ങനെ നെടുവങ്ങാട് നെടുമങ്ങാടായി മാറി.

പിടിയരിച്ചിട്ടിയും കെട്ടുതെങ്ങും അടുക്കളമുറ്റത്തെ ബാങ്കിംഗ്

■ **മുരളീധരൻ തഴക്കര**

നാളെയെക്കുറിച്ചുള്ള കരുതലിന്റെയും ഭാവിപ്രതീക്ഷയുടെയും പണത്തിന് പകരമായുള്ള കൊടുക്കൽ വാങ്ങലിന്റെയും സൂചകങ്ങളാണ് പിടിയരിച്ചിട്ടി, കെട്ടുതെങ്ങ് തുടങ്ങിയ വാക്കുകൾ. അരിപ്പെട്ടിയിൽ നിന്നോ, അരിക്കലത്തിൽ നിന്നോ പൂണിയിൽ നിന്നോ ഓരോദിവസവും വീട്ടാവശ്യത്തിനായി അരി അളന്നെടുത്ത് കഴിഞ്ഞാൽ ഇതിൽനിന്നും ഒരുപിടി അരി ഒരു പ്രത്യേക പാത്രത്തിലേക്ക് മാറ്റിയിടും. ഒരു നാലഞ്ച് പതിറ്റാണ്ട് മുമ്പുവരെ കേരളത്തിൽ നിലനിന്നു പോന്ന അടുക്കളമുറ്റത്തെ ബാങ്കിംഗ് അഥവാ ധാന്യച്ചിട്ടിയായിരുന്നു ഈ പിടിയരി സമ്പ്രദായം. ഒറ്റദിവസം പോലും മുടക്കംകൂടാതെ അത് ആവർത്തിച്ച് കൊണ്ടേയിരിക്കും. ഇങ്ങനെ വീട്ടമ്മമാർ സൂക്ഷിക്കുന്ന പിടിയരി സംഭരിക്കുവാൻ നാട്ടിൻപുറങ്ങളിൽ ചിലരുണ്ടായിരുന്നു. ഇവരിലേറെ പേരും സ്ത്രീകളായിരുന്നു. അരിച്ചിട്ടിക്കാരി ജാനമ്മ, ചിന്നമ്മ, ഭവാനിയമ്മ എന്നിങ്ങനെ ഏതാനും പേർ ഈ ലേഖകന്റെ നാട്ടിലുണ്ടായിരുന്നു. രണ്ടാഴ്ച കൂടുമ്പോൾ ഇവർ പിടിയരി അളന്നെടുക്കുവാനായി വീടുകളിലേക്ക് വരും. ഇപ്രകാരം സംഭരിച്ച് കൊണ്ടു പോകുന്ന പിടിയരിയോ അല്ലെങ്കിൽ അതിന്റെ പണമോ ഓണം, വിഷു, പ്രാദേശിക ക്ഷേത്രത്തിലെ ഉത്സവം എന്നിവ കണക്കാക്കി വർഷത്തിൽ ഒരിക്കൽ മടക്കി നൽകും. ഇതിൽ നിന്നും ചെറിയൊരു ഭാഗം നോട്ടക്കൂലിയായി ഈടാക്കുകയും ചെയ്യും. 'പലതുള്ളി പെരുവെള്ളം' എന്നപോലെ ഓരോ വീട്ടുകാർക്കും ഒരു സാമ്പത്തിക സ്രോതസ്സും, പിടിയരിചിട്ടിക്കാരികൾക്ക് ചെറിയൊരു ധനാഗമമാർഗ്ഗമാകുകയും ചെയ്യുന്നു.

ഒരു കാലത്ത് കേരളത്തിൽ ചിലസാമുദായിക സംഘടനകളും ഇപ്രകാരം വീട്ടുമുറ്റത്തെ ഈ ധാന്യാധിഷ്ഠിത ബാങ്കിംഗ് രീതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. സമുദായത്തിന്റെ സാമ്പത്തിക അടിത്തറ ശാക്തീകരിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സമുദായാംഗങ്ങളുടെ വീടുകളിൽ മാസത്തിലൊരിക്കൽ ബന്ധപ്പെട്ടവർ പിടിയരിബുക്കുമായി എത്തി പിടിയരി അളന്നെടുത്ത് വരവുവയ്ക്കുന്നു. ഇപ്രകാരം പിടിയരി ശേഖരണത്തിലൂടെ പ്രസ്ഥാനത്തെ സംബന്ധിച്ച് അതൊരു സാമ്പത്തിക ഭദ്രതയ്ക്കുള്ള വഴിയായി മാറുന്നു. മധ്യതിരുവിതാംകൂറിൽ വിശേഷിച്ച് ഓണാട്ടുകര പ്രദേശത്ത് വളരെ അടുത്തകാലം വരെയും പിടിയരി സമ്പ്രദായം നിലനിന്നിരുന്നു.

പിടിയരി പോലെ ഏറെ ശ്രദ്ധേയമായ മറ്റൊരു നിക്ഷേപമായിരുന്നു "കെട്ടുതെങ്ങ്". പോയകാല കേരളത്തെ സംബന്ധിച്ച് ഉമ്മറത്തെ ബാങ്കായിരുന്നു നിറകുലകളോടെ കായ്ച്ച് നിൽക്കുന്ന തെങ്ങ്. വളപ്പിലെ തെങ്ങും തേങ്ങയും കണ്ടാണ് സാമ്പത്തിക ചെലവ് വരുന്ന ഓരോകാര്യങ്ങളും ചെയ്തുപോന്നത്. ഏതൊരു നാട്ടിൻപുറത്തും നാളികേരം മൊത്തമായിവാങ്ങി കൊപ്രയും വെളിച്ചെണ്ണയുമാക്കി കച്ചവടം നടത്തിയിരുന്ന നാടൻ കച്ചവടക്കാരുണ്ടായിരുന്നു. നാളികേരം ഇവർക്കാണ് സ്ഥിരമായി നൽകുന്നതും, ഏതൊരു വീട്ടാവശ്യത്തിനും അല്പം പണം അത്യന്താപേക്ഷികമാകുമ്പോൾ തേങ്ങാക്കച്ചവടക്കാരനായ മുതലാളിയോട് അഡ്വാൻസായി വാങ്ങി കാര്യം നിവർത്തിക്കുന്നതും. യഥാർത്ഥത്തിൽ നാട്ടിൻപുറത്തെ ധനകാര്യസ്ഥാപനങ്ങളായിരുന്നു തേങ്ങാക്കച്ചവടക്കാരുടെ വീട്.

കേരളത്തിലെ പലപ്രദേശങ്ങളിലും കെട്ടുതെങ്ങ് സഹകരണസംഘങ്ങളും പ്രവർത്തിച്ചിരുന്നു. ആലപ്പുഴജില്ലയുടെ തീരമേഖലയായ വേലഞ്ചിറ തുടങ്ങിയ പ്രദേശങ്ങളിൽ കെട്ടുതെങ്ങ് സംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. പണത്തിന് പെട്ടെന്ന് ആവശ്യം വരുമ്പോൾ നന്നായി കായ്ഫലമുള്ള പത്തുമൂട് തെങ്ങ് സഹകരണ സംഘത്തിന് ഒന്നോരണ്ടോ വർഷത്തേക്ക് നൽകി പണം മുൻകൂറായി വാങ്ങുന്ന സമ്പ്ര

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) September 2021
Annual Subscription ₹120, Published on 20 September 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H. Dineshan IAS